# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 04 നവംബർ–2013 ലക്കം 11**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


സർക്കുലർ ........................................................ 03

സർക്കുലർ (മാധ്യമദിനസന്ദേശം) ............................ 10

സർക്കുലർ (വിശ്വാസവർഷസമാപനം) ....................... 17

കാരുണ്യത്തിലുള്ള നിലനിൽപ് (പരി.പിതാവിന്റെ സന്ദേശം) 22

രൂപതാകച്ചേരി വാർത്തകൾ .................................. 27

പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് .............................. 30

വിശ്വാസവർഷം ...................................................... 34

മതബോധനരംഗം .................................................... 36

ബൈബിൾ അപ്പോസ്റ്റലേറ്റ് ........................................ 38

ചെറുപുഷ്പമിഷൻലീഗ് ............................................ 41

കെ.സി.വൈ.എം. .................................................... 54

ജീസസ് യൂത്ത് ....................................................... 59

കുടുംബപ്രേഷിതത്വം .............................................. 61

വിമൻസ് കമ്മീഷൻ ................................................. 67

സീയോൻ വാർത്തകൾ ............................................. 69

വിൻസെന്റ് ഡി പോൾ സൊസൈറ്റി............................. 72

സാമൂഹ്യ സേവനരംഗം (WSSS).................................. 78

കേരളാ ലേബർ മൂവ്മെന്റ് ....................................... 83

*Mary Matha arts & science college* ............................ 84

റേഡിയോ മാറ്റൊലി .................................................. 87

*CHRISTIAN CIVIC SERVICE SOCIETY (CCSS)* .......................... 88

മീഡിയാകമ്മീഷൻ .................................................. 89

അറിയിപ്പുകൾ ........................................................ 90

പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ...................................... 93

ബിഷപ്സ് പ്രോഗ്രാം .................................................. 94

# സര്‍ക്കുലര്‍

***Circular Letter No. 13/2013***
***Prot. No. 14242/2013***

കര്‍ത്താവിനാല്‍ സ്നേഹിക്കപ്പെട്ടവരേ,

2012 ഒക്ടോബര്‍ 11–ന് തുടങ്ങിയ വിശ്വാസവര്‍ഷം 2013 നവംബര്‍ 24–ന് അവസാനിക്കുകയാണല്ലോ. *നിന്റെ സഹോദരന്മാരെ വിശ്വാസത്തില്‍ സ്ഥിരീകരിക്കുക* (ലൂക്ക 22:32) എന്ന് പറഞ്ഞുകൊണ്ട് നമ്മുടെ കര്‍ത്താവ് ശിഷ്യപ്രമുഖനായ പത്രോസിന് കൊടുത്ത ദൗത്യനിര്‍വ്വഹണത്തിന്റെ ഭാഗമായിട്ടാണ് പരിശുദ്ധ പിതാവ് ബനഡിക്ട് മാര്‍പ്പാപ്പ വിശ്വാസവര്‍ഷം പ്രഖ്യാപിച്ചത് എന്ന് ഇപ്പോഴത്തെ പരിശുദ്ധപിതാവ് ഫ്രാന്‍സീസ് മാര്‍പ്പാപ്പ *വിശ്വാസവെളിച്ചം* എന്ന തന്റെ പ്രഥമ ചാക്രികലേഖനത്തില്‍ പറയുന്നുണ്ട് (നമ്പര്‍ 5). ക്രിസ്തുവിലുള്ള ഈ വിശ്വാസം ഒരു വെളിച്ചമാണെന്നും മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളേയും പ്രകാശിപ്പിക്കാന്‍ കഴിവുള്ള ഏകവെളിച്ചം വിശ്വാസവെളിച്ചമാണെന്നും അദ്ദേഹം തുടര്‍ന്ന് പറയുന്നു. അതുകൊണ്ട് തന്നെ എല്ലാ ക്രിസ്തുശിഷ്യരും ഈ വിശ്വാസത്തിന്റെ ഉള്ളടക്കം വ്യക്തമായി മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. അതിനായിട്ടായിരുന്നു വിശ്വാസവര്‍ഷം പ്രഖ്യാപിക്കപ്പെട്ടത്.

വിശ്വാസവര്‍ഷാചരണത്തിന്റ പ്രാധാന്യം വ്യക്തമാക്കുന്നതിന് വിശ്വാസത്തിന്റെ വാതില്‍ (Porta Fidei) എന്ന പേരില്‍ ഒരു അപ്പസ്തോലിക ലേഖനവും ബനഡിക്ട് മാര്‍പ്പാപ്പ പ്രസിദ്ധീകരിച്ചിരുന്നു. ഈ ലേഖനത്തില്‍ ആവശ്യപ്പെട്ടിരുന്നതനുസരിച്ച് രൂപതാ തലത്തിലും ഇടവകതലത്തിലും മറ്റും ചെയ്യേണ്ട പ്രായോഗിക കാര്യങ്ങള്‍ റോമിലെ വിശ്വാസകാര്യങ്ങള്‍ക്ക് വേണ്ടിയുള്ള കാര്യാലയം തയ്യാറാക്കി തന്നിരുന്നതും ഇക്കാര്യത്തില്‍ കേരള കത്തോലിയ്ക്കാ മെത്രാന്‍ സമിതിയുടെ നിര്‍ദ്ദേശങ്ങളും ഒരുമിച്ച് 2012 ഓഗസ്റ്റ് മാസത്തെ രൂപതാ ബുള്ളറ്റിനില്‍ പ്രസിദ്ധീകരിച്ചിരുന്നു. അവയനുസരിച്ച് നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും കുടുംബങ്ങളിലും സമര്‍പ്പിതരുടെ ഭവനങ്ങളിലും സ്ഥാപനങ്ങളിലും ചെയ്തു കാണും എന്ന് ഞാന്‍ വിശ്വസിക്കുകയാണ്.

സഭയുടെ നവീകരണത്തിൽ നിർണ്ണായകപങ്ക് വഹിച്ച രണ്ടാം വത്തിക്കാൻ സൂനഹദോസ് വിളിച്ചു കൂട്ടിയതിന്റെ അൻപതാം വർഷവും, *കത്തോലിയ്ക്കാസഭയുടെ മതബോധനഗ്രന്ഥം* പ്രസിദ്ധീകരിച്ചതിന്റെ ഇരുപതാം വാർഷികവും, ഇനി റോമിൽ നടക്കാൻ പോകുന്ന ആഗോള കത്തോലിയ്ക്കാമെത്രാൻ സിനഡും പ്രമാണിച്ചാണ് വിശ്വാസവർഷം പ്രഖ്യാപിക്കപ്പെട്ടത്. അതുകൊണ്ട് തന്നെ ഇവയുമായി ബന്ധപ്പെട്ട രേഖകൾ നമ്മൾ ശ്രദ്ധാപൂർവ്വം പഠിക്കുകയും സ്വാംശീകരിക്കുകയും ചെയ്യണമെന്നും 2012 സെപ്റ്റംബർ മാസത്തെ ബുള്ളറ്റിനിൽ ഞാൻ എഴുതിയിരുന്നു. നമ്മുടെ വിശ്വാസം വളരെ കൃത്യമായും അടുക്കും ചിട്ടയോടെയും വിവരിച്ചിട്ടുള്ള *കത്തോലിയ്ക്കാ സഭയുടെ മതബോധന ഗ്രന്ഥവും യുവജന മതബോധന ഗ്രന്ഥവും* നമ്മൾ നന്നായി പഠിക്കണം എന്നും ഞാൻ സൂചിപ്പിച്ചിരുന്നു. ഈ പുസ്തകങ്ങൾ നമ്മുടെ ഇടവക കളിൽ പ്രചരിപ്പിക്കാൻ കെ.സി.വൈ.എം., വിൻസെന്റ് ഡി പോൾ സംഘടന തുടങ്ങിയവർ നടത്തിയ ശ്രമങ്ങളെ ശ്ലാഘിക്കാനും അവർക്ക് നന്ദി പറയാനും ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. ഇനിയും അവ കരസ്ഥമാക്കാനുള്ളവർ എത്രയും വേഗം വാങ്ങണമെന്നും വായി ക്കണമെന്നും ഉദ്ബോധിപ്പിക്കുന്നു.

വിശ്വാസ വർഷാചരണത്തിന്റെ ഭാഗമായി ഇടവകകളിൽ ക്ലാസു കൾക്കായി പോയ രൂപതാ സമിതിയംഗങ്ങൾ നിരന്തരം അഭിമുഖീക രിച്ച ഒരു ചോദ്യമുണ്ട്. അതിതാണ്: *എന്തുകൊണ്ട് സഭയുടെ നിലപാടു കൾ ഇങ്ങനെയൊക്കെയാണെന്ന് ഞങ്ങൾക്ക് നേരത്തെ തന്നെ പറഞ്ഞു തന്നില്ല? അങ്ങനെ പറഞ്ഞു തന്നിരുന്നെങ്കിൽ ഞങ്ങൾ തെറ്റിൽ വീഴു കയില്ലായിരുന്നു.* നമ്മുടെ വിശ്വാസപരിശീലനക്ലാസുകളും സുവിശേ ഷപ്രഘോഷണങ്ങളും വിശ്വാസം, ധാർമ്മികത തുടങ്ങിയ കാര്യങ്ങളിൽ സഭയുടെ നിലപാടുകൾ വിശദീകരിക്കപ്പെടുന്ന വേദികൾ കൂടിയാ കണം. അതിന് ചുമതലപ്പെട്ടവർ, പ്രത്യേകിച്ച് വൈദികർ, സമർപ്പിതർ, മതബോധനാധ്യാപകർ, സംഘടനാനേതാക്കൾ, മാതാപിതാക്കൾ തുടങ്ങിയവർ, അതീവ ശ്രദ്ധയോടെ സഭാ നിലപാടുകൾ മനസ്സിലാ ക്കുകയും അവ തങ്ങൾക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നവരെ പഠിപ്പിക്കു കയും ചെയ്യണം. വിശ്വാസവർഷം സമാപിച്ചാലും തുടരേണ്ട ഒരു പ്രക്രി യയാണിത് എന്ന് പറയേണ്ടതില്ലല്ലോ. എന്താണ് വിശ്വാസത്തിന്റെ ഉള്ള ടക്കം എന്ന് അറിയാതെ വരുമ്പോളാണ് പഴയ നിയമത്തിൽ അഹറോൻ ചെയ്തതുപോലെ ജനങ്ങൾക്ക് ആരാധിക്കാൻ പല തരത്തിലുള്ള

കാളക്കുട്ടികളെ നേതൃത്വത്തിലുള്ളവർ സൃഷ്ടിക്കുന്നത് എന്നതും നമ്മളെ ചിന്തിപ്പിക്കേണ്ട വസ്തുതയാണ്.

നമ്മുടെ വിശ്വാസത്തിന്റെ ഉള്ളടക്കം എന്താണെന്ന് മനസ്സിലാക്കാനുള്ള സവിശേഷ സന്ദർഭം കൂടിയാണ് വിശ്വാസവർഷാചരണം എന്ന് സൂചിപ്പിച്ചല്ലോ. മനുഷ്യൻ ദൈവസൃഷ്ടിയാണെന്നും ആ സൃഷ്ടി പാപം ചെയ്ത സൃഷ്ടാവിൽ നിന്ന് അകന്നപ്പോൾ പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ തമ്പുരാൻ മനുഷ്യനായി അവതരിച്ച് പീഢകൾ സഹിച്ച് കുരിശിൽ മരിച്ച് ഉത്ഥാനം ചെയ്ത് നമ്മുടെ പാപങ്ങൾക്ക് വേണ്ടി പരിഹാരം ചെയ്യുകയും അങ്ങനെ പാപപ്പരിഹാരത്തിനുള്ള മാർഗ്ഗം നമുക്ക് കാണിച്ചു തരുകയും ചെയ്തു എന്നുമാണ് നമ്മൾ വിശ്വസിക്കുന്നത്. അവിടുത്തെ മാർഗ്ഗത്തിലൂടെ ചരിക്കുന്നവർക്ക് അവിടുന്ന് നിത്യജീവൻ വാഗ്ദാനം ചെയ്യുന്നു. ആ മാർഗ്ഗം നമുക്ക് നിരന്തരം പകർന്ന് കിട്ടുന്നത് സഭയിലൂടെയാണ്. ഈ സഭയാകട്ടെ അവിടുത്തെ പിൻചെല്ലുന്നവരുടെ കൂട്ടായ്മയാണ്. ആ കൂട്ടായ്മയുടെ ശിരസ്സ് ക്രിസ്തു തന്നെയാണ്. സഭയിലൂടെയുള്ള ജീവിതമാണ് നിത്യജീവനുള്ള സുനിശ്ചിതമാർഗ്ഗം. ഇതിന്റെയെല്ലാം താത്വികവും പ്രായോഗികവുമായ വിശദീകരണങ്ങളാണ് രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ രേഖകളും കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥവും മറ്റും തരുന്നത്.

ബൈബിൾ മാത്രമാണ് വിശ്വാസത്തിന്റെ അടിസ്ഥാനമെന്നും, നമ്മുടെ വ്യക്തിപരമായ അനുഭവമാണ് വിശ്വാസത്തിന്റെ ആധികാരികത നിശ്ചയിക്കുന്നതെന്നും മറ്റുമുള്ള വാദഗതികൾ ഉന്നയിച്ച് പലരും നമ്മെ വഴിതെറ്റിക്കാൻ ശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ വിശ്വാസത്തെപ്പറ്റിയുള്ള വ്യക്തമായ അറിവ് അത്യന്താപേഷിതമാണ് എന്ന് ഞാൻ മേലുദ്ധരിച്ച സർക്കുലറിൽ എഴുതിയിരുന്നത് ഒരിക്കൽകൂടി ആവർത്തിക്കട്ടെ. വിശുദ്ധ ഗ്രന്ഥം തെറ്റായ രീതിയിൽ വ്യാഖ്യാനിച്ചും നമ്മളെ വഴിതെറ്റിച്ചെന്ന് വരാം. ഇതിനെതിരെയെല്ലാം നാം ജാഗരൂകരാകണം. നമ്മുടെ വിശ്വാസം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് എഴുതപ്പെട്ട ദൈവവചനത്തിന്മേലും എഴുതപ്പെടാത്ത ദൈവവചനമായ പാരമ്പര്യത്തിന്മേലുമാണ്. നമ്മുടെ കർത്താവ് ചെയ്ത മറ്റ് പല കാര്യങ്ങളും ഉണ്ട്. അതെല്ലാം എഴുതിയിരുന്നെങ്കിൽ ആ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളാൻ ലോകത്തിനു തന്നെ സാധിക്കാതെ വരുമെന്നാണ് എനിക്ക് തോന്നുന്നത്. എന്നാണല്ലോ യോഹന്നാൻ ശ്ലീഹാ സുവിശേഷത്തിൽ

രേഖപ്പെടുത്തുന്നത് (യോഹ. 21:25). അതെല്ലാം കാണുകയും സ്വന്തം കണ്ണുകൾകൊണ്ട് അവിടുത്തെ ദർശിക്കുകയും ചെയ്ത ശ്ലീഹന്മാരുടേയും അവരുടെ പിൻഗാമികളുടേയും എല്ലാ നിർദ്ദേശങ്ങൾക്കനുസാരമാണ് സഭയിലെ ജീവിതവും ആചാരങ്ങളും അനുഷ്ഠാനങ്ങളും രൂപപ്പെട്ടിട്ടുള്ളത്. അതിനെയാണ് പാരമ്പര്യം എന്ന് നാം വിളിക്കുന്നത്. എന്തിനേറെ, വിശുദ്ധഗ്രന്ഥത്തിൽ ഏതെല്ലാം പുസ്തകങ്ങളാണ് ദൈവനിവേശിതം എന്ന് പ്രഖ്യാപിച്ചതും സഭയിലാണല്ലോ.

ഇടവകാതലത്തിലും വാർഡ്തലത്തിലും സന്യാസഭവനങ്ങളിലും വിശ്വാസവർഷാചരണ സമാപനം ഇതിനകം നിങ്ങൾ പ്ലാൻ ചെയ്തിട്ടുണ്ടെന്ന് കരുതുന്നു. വിശ്വാസവർഷം സമാപിച്ചാലും ഈ വർഷത്തിൽ നമ്മൾ ചെയ്ത കാര്യങ്ങൾ തുടർന്നും ചെയ്യാനായി നമ്മെ സഹായിക്കുന്ന ഏതാനും കാര്യങ്ങൾ താഴെക്കൊടുക്കുന്നു. അവ ഈ സർക്കുലറിൽ പറഞ്ഞിരിക്കുന്ന പ്രകാരം വിശ്വാസവർഷാചരണം സമാപിക്കുന്ന നവംബർ 24-ന് ഞായറാഴ്ച ചെയ്യണമെന്ന് ഏവരേയും ഓർമ്മപ്പെടുത്തട്ടെ. പ്രധാനമായി തുടർന്നും കുടുംബങ്ങളിലും സമർപ്പിതഭവനങ്ങളിലും ഇടവകയിലും സ്ഥിരമായി ചെയ്യേണ്ട കാര്യങ്ങൾ കണ്ടെത്തി അവ തീരുമാനങ്ങളാക്കി വിശ്വാസവർഷാചരണ സമാപനദിവസം കുർബാനമദ്ധ്യേയുള്ള കാഴ്ചവയ്പ് സമയത്ത് സമർപ്പിക്കുക എന്നതാണ് നാം ചെയ്യേണ്ടത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടേയും അസേന്തിയച്ചന്മാരുടേയും സമർപ്പിതസമൂഹാധികാരികളുടേയും കുടുംബനാഥന്മാരുടേയും നാഥമാരുടേയും ആത്മാർത്ഥമായ സഹകരണം ഞാൻ പ്രതീക്ഷിക്കുന്നു. കുടുംബങ്ങളിൽ ചെയ്യേണ്ട കാര്യങ്ങൾ കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ചിരുന്ന് ചർച്ച ചെയ്ത് തീരുമാനിക്കണം. സമർപ്പിതഭവനങ്ങളിലും ഇതേ രീതിയാണ് സ്വീകരിക്കേണ്ടത്. ഇടവകയിൽ ചെയ്യേണ്ട കാര്യങ്ങൾ പൊതുയോഗത്തിൽ അഥവാ പ്രതിനിധിയോഗത്തിൽ ചർച്ച ചെയ്ത് തീരുമാനിച്ചതാകണം. അങ്ങനെ ഒരുമിച്ചെടുക്കുന്ന തീരുമാനങ്ങൾക്കല്ലേ സ്വീകാര്യത ഉണ്ടാവുകയുള്ളൂ.

## ഇടവകാ തലത്തിൽ എടുക്കാവുന്ന തീരുമാനങ്ങൾ

- വിശ്വാസ ജീവിതവളർച്ച ലക്ഷ്യമാക്കി വാർഡുതല പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും. (വിശ്വാസ സത്യങ്ങളെപ്പറ്റിയുള്ള പഠനങ്ങൾ, ക്ലാസുകൾ, ബൈബിൾ ചോദ്യോത്തരവേദി)

- ഏതെങ്കിലും കാരണത്താൽ വിശ്വാസ കൗദാശിക ജീവിതത്തിൽ നിന്നും ഇടവക ബന്ധത്തിൽ നിന്നും അകന്നിരിക്കുന്നവരേയും, ഇടവകയിലെ വിശ്വാസസമൂഹവുമായി ബന്ധിപ്പിക്കുവാൻ ശ്രമിക്കും.
- ദരിദ്രരെ അവഗണിച്ചുകൊണ്ടുള്ള ഒരു ആഘോഷ പരിപാടിയും ഇടവകയിൽ സംഘടിപ്പിക്കുകയില്ല.
- ഇടവകയിൽ വീടില്ലാത്തവരും സാമ്പത്തികപരാധീനത മൂലം വിവാഹം കഴിക്കാത്തവരും സ്കൂളിൽ പോകാൻ കഴിയാത്ത കുട്ടികളും ഇല്ല എന്ന് ഉറപ്പു വരുത്തും.
- ഇടവകയിലെ ആഘോഷങ്ങളിലെ ആർഭാടവും ധൂർത്തും ഒഴിവാക്കി ജീവകാരുണ്യ മേഖലയിൽ ക്രിയാത്മകമായ ഒരു പ്രവർത്തനം നടത്തുവാൻ ശ്രദ്ധിക്കും. ഇടവകയിൽ ജീവകാരുണ്യനിധി ഇല്ലെങ്കിൽ ഉടൻ അത് ഏർപ്പെടുത്തും.
- ഇടവകയുടെ സാമൂഹിക സാംസ്കാരിക ജീവകാരുണ്യ വികസന പ്രവർത്തനങ്ങൾ, ആത്മീയ ആരാധനാക്രമ അജപാലന പ്രവർത്ത നങ്ങൾ, വിശ്വാസപരിശീലനം, സംഘടനാ പ്രവർത്തനങ്ങൾ, യുവജന അജപാലനം തുടങ്ങിയവ എല്ലാം സുഗമമായി നടത്തുന്ന തിന് ഇടവക പാരീഷ് കൗൺസിൽ സജീവവും സൃഷ്ടിപരവുമായി പങ്കുവഹിക്കും.

**കുടുംബത്തിൽ എടുക്കാവുന്ന തീരുമാനങ്ങൾ**

- കുടുംബപ്രാർത്ഥനയിൽ കുടുംബങ്ങളുടെ പങ്കാളിത്തവും സമയ നിഷ്ഠയും പാലിക്കും.
- അയൽക്കാരുമായി ക്രൈസ്തവോചിതമായ ബന്ധം പരിപോഷി പ്പിക്കും.
- കുടുംബങ്ങളിലെ ആഘോഷങ്ങളിലെ ധൂർത്ത് ഒഴിവാക്കും.
- കൗദാശിക ജീവിതവും ഇടവകാപ്രവർത്തനത്തിലുള്ള പങ്കാളി ത്തവും പരിപോഷിപ്പിക്കും. (ഉദാ: കുടുംബാംഗങ്ങളെല്ലാവരും വർഷ ത്തിൽ ഒരു തവണയെങ്കിലും ഒന്നിച്ച് പോയി കുമ്പസാരം എന്ന കൂദാശ സ്വീകരിക്കും. ഒരുമിച്ച് ഒരു ചെറിയ തീർത്ഥാടനം.)
- ദരിദ്രരേയും പാവപ്പെട്ടവരേയും സഹായിക്കാൻ ഒരു നിശ്ചിത തുക മാറ്റിവെക്കും.
- കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധം പരിപോഷിപ്പിക്കും. (ഉദാ: വർഷത്തിലൊരിക്കലെങ്കിലും കുടുംബാംഗങ്ങൾ [വിവാഹം

ചെയ്തയച്ചവരും അവരുടെ മക്കളും...] ഒരുമിച്ചുകൂടുകയും സാഹോദര്യം പരിപോഷിപ്പിക്കുകയും ചെയ്യും.)

- മദ്യം, മയക്കുമരുന്ന്, പുകവലി, മുറുക്ക് തുടങ്ങിയ ദുശീലങ്ങൾ ഉപേക്ഷിക്കും.
- കുടുംബാംഗങ്ങൾ എല്ലാവരും ബൈബിൾ മുഴുവനായും ഒരു തവണയെങ്കിലും വായിക്കും.
- വൈദികരും സന്യസ്തരുമായുള്ള സ്നേഹബന്ധം നിലനിർത്തുകയും വളർത്തുകയും ചെയ്യും. (പ്രത്യേകിച്ചും കൂദാശാ ജീവിതത്തിൽ പ്രത്യേകമാംവിധം സഹായിച്ചവർ ഉദാ: മാമ്മോദീസ മുക്കിയവർ, വിവാഹം ആശീർവദിച്ചവർ, സ്കൂളിൽ പഠിപ്പിച്ചവർ)

മേൽപ്പറഞ്ഞവ കേവലം ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. അവരവരുടെ സാഹചര്യമനുസരിച്ച് മറ്റുള്ളവയും കൂട്ടിച്ചേർക്കാവുന്നതാണ്. ഇടവകയിലുള്ള സ്ഥാപനങ്ങളും സമർപ്പിതഭവനങ്ങളും സംഘടനകളും എല്ലാം ഇതുപോലെ തീരുമാനങ്ങൾ എടുത്ത് സമർപ്പിക്കുന്നത് നല്ലതാണ്. തങ്ങളുടെ പ്രവർത്തനങ്ങളിൽ എന്നും അത് ഒരു ഓർമ്മപ്പെടുത്തലായി നിലകൊള്ളും.


വി.കുർബാനയുടെ ഇടയിലുള്ള പ്രസംഗത്തിനുശേഷം വികാരിയച്ചന്റെ പക്കൽ കുടുംബനാഥന്മാർ അഥവാ നാഥമാർ ഓരോരുത്തരായി വന്ന് തങ്ങളുടെ കുടുംബത്തിന്റെ തീരുമാനങ്ങൾ എഴുതിയത് സമർപ്പിക്കുക. അതിനുശേഷം സ്ഥാപനങ്ങൾ, സംഘടനകൾ, സമർപ്പിതഭവനങ്ങൾ എന്നിവയുടെ നേതൃത്വത്തിലുള്ളവർ അവരുടെ തീരുമാനങ്ങൾ സമർപ്പിക്കുക. അവസാനമായി നടത്തുകൈക്കാരൻ ഇടവകയുടെ തീരുമാനങ്ങൾ സമർപ്പിക്കുക. തീരുമാനങ്ങൾ സമർപ്പിച്ചതിന് ശേഷം എല്ലാവരും കൂടി ഒരുമിച്ച് വിശ്വാസപ്രമാണം ചൊല്ലാവുന്നതാണ്. ഈ സമയം എല്ലാവരും കൈകൾ ഉയർത്തിപ്പിടിക്കുന്നതും ഉചിതമായിരിക്കും.

മേൽപ്പറഞ്ഞവയെപ്പറ്റി ബഹുമാനപ്പെട്ട വികാരിയച്ചന്മാർ മുൻകൂട്ടി തന്നെ പള്ളിയിൽ അറിയിക്കുകയും ഇടവകാംഗങ്ങളെ ഒരുക്കുകയും അവയോട് സഹകരിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. അതുപോലെ, ഇങ്ങനെ ചെയ്യുന്നതിന്റെ പ്രസക്തിയും പ്രാധാന്യവും സാംഗത്യവും എല്ലാം അവരെ പറഞ്ഞ് മനസ്സിലാക്കേണ്ടതാണ്.

രൂപതാ വിശ്വാസപരിശീലന വിഭാഗത്തിനാണ് വിശ്വാസ വർഷാചരണത്തിന്റെ മേൽനോട്ടം ഏൽപ്പിച്ചിരുന്നത്. ഇത്തരുണത്തിൽ അതിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാവരേയും നന്ദിയോടെ ഓർക്കുകയും അവരുടെ പരിശ്രമങ്ങൾ കർത്താവ് ഫലവത്താക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നമുക്ക് ദാനമായി ലഭിച്ച വിശ്വാസത്തിന് നന്ദി പറയാനും അതിൽ അടിയുറച്ച് നിൽക്കാനും അതിന് സജീവ സാക്ഷ്യം നൽകാനും വിശ്വാസവർഷാചരണം നമുക്ക് ഇടവരുത്തട്ടെ. വിശ്വാസത്തിന്റെ തുറക്കപ്പെട്ട വാതിലിലൂടെ അതിന്റെ ആഴങ്ങളിലേയ്ക്ക് പ്രവേശിക്കാൻ സർവ്വശക്തനായ ദൈവം നമ്മെ ശക്തിപ്പെടുത്തട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2013 ഒക്ടോബർ മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2013 നവംബർ മാസം 3-ാം തീയതി ഞായറാഴ്ചയോ അന്ന് സാധിക്കാത്തവർ 10-ാം തീയതി ഞായറാഴ്ചയോ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**



# മാധ്യമദിനസന്ദേശം-2013

## മാധ്യമദിനം 17 നവംബർ 2013

### 47-ാം ലോകസമ്പർക്കദിന സന്ദേശത്തോടനുബന്ധിച്ച് മുൻ പാപ്പാ ബെനഡിക്റ്റ് 16-ാമൻ നല്കിയ സന്ദേശം

*സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ: സത്യത്തിന്റെയും വിശ്വാസത്തിന്റെയും വാതിലുകൾ;*
*സുവിശേഷവത്കരണത്തിനുള്ള പുതിയ ഇടങ്ങൾ*

പ്രിയ സഹോദരീ സഹോദരന്മാരേ,

**ആമുഖം: ഇന്നിന്റെ നവമാധ്യമരംഗം**

2013-ലെ ലോകസമ്പർക്കദിനം സമീപസ്ഥമായിരിക്കുമ്പോൾ ജനങ്ങൾ ഇന്ന് പരസ്പരം ആശയവിനിമയം നടത്തുന്നതിന് കൂടുതൽ ഉപയോഗിക്കുന്ന ഒരു സുപ്രധാന യാഥാർത്ഥ്യത്തെക്കുറിച്ച് - ഡിജിറ്റൽ സോഷ്യൽ നെറ്റുവർക്കുകളെക്കുറിച്ച് - ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അവ പുതിയൊരു ''കമ്പോളം,'' തുറന്ന ഒരു സമ്മേളനസ്ഥലം, സൃഷ്ടിക്കാൻ സഹായിക്കുന്നു. അവിടെ ആളുകൾ ആശയങ്ങളും വിവരങ്ങളും അഭിപ്രായങ്ങളും പങ്കുവയ്ക്കുന്നു. അവിടെ പുതിയ ബന്ധങ്ങളും സമൂഹത്തിന്റെ പുതിയ രൂപങ്ങളും ഉണ്ടാകാൻ ഇടയാകുന്നു.

**1. കൂട്ടായ്മയ്ക്കു വഴിയൊരുക്കുന്ന ഡിജിറ്റൽ മാധ്യമ ശൃംഖല**

വിവേകത്തോടും സന്തുലിതത്വത്തോടും കൂടി ഈ രംഗത്ത് വ്യാപരിച്ചാൽ അവ സംവാദത്തിന്റെയും ചർച്ചയുടെയും പുതിയ രൂപങ്ങളെ പരിപോഷിപ്പിക്കും. സ്വകാര്യതയോടുള്ള ആദരവോടും പരസ്പര ബഹുമാനത്തോടും ഉത്തരവാദിത്വത്തോടും സത്യസന്ധതയോടും കൂടെ നടത്തിയാൽ വ്യക്തികൾ തമ്മിലുള്ള ഐക്യം വീണ്ടും ശക്തിപ്പെടു

ത്താൻ അവയ്ക്കു കഴിയും, മനുഷ്യകുടുംബത്തിന്റെ സമന്വയത്തെ കാര്യക്ഷമമായി വളർത്താനും സാധിക്കും. വിവരങ്ങളുടെ പരസ്പര കൈമാറ്റം യഥാർത്ഥ ആശയവിനിമയമായിത്തീരും; പക്വതനേടിയ സൗഹൃദബന്ധങ്ങളുടെ കണ്ണികളാകും. ബന്ധങ്ങൾ കൂട്ടായ്മയെ സുഗമമാക്കും. നെറ്റുവർക്കുകൾ മഹത്തായ ഈ സാധ്യത സാക്ഷാത്ക രിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. അവയിൽ ഏർപ്പെടുന്ന ആളുകൾ സത്യ സന്ധരായിരിക്കാൻ പരിശ്രമിക്കണം, എന്തെന്നാൽ, ഈ സൈബർ സ്പെയ്സുകളിൽ ആശയങ്ങളും വിവരങ്ങളും മാത്രമല്ല, ആത്യന്തിക മായി നമ്മെത്തന്നെയും പങ്കുവയ്ക്കുന്നുണ്ട്.

സാമൂഹിക നെറ്റുവർക്കുകളുടെ പുരോഗതി ആഴമാർന്ന സമർപ്പണം ആവശ്യപ്പെടുന്നുണ്ട്: കാരണം വിനോദങ്ങളിൽ ഏർപ്പെ ടാനും ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനും മാത്രമല്ല, ബന്ധങ്ങൾ പടുത്തുയർത്താനും സൗഹൃദങ്ങൾ സ്ഥാപിക്കാനും ഇതിലൂടെ അവ സരങ്ങൾ സൃഷ്ടിക്കപ്പെടുകയാണ്. എന്നാൽ ബൗദ്ധിക പ്രചോദനങ്ങൾ നേടാനും അറിവും സാങ്കേതികവിദ്യയും പങ്കുവയ്ക്കാനുംകൂടി ഇതി ലൂടെ ഇടയാകുന്നുണ്ട്. നെറ്റുവർക്കുകൾ കൂടുതൽ കൂടുതൽ സമൂഹ ഘടനയുടെ ഭാഗമായിത്തീരുകയാണ്. ഈ മൗലികാവശ്യങ്ങളുടെ അടി സ്ഥാനത്തിൽ അവ ആളുകളെ ഒന്നിപ്പിക്കുകയാണ്. അങ്ങനെ സാമൂ ഹിക നെറ്റുവർക്കുകൾ മനുഷ്യഹൃദയങ്ങളിൽ വേരുറച്ച അഭിലാഷങ്ങ ളാൽ പോഷിപ്പിക്കപ്പെടുന്നു.

**2. വെല്ലുവിളികൾ ഉയർത്തുന്ന വിനിമയ ശൃംഖലമേഖല**

സാമൂഹിക നെറ്റുവർക്കുകളുടെ നവമായ സംസ്കാരവും, സമ്പർക്കത്തിന്റെ മാർഗങ്ങളിലും ശൈലികളിലുമുണ്ടാകുന്ന മാറ്റങ്ങളും സത്യത്തെയും മൂല്യങ്ങളെയുംകുറിച്ചു സംസാരിക്കാൻ ആഗ്രഹിക്കു ന്നവരുടെ മുമ്പിൽ കാർക്കശ്യമുള്ള വെല്ലുവിളികൾ ഉണർത്തുന്നുണ്ട്. മിക്കപ്പോഴും, മറ്റു സാമൂഹികസമ്പർക്കമാധ്യമങ്ങളുടെ കാര്യത്തിലെന്ന പോലെ, ആശയപ്രകാശനത്തിന്റെ വിവിധ രൂപങ്ങളുടെ പ്രാധാന്യവും കാര്യക്ഷമതയും അവയുടെ ആന്തരികപ്രാധാന്യത്താലും മൂല്യത്താ ലുമല്ല പിന്നെയോ പൊതുജനത്തെ ആകർഷിക്കുകയെന്ന അവയുടെ ലക്ഷ്യത്താൽ ഇന്നു പ്രചോദിപ്പിക്കപ്പെടുന്നതായി കാണപ്പെടുന്നു. പൊതുജനപ്രീതിക്കുവേണ്ടിയുള്ള ശ്രമം മിക്കപ്പോഴും പ്രശസ്തിക്കു വേണ്ടിയുള്ളതാണ്, പ്രേരിപ്പിക്കലിന്റെ അടവുകളാണ്. വിചിന്തനത്തിന്റെ തത്ത്വശാസ്ത്രമല്ല അതിനോടു ബന്ധപ്പെട്ടിരിക്കുന്നത്. ചിലപ്പോൾ

അമിതമായ വിവരദാനംമൂലം യുക്തിയുടെ മൃദുലശബ്ദം കീഴടക്കപ്പെടുന്നു. കൂടുതൽ ആകർഷകമായ, പ്രേരണാത്മകമായ, വിധത്തിൽ ആശയപ്രകാശനം നടത്തുന്നവരെ ശ്രദ്ധിക്കുകയും യുക്തിയുടെ ശബ്ദം ശ്രദ്ധിക്കപ്പെടാതിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, സംഭാഷണം, യുക്തിപൂർവകമായ സംവാദം, താർക്കികമായ വാദപ്രതിവാദം എന്നിവയെപ്പറ്റി ബോധമുള്ളവർക്ക് സമർപ്പണബുദ്ധിയുണ്ടായിരിക്കണമെന്ന് സാമൂഹികസമ്പർക്കമാധ്യമങ്ങൾ ആവശ്യപ്പെടുന്നു. സമ്പർക്ക പ്രക്രിയയിൽ വ്യാപരിക്കുന്നവരുടെ ശ്രേഷ്ഠമായ ആഗ്രഹങ്ങൾക്കു യോജിച്ച സംഭാഷണരൂപങ്ങളും പ്രകാശനവും വളർത്തുവാൻ ആഗ്രഹിക്കുന്ന ജനങ്ങളുണ്ട്. അവരെ സംബന്ധിച്ചും സമർപ്പണബുദ്ധിയുണ്ടാകണം.

നമ്മുടെ ആശയങ്ങളിൽനിന്നു വ്യത്യസ്തമായ ആശയങ്ങളുള്ളവരുമായി സംഭാഷണം നടത്തുകയും അവരെ ഗൗരവപൂർവം പരിഗണിക്കുകയും ചെയ്യുമ്പോഴും സംഭാഷണവും വാദപ്രതിവാദവും തഴച്ചുവളരും. ‘‘സാംസ്കാരിക വൈവിധ്യമെന്ന ഒരു യാഥാർത്ഥ്യമുണ്ട്. അതുകൊണ്ട് മറ്റുള്ളവരുടെ സംസ്കാരത്തിന്റെ അസ്തിത്വത്തെ ആളുകൾ അംഗീകരിക്കണം. മാത്രമല്ല, അതുവഴി സമ്പന്നരാകാൻ ആഗ്രഹിക്കുകയും വേണം. നല്ലതും സത്യസന്ധവും മനോഹരവുമായി തങ്ങൾക്കുള്ളതെന്തും നല്കുവാൻ ആഗ്രഹിക്കുകയും വേണം.’’ (സാംസ്കാരിക ലോകസമ്മേളനത്തിൽ നടത്തിയ പ്രഭാഷണം, ബേലെം, ലിസ്ബൺ, 12, മേയ് 2010).

സാമൂഹിക നെറ്റുവർക്ക് നേരിടുന്ന വെല്ലുവിളി ഇതാണ്: എല്ലാവരെയും യഥാർത്ഥത്തിൽ ഉൾപ്പെടുത്താൻ എങ്ങനെ കഴിയും? വിശ്വാസികൾ എല്ലാവരും പങ്കുചേരുന്നതിൽനിന്നുള്ള ഗുണം എങ്ങനെയുണ്ടാകും? യേശുവിന്റെ സന്ദേശത്തിലും അവിടുത്തെ പ്രബോധനം പരിപോഷിപ്പിക്കുന്ന മനുഷ്യമഹത്ത്വമൂല്യങ്ങളിലും പങ്കുചേരാൻ ആഗ്രഹിക്കുന്നവരാണ് വിശ്വാസികൾ. ഡിജിറ്റൽ ലോകത്തിലും സദ്വാർത്ത അറിയിച്ചില്ലെങ്കിൽ അസ്തിത്വാത്മകമായ ആ സ്പെയ്സ് സുപ്രധാനമായി കരുതുന്ന അനേകർക്ക് സദ്വാർത്തയുടെ അനുഭവമുണ്ടാകുകയില്ലെന്ന ബോധം വിശ്വാസികളിൽ വർദ്ധിച്ചുവരുന്നു.

**3. യുവമനസ്സുകളുടെ ഊർജ്ജസ്വലമായ ചാലകശക്തി**

ഡിജിറ്റൽ സാഹചര്യം കേവലം ഒരു സമാന്തരസാഹചര്യമോ കാല്പനിയ സാഹചര്യമോ അല്ല. പിന്നെയോ അനേകരുടെ പ്രത്യേകിച്ച് ചെറുപ്പക്കാരുടെ, അനുദിനാനുഭവത്തിന്റെ ഭാഗമാണ്. മാനുഷിക

പരസ്പര പ്രവർത്തനത്തിന്റെ ഫലമാണ് സാമൂഹിക നെറ്റുവർക്കുകൾ. എന്നാൽ, അവ ബന്ധങ്ങളെ സൃഷ്ടിക്കുന്ന സമ്പർക്കത്തിന്റെ സ്വയംചാലകത്വത്തിന്റെ പുന:സൃഷ്ടി നടത്തുന്നുണ്ട്. അതുകൊണ്ട് ഈ സാഹചര്യം ഗൗരവപൂർവം പരിഗണിക്കണം. ശ്രദ്ധേയമായ സാന്നിധ്യത്തിന്റെ മുൻവ്യവസ്ഥയാണത്.

പുതിയ ഭാഷ ഉപയോഗിക്കാൻ വേണ്ട കഴിവുണ്ടായിരിക്കണം. ആനുകാലികമായിരിക്കാൻവേണ്ടി മാത്രമല്ല ആ കഴിവ് നേടേണ്ടത്. പിന്നെയോ എല്ലാവരുടെയും ഹൃദയങ്ങളിൽ എത്തിച്ചേരാൻ കഴിയുന്ന പ്രകാശനരൂപങ്ങൾ കണ്ടെത്താൻ സുവിശേഷത്തിന്റെ അനന്ത സമ്പന്നതയ്ക്കു സാധിക്കാൻ വേണ്ടിയാണ്. ഡിജിറ്റൽ സാഹചര്യത്തിൽ മിക്കപ്പോഴും ലിഖിതവചനത്തോടൊപ്പം പ്രതീകങ്ങളും ശബ്ദങ്ങളും ഉണ്ടായിരിക്കും. ദൈവസ്നേഹമെന്ന രഹസ്യം കണ്ടുമുട്ടാൻ നമ്മൾ ക്ഷണിക്കാൻ ആഗ്രഹിക്കുന്നവരുടെ സങ്കല്പശക്തിയും ഹൃദയസ്പർശന സാധ്യതയും ഉള്ളതായിരിക്കണം കാര്യക്ഷമമായ ആശയവിനിമയം. കൂടാതെ, ക്രൈസ്തവപാരമ്പര്യം എപ്പോഴും അടയാളങ്ങൾകൊണ്ടും പ്രതീകങ്ങൾകൊണ്ടും സമ്പന്നമാണെന്നു നമുക്ക് അറിയാം. ഉദാഹരണങ്ങളായി, കുരിശിന്റെ അടയാളം, കന്യകാമറിയത്തിന്റെ ഐക്കണുകളും തിരുസ്വരൂപങ്ങളും, ക്രിസ്തുമസ് പുൽക്കൂട്, പള്ളികളിലെ ജനലുകളുടെ കതകുകളിലുമുള്ള ചിത്രങ്ങളും പടങ്ങളും എന്നിവയെക്കുറിച്ച് ഞാൻ ചിന്തിക്കുന്നു. മനുഷ്യവംശത്തിനുള്ള കലാപാരമ്പര്യത്തിന്റെ ശ്രദ്ധേയമായ ഭാഗം വിശ്വാസസത്യങ്ങൾ പ്രകാശിപ്പിക്കാൻ പരിശ്രമിച്ച കലാകാരന്മാരാലും സംഗീതജ്ഞന്മാരാലും സൃഷ്ടിക്കപ്പെട്ടതാണ്.

**4. സുവിശേഷസമാനമായി ചിന്തിക്കാനും ജീവിക്കാനും**

സാമൂഹിക നെറ്റുവർക്കുകളിൽ വിശ്വാസികൾ തങ്ങളുടെ പ്രത്യാശയുടെയും സന്തോഷത്തിന്റെയും അഗാധമായ ഉറവിടങ്ങളിൽ പങ്കുപറ്റിക്കൊണ്ട് തങ്ങളുടെ ആത്മാർത്ഥത പ്രകടിപ്പിക്കുന്നു. യേശുക്രിസ്തുവിൽ വെളിവാക്കപ്പെട്ട കാരുണ്യവാനും സ്നേഹപൂർണ്ണനുമായ ദൈവത്തിലുള്ള വിശ്വാസമാണ് ആ ഉറവിടം. ഈ പങ്കുചേരൽ അവരുടെ വിശ്വാസത്തിന്റെ പരസ്യമായ പ്രകടനത്തിൽ മാത്രമല്ല ഉള്ളടങ്ങിയിരിക്കുന്നത്. പിന്നെയോ, അവരുടെ സാക്ഷ്യത്തിലും അടങ്ങിയിരിക്കുന്നുണ്ട്. അവർ ആശയവിനിമയം ചെയ്യുന്ന രീതിയിലും ''സവിശേഷമായി പറയപ്പെടുന്നില്ലെങ്കിലും അവരുടെ തിരഞ്ഞെടുപ്പുകളിലും മുൻഗണനകളിലും വിധിത്തീർപ്പുകളിലും'' (2011-ലെ ലോകസമ്പർക്കദിന

സന്ദേശം) അത് അടങ്ങിയിട്ടുണ്ട്. മനുഷ്യാസ്തിത്വത്തിന്റെ സത്യത്തിനും അർത്ഥത്തിനുംവേണ്ടിയുള്ള അന്വേഷണത്തിൽ മുന്നേറുമ്പോൾ ഉണ്ടാകുന്ന അവരുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ക്ഷമയോടും ആദരവോടുംകൂടി ഉത്തരം പറയാൻ സ്വയം സമർപ്പിക്കാനുള്ള സന്മനസ്സുണ്ടാകണം. മുൻപറഞ്ഞ സാക്ഷ്യം നല്കുന്നതിന്റെ ശ്രദ്ധേയമായ ഒരു രീതിയായിരിക്കും അത്. വിശ്വാസത്തെയും അന്തർജ്ഞാനത്തെയും സംബന്ധിച്ച സാമൂഹിക നെറ്റുവർക്കിൽ വളരുന്ന സംഭാഷണം പൊതുവാദപ്രതിവാദത്തിലും സാമൂഹികജീവിതത്തിലും മതത്തിനുള്ള പ്രാധാന്യവും പ്രസക്തിയും സ്ഥിരീകരിക്കുന്നു.

**5. വിജ്ഞാനതരംഗവും വചനത്തിന്റെ പ്രകാശവും**

തുറന്ന ഹൃദയത്തോടെ വിശ്വാസദാനം സ്വീകരിച്ചവരെ സംബന്ധിച്ചിടത്തോളം സ്നേഹം, സത്യം, ജീവിതത്തിന്റെ അർത്ഥം എന്നിവയെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് ഏറ്റവും മൗലികമായ പ്രത്യുത്തരം യേശുക്രിസ്തു ആകുന്ന വ്യക്തിയിൽ കണ്ടെത്തും. പ്രസ്തുത ചോദ്യങ്ങൾ സാമൂഹിക നെറ്റുവർക്കുകളിലും ഉള്ളവയാണ്. ഡിജിറ്റൽ മണ്ഡലത്തിൽ കണ്ടുമുട്ടുന്നവരുമായി വിശ്വാസം ആദരവോടെ, സന്ദർഭോചിതമായി, പങ്കുവയ്ക്കാൻ വിശ്വാസികൾ ആഗ്രഹിക്കുകയെന്നത് സ്വാഭാവികമാണ്. എന്നാലും ആത്യന്തികമായി സുവിശേഷം പങ്കുവയ്ക്കാനുള്ള നമ്മുടെ പരിശ്രമങ്ങൾ നല്ല ഫലം ഉളവാക്കുന്നുണ്ടെങ്കിൽ എപ്പോഴും അത് ഹൃദയങ്ങളെ സ്പർശിക്കാൻ ദൈവവചനത്തിനു കഴിവുള്ളതുകൊണ്ടാണ്. നമ്മുടെ ഏതു പരിശ്രമത്തിനും മുമ്പേ ദൈവവചനത്തിൽ അങ്ങനെ ചെയ്യാൻ കഴിയും. ദൈവിക പ്രവൃത്തിയുടെ ശക്തിയിലുള്ള വിശ്വാസം എപ്പോഴും മാനുഷിക മാർഗങ്ങളിലുള്ള വിശ്വാസത്തെക്കാൾ വലുതായിരിക്കണം. ഡിജിറ്റൽ സാഹചര്യത്തിൽ ചൂടുപിടിച്ച, വിഭജനപരമായ ശബ്ദങ്ങളുണ്ടാവുക എളുപ്പമാണ്. ചിലപ്പോൾ വൈകാരികത പ്രബലപ്പെടുകയും ചെയ്യും. അതുകൊണ്ട്, അവിടെയും ശ്രദ്ധാപൂർവകമായ തിരിച്ചറിയലുണ്ടാകണം.

ഇതിനെ സംബന്ധിച്ചിടത്തോളം നാം ഒരു വസ്തുത ഓർമ്മിക്കണം. അതായത്, ഏലിയാ പ്രവാചകൻ ദൈവത്തിന്റെ ശബ്ദം തിരിച്ചറിഞ്ഞത്, കൊടുങ്കാറ്റിലല്ല, ഭൂകമ്പത്തിലോ അഗ്നി പ്രളയത്തിലോ അല്ല പിന്നെയോ "ശാന്തമായ ചെറിയ ശബ്ദത്തിലാണ്" (1 രാജാ 19:11 –12). സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും അർത്ഥവും സത്യവും കണ്ടെത്താനുമുള്ള മനുഷ്യന്റെ മൗലികമായ ആഗ്രഹം, വാഴ്ത്തപ്പെട്ട കാർഡിനൽ ന്യൂമാൻ വിശ്വാസത്തിന്റെ "സൗമ്യപ്രകാശം" എന്നു

വിളിച്ച പ്രകാശത്തിലേക്ക് നമ്മുടെ സമകാലീനരെ തുറന്ന ഹൃദയമുള്ള വരായി നയിക്കുന്നുണ്ട് എന്ന വസ്തുതയിൽ നാം വിശ്വസിക്കണം. ഇപ്പ റഞ്ഞ ആഗ്രഹം ദൈവം തന്നെ ഓരോ പുരുഷന്റെയും സ്ത്രീയുടെയും ഹൃദയത്തിൽ സ്ഥാപിച്ചിട്ടുള്ളതാണ്.

**6. മാനവ പുരോഗതിയുടെ ദീപ്തമായ സാന്നിധ്യം**

സാമൂഹിക നെറ്റുവർക്കുകൾ സുവിശേഷവത്കരണത്തിനുള്ള ഒരു മാർഗമെന്നപോലെ മാനുഷിക വികസനത്തിനുള്ള ഒരു ഘടകം കൂടിയാണ്. ഉദാഹരണമായി, ഭൂമിശാസ്ത്രപരവും സാംസ്കാരികവു മായ ചില സാഹചര്യങ്ങളിൽ ക്രൈസ്തവർക്ക് തങ്ങൾ ഒറ്റപ്പെട്ടവരാ ണെന്നു തോന്നും. അവർക്ക് വിശ്വാസികളുടെ ലോകവ്യാപകമായ സമൂഹവുമായി യഥാർത്ഥ ബന്ധമുണ്ടെന്ന ബോധം പുന:സ്ഥാപിക്കാൻ സാമൂഹികനെറ്റുവർക്കിനു കഴിയും. ആധ്യാത്മികവും ലിറ്റർജിപരവു മായ ഉറവിടങ്ങളിൽ പങ്കുപറ്റുകയെന്നത് നെറ്റുവർക്കുകൾ സുഗമമാ ക്കുന്നു. ഒരേ വിശ്വാസമുള്ളവരോട് കൂടുതൽ അടുത്തുനിന്നു പ്രാർത്ഥി ക്കുന്നുവെന്ന ബോധമുണ്ടാകാൻ അവ സഹായിക്കുന്നു.

വിശ്വാസത്തിൽനിന്ന് അകലെ നില്ക്കുന്നവരുടെ ചോദ്യ ങ്ങൾക്കും സംശയങ്ങൾക്കും ആത്മാർത്ഥമായി, പാരസ്പര്യത്തോടെ മറുപടി പറയുന്നതിൽ ഏർപ്പെടണം. ദൈവ സാന്നിധ്യത്തിലുള്ള വിശ്വാ സത്തെയും നമ്മുടെ പ്രായോഗിക പരസ്നേഹത്തെയും പ്രാർത്ഥന കൊണ്ടും പരിചിന്തനംകൊണ്ടും വളർത്തണമെന്ന ചിന്തയിലേക്കു അതു നമ്മെ നയിക്കണം: ‘‘ഞാൻ മനുഷ്യരുടെയും ദൈവദൂതന്മാരു ടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന കൈത്താളമോ ആണ് ’’ (1 കോറി 13:1).

**7. വിശ്വാസ വെളിച്ചത്തിൽ വളർത്തുന്ന മാധ്യമങ്ങൾ**

പ്രാർത്ഥിക്കാനും ധ്യാനിക്കാനും ദൈവവചനത്തിൽ പങ്കുചേരാ നുള്ള അവസരങ്ങൾ നമ്മുടെ സമകാലികർക്കു നല്കുന്ന സാമൂഹിക നെറ്റുവർക്കുകൾ ഡിജിറ്റൽ ലോകത്തുണ്ട്. എന്നാൽ ഈ നെറ്റുവർക്കു കളെ വിശ്വാസത്തിന്റെ മറ്റു മാനങ്ങളിലേക്കും തുറക്കാവുന്നതാണ്. പലരും ഓൺലൈനുമായുള്ള പ്രാരംഭബന്ധത്തിന്റെ സഹായത്താൽ നേരിട്ടുള്ള കണ്ടുമുട്ടലുകൾ, സമൂഹത്തിന്റെ അനുഭവങ്ങൾ, തീർത്ഥാ ടനങ്ങൾ – എന്നിവയുടെ പോലും പ്രാധാന്യം ഇന്നു കണ്ടെത്തുന്നുണ്ട്. ആ ഘടകങ്ങളെല്ലാം വിശ്വാസയാത്രയിൽ എപ്പോഴും പ്രാധാന്യമുള്ള വയാണ്.

ഡിജിറ്റൽ ലോകത്ത് സുവിശേഷം സന്നിഹിതമാക്കാനുള്ള നമ്മുടെ പരിശ്രമത്തിൽ പള്ളികൾ, ചാപ്പലുകൾ മുതലായ സ്ഥലങ്ങളിൽ പ്രാർത്ഥനയ്ക്കും ലിറ്റർജിപരമായ ആഘോഷങ്ങൾക്കും ഒന്നിച്ചു വരാൻ ആളുകളെ ക്ഷണിക്കാൻ കഴിയും. നമ്മുടെ വിശ്വാസത്തിന്റെ പ്രകടനത്തിലും സുവിശേഷസാക്ഷ്യം വഹിക്കലിലും സമന്വയമോ ഐക്യമോ ഇല്ലാതിരിക്കരുത്. നാം ജീവിക്കാൻ വിളിക്കപ്പെട്ട ഭൗതികമോ ഡിജിറ്റലോ ആയ ഏതു യാഥാർത്ഥ്യത്തിലും സമന്വയവും ഐക്യവും ഉണ്ടായിരിക്കണം. ഏതുവിധത്തിലായാലും നാം മറ്റുള്ളവർക്ക് സന്നിഹിതരായിരിക്കുമ്പോൾ ലോകത്തിന്റെ വിദൂരസ്ഥമായ അതിർത്തികൾവരെ ദൈവസ്നേഹം അറിയിക്കാൻ നമുക്കു കടമയുണ്ട്.

**ഉപസംഹാരം**

ദൈവത്തിന്റെ ചൈതന്യം എല്ലായ്പ്പോഴും നിങ്ങളോടൊപ്പം ഉണ്ടായിരിക്കാനും നിങ്ങളെ പ്രകാശിപ്പിക്കാനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങൾ സുവിശേഷത്തിന്റെ യഥാർത്ഥ മുന്നോടികളും സാക്ഷികളും ആയിരിക്കാൻ നിങ്ങളെ എല്ലാവരെയും ഞാൻ ഹൃദയപൂർവ്വം ആശീർവദിക്കുന്നു. ''നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മർക്കോ 16:15).

വത്തിക്കാനിൽനിന്ന് 24 ജനുവരി 2013, വിശുദ്ധ ഫ്രാൻസിസ് ഡി സാലസിന്റെ തിരുനാൾ ദിവസം

**ബെനഡിക്റ്റ് 16–ാമൻ മാർപാപ്പാ**

(മാധ്യമദിനസന്ദേശം എല്ലാവർഷവും ജനുവരി 24-നാണ് പ്രസിദ്ധീകരിക്കുന്നത്. ഈ വർഷവും അതേ ദിവസം തന്നെയാണ് ഈ സന്ദേശം പുറത്തിറക്കിയത്. അന്ന് ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പായാണ് സഭയുടെ പരമാധ്യക്ഷൻ എന്ന നിലയിൽ ഇതു തയ്യാറാക്കിയത്.)

# വിശ്വാസവർഷസമാപനം

**2013 നവംബർ 24**

## കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയമുള്ളവരേ,

1. 2012 ഒക്ടോബർ 11-ന് ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ ഉദ്ഘാടനം ചെയ്ത വിശ്വാസവർഷം 2013 നവംബർ 24 ഞായറാഴ്ച സമാപിക്കുകയാണല്ലോ. സാർവത്രികസഭയ്ക്ക് ദൈവം നല്കിയ വലിയൊരു ദാനമാണ് വിശ്വാസവർഷം. വിശ്വാസവർഷത്തിൽ നാം നടത്തിക്കൊണ്ടിരുന്ന നിരവധി പരിപാടികളിലൂടെ വിശ്വസിക്കുന്നതിലുള്ള സന്തോഷവും വിശ്വാസം കൈമാറുന്നതിലുള്ള ആവേശവും കണ്ടെത്താൻ നമുക്കു സാധിച്ചിട്ടുണ്ട് (വിശ്വാസത്തിന്റെ വാതിൽ, 7). ദൈവദാനമായ വിശ്വാസത്തിന് (കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം, 153) നന്ദിയർപ്പിച്ചുകൊണ്ട് അതിന് സജീവസാക്ഷ്യം നല്കാൻ വിശ്വാസവർഷം നമുക്ക് പ്രേരണയായി.

2. സജീവ ദൈവവുമായുള്ള കണ്ടുമുട്ടലിൽ നിന്നാണ് വിശ്വാസം ജനിക്കുന്നത് (വിശ്വാസവെളിച്ചം 4). ദൈവത്തെ അനുദിന ജീവിതത്തിൽ നിരന്തരം കണ്ടുമുട്ടുന്നതിനുവേണ്ടി വിശ്വാസവർഷത്തിൽ നാം ആരംഭിച്ച കർമ്മപരിപാടികൾ വിശ്വാസവർഷാചരണത്തിന്റെ സമാപനത്തോടെ നിറുത്താതെ തുടർന്നുകൊണ്ടുപോകാൻ ശ്രദ്ധിക്കുന്നത് നല്ലതാണ്. വിശ്വാസരൂപീകരണം ഒരു തുടർപ്രക്രിയയാണ്. ഒരു വ്യക്തിയുടെ ജീവിതത്തിൽ ഗർഭപാത്രം മുതൽ കുഴിമാടം വരെ നീണ്ടുനില്ക്കേണ്ട പ്രക്രിയയാണ് അത് (കത്തോലിക്കാസഭയുടെ മതബോധന ഡയറക്ടറി, 177-188).

3. ക്രിസ്തു തന്റെ പീഡാസഹനത്തിന്റെ തലേദിവസം പത്രോസിന് ഇങ്ങനെ ഉറപ്പുകൊടുത്തു: "നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു" (ലൂക്കാ 22:32). ദൈവമക്കളുടെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ വേണ്ടി പ്രാർത്ഥിക്കാനും പ്രവർത്തിക്കാനും ഏവർക്കും പ്രത്യേകിച്ച്, സഭാനേതൃത്വത്തിന്, ഉത്തരവാദിത്വമുണ്ട്. സഭ വിശ്വാസത്തെ ഒരിക്കലും ലഘുവായി കാണുന്നില്ല. നമ്മെ നിരന്തരം നയിക്കാൻ വേണ്ടി വിശ്വാസമെന്ന ദൈവികദാനത്തെ പരിപോഷിപ്പിക്കുകയും ശക്തിപ്പെടുത്തുകയും വേണം (വിശ്വാസ വെളിച്ചം, 6). "ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നല്കുന്നു" (2 കോറി 5:14) എന്നു പ്രഘോഷിച്ച വിശുദ്ധ പൗലോസ് അപ്പസ്തോലനെപ്പോലെ ക്രിസ്തുസ്നേഹത്താൽ പ്രചോദിതരായി (വിശ്വാസത്തിന്റെ വാതിൽ, 7) ജീവിക്കാനുള്ള സാഹചര്യമാണ് സൃഷ്ടിക്കപ്പെടേണ്ടത്.

4. ദൈവവചനം വായിക്കാനും ധ്യാനിക്കാനും പഠിക്കാനും വലിയ ആവേശം ഇന്നു കേരളസഭയിൽ പ്രകടമാണ്. ഇതുപോലെതന്നെ കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിന്റെയും യുവജനമതബോധന ഗ്രന്ഥത്തിന്റെയും വായനയും പഠനവും പ്രോത്സാഹിപ്പിക്കപ്പെടണം. സഭയോട് ചേർന്നു നില്ക്കാനും സത്യവിശ്വാസത്തിൽ ആഴപ്പെടാനും അത് ആവശ്യമാണ്. "വിശ്വാസത്തിന്റെ ഉള്ളടക്കം സംബന്ധിച്ച് ക്രമവത്കൃതമായ അറിവിൽ എത്തിച്ചേരുന്നതിന് അമൂല്യവും അനുപേക്ഷണീയവുമായ ഒരു ഉപകരണമാണ് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥമെന്നു ബെനഡിക്ട് മാർപാപ്പാ പറയുകയുണ്ടായി (വിശ്വാസത്തിന്റെ വാതിൽ 11). അതുകൊണ്ട് അത് പഠിക്കാനുള്ള സംഘടിതശ്രമം തുടർന്നുകൊണ്ടുപോകുക തന്നെ വേണം.

5. കേരളസഭയുടെ തന്നെ ചരിത്രത്തെയും തനിമയെയും ആധ്യാത്മിക സമ്പത്തിനെയും കുറിച്ചുള്ള അറിവ് നേടുന്നതിനും നാം തുടർന്ന് ശ്രദ്ധിക്കണം. നമ്മുടെ നാട്ടിൽ നിന്നുള്ള വിശുദ്ധ അൽഫോൻസായെയും വാഴ്ത്തപ്പെട്ടവരെയും ധന്യരെയും ദൈവദാസരെയും കുറിച്ചുള്ള പഠനങ്ങൾ നമ്മുടെ വിശ്വാസജീവിതം ശക്തമാക്കാൻ സഹായിക്കും. അവരുടെ ജീവിത മാതൃകകൾ നമ്മുടെ ആത്മീയ ജീവിതത്തിന് പ്രചോദകമാകാതിരിക്കില്ല. വിശ്വാസവർഷത്തിൽ ഇടവകകളിൽ രൂപംകൊണ്ട എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾ, മതസൗഹാർദ

സമിതികൾ, പരിസ്ഥിതി കൂട്ടായ്മകൾ, ലഹരി വിരുദ്ധ സമിതികൾ എന്നിവയും വിശ്വാസവർഷംകൊണ്ട് അവസാനിപ്പിക്കേണ്ട കാര്യങ്ങളല്ല. വിശ്വാസവർഷത്തിൽ നാം ആരംഭിച്ച പ്രാദേശികമായ തീർത്ഥാടനങ്ങൾ എല്ലാവർഷവും തുടരുന്നത് ഉചിതമാണ്. ശരിയായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന തീർത്ഥാടനങ്ങൾ വിശ്വാസപരിശീലനത്തിനുള്ള നല്ല അവസരമാണ്.

6. സ്നേഹത്തിലൂടെയാണ് നമ്മുടെ വിശ്വാസം കർമ്മനിരതമാകേണ്ടത് (ഗലാ 5:6). ദരിദ്രരെ സഹായിക്കുന്ന മനഃസ്ഥിതി നമ്മിൽ രൂഢമൂലമാകണം. ഇന്നത്തെ മനുഷ്യരുടെ, പ്രത്യേകിച്ച് ദരിദ്രരുടെയും കഷ്ടതയനുഭവിക്കുന്നവരുടെയും, ആനന്ദവും പ്രതീക്ഷയും ക്ലേശവും തീവ്രവേദനയും ഓരോ ക്രിസ്ത്യാനിയുടെയും ആനന്ദവും പ്രതീക്ഷയും ക്ലേശവും തീവ്രവേദനയുമാണ് (രണ്ടാം വത്തിക്കാൻ കൗൺസിൽ, സഭ ആധുനിക യുഗത്തിൽ, 1). നമ്മുടെ സ്നേഹം ആവശ്യപ്പെടുന്നവരിൽ ഉത്ഥിതനായ ക്രിസ്തുവിന്റെ മുഖം തിരിച്ചറിയാൻ നമുക്കു സാധിക്കണം (വിശ്വാസത്തിന്റെ വാതിൽ, 14). “എന്റെ സഹോദരന്മാരിൽ ഏറ്റവും എളിയ ഒരാൾക്ക് നിങ്ങൾ അതു ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്” (മത്താ 25:40) എന്ന ക്രിസ്തുവിന്റെ വാക്കുകൾ നമുക്കുള്ള ഒരു സ്ഥിരം മുന്നറിയിപ്പാണ്.

7. വിശ്വാസവർഷത്തിൽ സഭയ്ക്ക് ലഭിച്ച ദൈവത്തിന്റെ വലിയ സമ്മാനമാണ് ഫ്രാൻസിസ് പാപ്പാ. തന്റെ പ്രസംഗത്തിലൂടെയും ജീവിതത്തിലൂടെയും ലാളിത്യത്തിന്റെയും കാരുണ്യത്തിന്റെയും സംസ്കാരം രൂപപ്പെടുത്താനാണ് പരിശുദ്ധ പിതാവ് പരിശ്രമിക്കുന്നത്. “കരുണയുള്ളവരാകുക,” “വേദനിക്കുന്നവരോട് പക്ഷം ചേരുക,” “ലളിതജീവിതം നയിക്കുക,” “സാഹോദര്യം പടുത്തുയർത്തുക”, “ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുക" തുടങ്ങിയ സന്ദേശങ്ങൾ അദ്ദേഹം ആവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നു. നമ്മുടെ ആഘോഷങ്ങളിലും നിർമാണപ്രവർത്തനങ്ങളിലും വ്യക്തിജീവിതത്തിലും പരിശുദ്ധ പിതാവ് ആവശ്യപ്പെടുന്ന ജീവിതശൈലി ഉൾക്കൊള്ളാൻ നമുക്ക് സാധിക്കണം. തിരുനാളുകളും ജ്ഞാനസ്നാനവും പ്രഥമ ദിവ്യകാരുണ്യവും വിവാഹവും തിരുപ്പട്ടവും ജൂബിലിയും ഒക്കെ ആഘോഷത്തിനും ധൂർത്തിനുമുള്ള അവസരമായി മാറുന്ന പശ്ചാത്തലത്തിൽ എളിമയുടെയും ലാളിത്യത്തിന്റെയും ജീവിതശൈലിയിലേക്ക് തിരിച്ചു പോവുക പ്രധാനപ്പെട്ട

കാര്യമാണ്. വിശ്വാസവർഷത്തിന്റെ ചൈതന്യം തുടർന്നും ജീവിക്കുന്നതിന് അത് ആവശ്യമാണ്. നല്കുന്നതിലെ സന്തോഷം നാം കണ്ടെത്തണം. "സ്വീകരിക്കുന്നതിനെക്കാൾ കൊടുക്കുന്നതാണ് ശ്രേയസ്കരം" (അപ്പ: 20:35) എന്ന വിശുദ്ധ ഗ്രന്ഥവചനം നമുക്ക് ശക്തിയാകണം.

8. വിശ്വാസം വളർന്നുവരുന്ന ഇളംതലമുറയ്ക്ക് പ്രാർത്ഥനയിലൂടെയും കൗദാശിക ജീവിതത്തിലൂടെയും ജീവിതമാതൃകയിലൂടെയും പകർന്നുകൊടുക്കാൻ മാതാപിതാക്കന്മാർ ഉത്സുകരാകേണ്ടതുണ്ട്. വിശ്വാസത്തിന്റെ പൊതു ആചാരങ്ങൾ കുടുംബങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിന് മാതാപിതാക്കന്മാർ ശ്രദ്ധിക്കണം. കുട്ടികളുടെ പക്വമായ വിശ്വാസവളർച്ചയ്ക്ക് അവ ആവശ്യമാണ് (വിശ്വാസവെളിച്ചം 53). പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ ഇക്കഴിഞ്ഞ ലോകയുവജന സമ്മേളനത്തിൽ, ക്രിസ്തുവിൽ സന്തോഷിക്കാനും അവിടുത്തെ ലോകത്തിന് നല്കാനും ആവശ്യപ്പെട്ടത് എല്ലാവർക്കും ബാധകമാണ്. യഥാർത്ഥ വിശ്വാസം നമ്മുടെ സമൂഹങ്ങളെ പ്രത്യാശയിലേക്കു നയിക്കുന്നുവെന്ന് മാർപാപ്പാ വിശ്വാസവെളിച്ചമെന്ന തന്റെ ചാക്രികലേഖനത്തിലും പറയുന്നുണ്ട്. ഓരോ വ്യക്തിയുടെയും മഹത്ത്വം ഉദ്ഘോഷിക്കുന്നതാണ് ക്രൈസ്തവവിശ്വാസം. ദൈവം ഓരോ വ്യക്തിയെയും മൂർത്തമായി സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നതുകൊണ്ടാണിത്. അതിനാൽ, നാം എല്ലാ മനുഷ്യരെയും സ്നേഹിക്കുകയും ആദരിക്കുകയും വേണം. നീതി, നിയമവ്യവസ്ഥ, സമാധാനം, നല്ല മനുഷ്യബന്ധങ്ങൾ എന്നിവ നടപ്പാക്കിക്കൊണ്ട് സഭയുടെ വിശ്വാസത്തിന്, നാം സാക്ഷ്യം വഹിക്കണം.

9. പരിശുദ്ധ പിതാവ് നിർദ്ദേശിച്ചിട്ടുള്ളതുപോലെ വിശ്വാസവർഷത്തിന്റെ സമാപനം രൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും സന്ന്യാസഭവനങ്ങളിലും സെമിനാരികളിലും സംഘടനകളിലും നമുക്കു നടത്താം. സമാപനദിവസം കുടുംബങ്ങളിൽ കുടുംബപ്രാർത്ഥനാസമയത്ത് ദീപം കൈകളിലേന്തി വിശ്വാസപ്രമാണം ചൊല്ലുന്നത് പ്രതീകാത്മകമായി വിശ്വാസവെളിച്ചം കുടുംബാംഗങ്ങളിൽ നിറയുന്നതിന് സഹായകമാണ്. ക്രിസ്തുവിന്റെ തേജസ്സ്, കണ്ണാടിയിലെന്നപോലെ ക്രൈസ്തവരുടെ മുഖത്ത് പ്രകാശിക്കുന്നുണ്ട്. അത് വ്യാപിക്കുമ്പോൾ നമ്മിലേക്ക് ഇറങ്ങിവരുന്നു. ആ ദർശനത്തിൽ പങ്കുചേരാനും മറ്റുള്ളവരിലേക്ക് ആ പ്രകാശം പ്രതിബിംബിക്കാനും നമുക്ക് കഴിയണം

(വിശ്വാസവെളിച്ചം, 37). വിശ്വാസവർഷം വിവിധപരിപാടികളിലൂടെ രൂപതാ തലത്തിലും ഇടവകതലത്തിലും ആസൂത്രണം ചെയ്തു നടപ്പിലാക്കിയ ഏവർക്കും അഭിനന്ദനം. ദാനമായി ലഭിച്ച സത്യവിശ്വാസത്തിനു നന്ദി പറയാനും അതിൽ അടിയുറച്ചു നില്ക്കാനും സജീവസാക്ഷ്യം നല്കാനും നമുക്ക് തുടർന്നും കഴിയട്ടെ. എല്ലാ ദൈവാനുഗ്രഹങ്ങളും പ്രാർത്ഥിച്ചുകൊണ്ട്,

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**ആർച്ചബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, പ്രസിഡന്റ്**

**ആർച്ച്ബിഷപ്പ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ, വൈസ് പ്രസിഡന്റ്**

**ആർച്ച്ബിഷപ്പ് തോമസ് മാർ കൂറിലോസ്, സെക്രട്ടറി ജനറൽ**

---

**NB:- ഈ സർക്കുലർ 2013 നവംബർ മാസത്തിലെ സൗകര്യപ്രദമായ ഒരു ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

**സെന്റ് ജോൺ ലാറ്ററൻ ബസിലിക്കയിൽവച്ച് റോമിന്റെ മെത്രാൻ തന്റെ രൂപതയിലെ വൈദികരുമായി നടത്തിയ സംഭാഷണത്തിന്റെ പരിഭാഷ**

## കാരുണ്യത്തിലുള്ള നിലനിൽപ്

### അപകീർത്തി വരുത്തുന്ന ഏത് സംഭവത്തെക്കാളും ശക്തമാണ് അനേകരുടെ വിശുദ്ധി; അതുകൊണ്ട് തിരുസഭ തകരുകയില്ല

ഒരു വൈദികന്റെ ദൗത്യം നിറവേറ്റാനുള്ള അനുദിന യത്നത്തിൽ അയാളെ നിലനിർത്തുന്നത് യേശുവിന്റെ കാരുണ്യപൂർവമായ കടാക്ഷ മാണ്. ഹോർജെ മാരിയോ ബെർഗോളിയോയെ സംബന്ധിച്ചും ഇക്കഴിഞ്ഞ 60 വർഷമായി ഇത് വാസ്തവമായിരുന്നു. ആറുമാസം മുൻപ് അദ്ദേഹം റോമിന്റെ മെത്രാനായി. സെപ്തംബർ 16–ാം തീയതി, തിങ്കളാഴ്ച രാവിലെ തന്റെ രൂപതയുടെ ഹൃദയത്തിലേക്ക് കടന്നു ചെല്ലാൻ അദ്ദേഹം നിർണ്ണായകമായ ഒരു കാൽവയ്പ് നടത്തി. റോമിലെ മെത്രാന്റെ സിംഹാസന ദൈവാലയമായ സെന്റ് ജോൺ ലാറ്ററൻ ബസി ലിക്കയിൽ ഫ്രാൻസീസ് മാർപാപ്പ തന്റെ വൈദികരുമായി ദീർഘമായ ഒരു സംഭാഷണം നടത്തി. ഈ കൂടിക്കാഴ്ചയ്ക്ക് തയ്യാറെടുക്കുന്നതി നായി, ഈ വേനൽക്കാലത്തിന്റെ തുടക്കത്തിൽ തന്റെ വൈദികർ വായി ക്കുന്നതിനും വിചിന്തനം നടത്തുന്നതിനുമായി മാർപാപ്പ ഒരു പാഠഭാഗം നിർദ്ദേശിച്ചിരുന്നു.

ഈ സമ്മേളനത്തിനിടയ്ക്ക് മാർപാപ്പ ഒരു വൈദികനോട് ഉള്ളു തുറന്നു പറഞ്ഞു: "ഞാൻ വൈദികനാണ് എന്ന അനുഭവമാണ് എനി ക്കുള്ളത്." ബ്യൂണസ് അയേഴ്സിലെ തന്റെ വ്യക്തിപരമായ അനുഭവ ങ്ങൾ അനുസ്മരിച്ചുകൊണ്ട് മാർപാപ്പ പറഞ്ഞു: "ഇപ്പോൾ താൻ മാർപാപ്പ ആയിരിക്കുന്നു, എങ്കിലും ഇതുകൊണ്ട് താൻ കൂടുതൽ പ്രാമു ഖ്യമുള്ളവനായി എന്ന തോന്നൽ ഉണ്ടായിട്ടില്ല. ആ പരീക്ഷണം നേരി ടേണ്ടിവന്നില്ല." തനിക്കുവേണ്ടി പ്രാർത്ഥിക്കണം എന്ന് അദ്ദേഹം റോമിലെ വൈദികരോട് അഭ്യർത്ഥിച്ചു. പ്രത്യേകിച്ചും വിശുദ്ധ മത്താ യിയുടെ തിരുനാൾ ദിനമായ സെപ്തംബർ 21–ാം തീയതി. കാരണം 60 വർഷം മുൻപ് ഈ ദിവസമാണ് മാർപാപ്പ പൗരോഹിത്യത്തിലേക്കുള്ള തന്റെ ദൈവവിളി തിരിച്ചറിഞ്ഞത്.

സമ്മേളനം തുടങ്ങിയത് 'Veni Creator Spiritus' ആലപിച്ചു കൊണ്ടും യോഹന്നാന്റെ സുവിശേഷത്തിൽനിന്ന് ഒരു ഭാഗം വായിച്ചു കൊണ്ടുമാണ്. സമ്മേളനത്തിന്റെ ആദ്യപകുതിയിൽ മാർപാപ്പ സംസാരിച്ചതു പ്രധാനമായും ജനങ്ങളുടെ ഇടയിൽ ഒരു വൈദികൻ തന്റെ ദൗത്യം നിറവേറ്റുന്നതിന് നേരിടേണ്ടിവരുന്ന വലിയ അധ്വാനത്തെപ്പറ്റിയാണ്. വൈദികനായിരിക്കുക എന്നു പറഞ്ഞാൽ കഠിനാധ്വാനം ചെയ്യുക എന്നാണ് അർത്ഥം. എന്തെന്നാൽ ഇന്ന് ആളുകൾക്ക് എന്നത്തേക്കാളും കൂടുതൽ ആവശ്യങ്ങളുണ്ട്. മടുത്തു തളർന്നു എന്ന തോന്നൽ വൈദികനുണ്ടാകും. ഇതിൽ തന്നെപ്പറ്റിയുള്ള ചോദ്യങ്ങളും ഉണ്ടാകും. തന്റെ വിളിയുടെ നന്മയെപ്പറ്റി, അത് ആവശ്യപ്പെടുന്ന പരിത്യാഗത്തെപ്പറ്റി സ്വയം ചോദ്യങ്ങൾ ചോദിക്കും. പരിത്യാഗത്തിൽ ഏറ്റവും പ്രധാനം ജൈവശാസ്ത്രപരമായ പിതൃത്വം ഉപേക്ഷിക്കലാണ്. നിരന്തരം നേരിടുന്നതും കീഴടക്കുന്നതുമായ ഒരു പോരാട്ടമാണ് ഇത്. ഇത് വൈദികൻ തന്റെ മുഴുവൻ അസ്തിത്വത്തോടെ കൈകാര്യം ചെയ്യേണ്ടതും കീഴടക്കേണ്ടതുമായ ഒരു സാഹചര്യമാണ്. ബൈബിളിൽനിന്ന് പല ഉദാഹരണങ്ങളും അദ്ദേഹം എടുത്തുകാട്ടി. എല്ലാറ്റിനുമുപരി മറിയത്തെ മാതൃകയായി ചൂണ്ടിക്കാട്ടി. ജോൺപോൾ രണ്ടാമൻ പറഞ്ഞതുപോലെ, മറിയത്തിന് "ഹൃദയത്തിൽ സവിശേഷമായ ഒരു ഭാരം" അനുഭവപ്പെട്ടു. കൂടാതെ, ഏറ്റവുമധികം ആന്തരിക സംഘർഷം അനുഭവപ്പെടുന്ന നിമിഷങ്ങളിൽ പ്രാർത്ഥനയും മറ്റുള്ളവരുമായി അടുത്തു പെരുമാറുന്നതും – തങ്ങളുടെ മെത്രാനുമായി ആദ്യമേതന്നെ അടുപ്പം പുലർത്തുക – വൈദികർക്ക് ഫലപ്രദമായ ഒരു മറുമരുന്നായിരിക്കും.

ഇതിനുശേഷം റോമിലെ വൈദികരുടെ പ്രതിനിധികളായ അഞ്ചു പേർ ചോദിച്ച ചോദ്യങ്ങൾക്ക് ഫ്രാൻസീസ് മാർപാപ്പ മറുപടി നൽകി. വൈദികർക്കൊപ്പം മാർപാപ്പ സഭാജീവിതത്തെ കാര്യമായി ബാധിക്കുന്ന ചില പ്രശ്നങ്ങൾ അഭിമുഖീകരിച്ചു. അദ്ദേഹം ഉടൻതന്നെ വൈദികരോട് ആവശ്യപ്പെട്ടത് ധൈര്യമുള്ളവരായിരിക്കാനാണ്. രചനാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും വേണം. 'രചനാത്മകം' എന്നു പറഞ്ഞാൽ പുതുതായി എന്തെങ്കിലും ചെയ്യണമെന്നല്ല ഉദ്ദേശിക്കുന്നത്. ആവശ്യമായ, അജപാലനവുമായി ബന്ധപ്പെട്ട, മാനസാന്തരങ്ങളിൽ വേണ്ടത് ചെയ്യുക എന്നേ ഉദ്ദേശിക്കുന്നുള്ളൂ. വൈദികർ എപ്പോഴും സുതാര്യതയുള്ളവരും സന്ദർശകരെ സ്വാഗതം ചെയ്യാൻ തയ്യാറുള്ളവരുമാകണം. തങ്ങൾക്ക് കുമ്പസാരിക്കുന്നതിന് കിട്ടിയിട്ടുള്ള വൈദി

കനുമായും തുറന്ന് ഇടപെടണം. ഇടവകയുടെ നടത്തിപ്പിൽ സഹായിക്കുന്ന അല്മായരും സഭയുടെ സ്നേഹസാന്ദ്രമായ മുഖം പ്രകടമാക്കണം. അനുദിന ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് സുവിശേഷം പ്രഘോഷിക്കുന്നതിന് പുതിയ പാതകൾ കണ്ടെത്തണം, എപ്പോഴും ഇത് സാധിക്കണം. പ്രധാനപ്പെട്ട കാര്യം ഇതാണ്. നാം ഇടപെടുന്ന വ്യക്തികൾക്ക് അനുയോജ്യമായ പാതകൾ കണ്ടെത്തുക പ്രാധാന്യമർഹിക്കുന്നു; ഉദാഹരണത്തിന്, ജ്ഞാനസ്നാനത്തിനു മുൻപുള്ള പഠനക്ലാസുകളിൽ പങ്കെടുക്കുന്നത് ആയാസരഹിതമാക്കുക, ചുറ്റുപാടുമുള്ള മിഷൻ പ്രവർത്തനങ്ങളിൽ അല്മായരെയും പങ്കാളികളാക്കുക. റോമാ പോലുള്ള വലിയൊരു നഗരത്തിൽ എപ്പോഴും ഹൃദയപൂർവം വരുന്നവരെയെല്ലാം സ്വാഗതം ചെയ്യുക തുടങ്ങിയവ എളുപ്പമല്ല എന്ന് മാർപാപ്പ സമ്മതിച്ചു. എങ്കിലും സാമ്പത്തികകാര്യങ്ങൾക്കു മുൻഗണന നൽകുന്ന ഒരുദ്യോഗസ്ഥന്റെ മുൻപിലാണ്, ആത്മീയ താത്പര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഒരാളുടെ മുൻപിലല്ല, താൻ നിൽക്കുന്നത് എന്ന തോന്നൽ ആളുകൾക്കുണ്ടാകരുത് എന്ന ശക്തമായ ഭാഷയിൽ മാർപാപ്പ മുന്നറിയിപ്പു നൽകി.

തങ്ങൾക്ക് ദൈവവിളി എങ്ങനെയുണ്ടായി എന്നതിന്റെ ഓർമ്മ നിലനിർത്തണമെന്ന് റോമിന്റെ മെത്രാൻ തന്റെ വൈദികരെ ഉപദേശിച്ചു; യേശുവിനോട് അവർക്കുണ്ടായ ആദ്യ സ്നേഹത്തിന്റെ നിമിഷം. ഒരാൾ പ്രേമിക്കാൻ തുടങ്ങുന്നതിനു സമാനമായ ഒരനുഭവമാണ് ഇത്. വൈദികർ എപ്പോഴും "പ്രണയബദ്ധരാ"യിരിക്കണം. ഓർമ്മിക്കാനൊന്നുമില്ലാത്ത സഭ നിർജ്ജീവമാണ്. ലോകത്തിന്റെ അരൂപിയിലേക്ക് വഴുതിവീഴാതെ നമ്മെ കാത്തുസൂക്ഷിക്കുന്നത് ഓർമ്മയാണ്.

ആളുകളെ ആപത്തുകളുടെ മധ്യത്തിൽ ഉപേക്ഷിക്കാതെ എപ്പോഴും സത്യം പറയാനുള്ള കഴിവും നിർണ്ണായകമാണ്. യഥാർത്ഥത്തിൽ, ദൈവത്തിന്റെ സത്യവും വ്യക്തിപരമായ മുൻകരുതലും കൈകോർത്തു നടക്കുന്നു. അശ്രദ്ധയോ അതിശ്രദ്ധയോ അല്ല പ്രശ്നം; കാരുണ്യമനോഭാവവുമല്ല. നേരെമറിച്ച് ആളുകളെ സന്തോഷത്തോടെ സ്വീകരിക്കുകയും അവരോടൊപ്പം യാത്ര ചെയ്യുകയുമാണ് വേണ്ടത്. എമ്മാവൂസിലേക്കുള്ള പാതയിൽ രണ്ട് ശിഷ്യന്മാരോടൊപ്പം യേശു നടന്നതുപോലെ; സഹയാത്രികരാകുക.

തിരുസഭയ്ക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കിയ ബാലപീഡനം പോലുള്ള ഗൗരവമേറിയ പ്രശ്നങ്ങളും മാർപാപ്പ ചർച്ച ചെയ്തു. അവ

ചർച്ച ചെയ്യുന്നതിൽ നിന്ന് ഫ്രാൻസിസ് മാർപാപ്പ ഒഴിഞ്ഞുമാറിയില്ല. ജീർണിച്ചു തകർന്ന ദൈവാലയം ഫ്രാൻസിസ് ഓഫ് അസ്സീസി പുതുക്കി പണിയുന്നത് സ്വപ്നം കണ്ട ഇന്നസെന്റ് മൂന്നാമനെക്കുറിച്ച് ഒരു വൈദികൻ പരാമർശിച്ചു. അപ്പോൾ മാർപാപ്പ ആ വൈദികന് ഉറപ്പു നൽകി, തിരുസഭ തകരുകയല്ല ചെയ്യുന്നതെന്ന്. എന്തെന്നാൽ ഇന്ന്, എന്നത്തെയും പോലെ തിരുസഭയിൽ വളരെയേറെ വിശുദ്ധിയുണ്ട്. അനുദിനജീവിതത്തിൽ തങ്ങളുടെ വിശ്വാസം പ്രാവർത്തികമാക്കുന്ന നിരവധി സ്ത്രീകളും നിരവധി പുരുഷന്മാരും ഉണ്ട്. വിശുദ്ധി അപകീർത്തിയെക്കാൾ ശക്തമാണ്. രണ്ട് ദിവസം മുമ്പ്, സെപ്റ്റംബർ 15-ാം തീയതി, ബ്യൂണസ് അയേഴ്സിലെ ഒരു സ്ത്രീയുമായി താൻ നടത്തിയ ഒരു ടെലിഫോൺ സംഭാഷണത്തെ മാർപാപ്പ പരാമർശിച്ചു. കടലാസുകൊണ്ടുള്ള ഒരു കൈലേസിൽ അവർ മാർപാപ്പയ്ക്ക് ഒരു കത്തെഴുതി. ബ്യൂണസ് അയേഴ്സ് അതിരൂപതയുടെ കാത്തലിക് ടെലിവിഷൻ ചാനലിന്റെ ഡയറക്ടർ കഴിഞ്ഞ വെള്ളിയാഴ്ച ഈ കത്ത് മാർപാപ്പയ്ക്ക് അയച്ചു. അർജന്റീനയുടെ തലസ്ഥാനത്തെ വിമാനത്താവളത്തിൽ ഒരു ദ്വാരപാലകയാണ് ഈ സ്ത്രീ. ഇവർക്ക് മയക്കുമരുന്നിന് അടിമയായ ഒരു മകനുണ്ട്. ജോലിയൊന്നുമില്ല. ആ മകനുവേണ്ടി ഈ സ്ത്രീ പണിയെടുക്കുന്നു. മകന് നല്ല ഭാവിയുണ്ടെന്ന് അവർ പ്രത്യാശിക്കുന്നു. മാർപാപ്പ പറഞ്ഞു: “ഇതാണ് വിശുദ്ധി.”

പാർശ്വവത്ക്കരണം സംബന്ധിച്ചു മൂന്ന് ചോദ്യങ്ങളോടെ സമ്മേളനം അവസാനിച്ചു. ആദ്യമേതന്നെ, അസ്താല്ലി സെന്ററിൽ പറഞ്ഞ വാക്കുകൾ മാർപാപ്പ ആവർത്തിച്ചു. ആ പ്രസംഗത്തിൽ മാർപാപ്പ റോമാ നഗരത്തിന്റെ ഹൃദയവിശാലതയെ പ്രശംസിച്ചിരുന്നു. ഇനിയും കൂടുതൽ നന്മ ചെയ്യാൻ അദ്ദേഹം ജനങ്ങളെ പ്രോത്സാഹിപ്പിച്ചു: പുതുതായി ആരുംതന്നെ ചേരാത്ത, അംഗങ്ങൾ വളരെ കുറഞ്ഞുപോയ, സന്യാസ സഭകൾ തങ്ങളുടെ ഭവനങ്ങളെ ദരിദ്രർക്കായി തുറന്നുകൊടുക്കണം, ഒഴിഞ്ഞ ഭവനങ്ങൾകൊണ്ട് കൂടുതൽ പണമുണ്ടാക്കുക എന്ന പ്രലോഭനത്തിനു വഴങ്ങരുത്, എന്ന് ശുപാർശ ചെയ്തു. ഇതിനുവേണ്ട ധൈര്യം സന്യസ്തർക്കുണ്ടാകണം.

മധ്യത്തുനിന്നാൽ കാണുന്നതിലും വ്യക്തമായി തനിക്ക് യാഥാർത്ഥ്യത്തെ കാണാനാകുക പാർശ്വത്തിൽ നിന്നാണ്, അതിരുകളിൽ നിന്നാലാണ്, എന്ന് മാർപാപ്പ പറഞ്ഞു. നടുക്കുനിന്നു എല്ലാം നോക്കിക്കാണാൻ ശ്രമിക്കുമ്പോൾ ആളുകൾ വികാരശൂന്യരാകുന്നു,

അവരുടെ ഹൃദയത്തെ മരവിപ്പു ബാധിക്കുന്നു. സമൂഹത്തിന്റെ 'പ്രാന്ത പ്രദേശങ്ങൾ' ഭൂമിശാസ്ത്രപരമായ ഒരു ആശയം മാത്രമല്ല. അവസാനമായി റോമിന്റെ മെത്രാൻ കൈകാര്യം ചെയ്തത് വിവാഹം അസാധുവാക്കൽ സംബന്ധിച്ച പ്രശ്നമായിരുന്നു. ബെനഡിക്ട് പതിനാറാമൻ മാർപാപ്പയും ആത്മാർത്ഥമായി വിചിന്തനവിധേയമാക്കിയ ഒരു പ്രശ്നമായിരുന്നു ഇത്. ചില നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്, പഠനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്, എട്ട് കർദ്ദിനാൾമാർ അടങ്ങിയ ഒരു സംഘം ഇതെല്ലാം ഒക്ടോബർ മാസത്തിൽ ചർച്ച ചെയ്യും, മെത്രാന്മാരുടെ സിനഡും ഇത് ചർച്ച ചെയ്യും, എന്ന് ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചു. ഈ സാഹചര്യങ്ങൾ യഥാർത്ഥത്തിൽ അസ്തിത്വത്തിന്റെ അതിരുകളോട് ചേർന്നത് വലിയ പ്രശ്നങ്ങളാണ്, യഥാർത്ഥ്യങ്ങളാണ്, ഇവ കൈകാര്യം ചെയ്യാൻ അജപാലനബദ്ധമായ ധൈര്യം വേണം. എപ്പോഴും സത്യത്തിലും നീതിയിലും കൈകാര്യം ചെയ്യേണ്ട സാഹചര്യങ്ങളാണ് ഇവ.

പ്രതീക്ഷിച്ചതിലും 20 മിനിറ്റുമുൻപേ മാർപാപ്പ എത്തി. അദ്ദേഹത്തോടൊപ്പം റോമിന്റെ വികാരിയായ കർദ്ദിനാൾ അഗസ്റ്റിനോ വല്ലിനി ഉണ്ടായിരുന്നു. തെരഞ്ഞെടുക്കപ്പെട്ട് ഒട്ടും താമസിയാതെ റോമിന്റെ മെത്രാൻ പരിപാടിയിട്ടതാണ് ഈ സമ്മേളനം എന്ന് കർദ്ദിനാൾ വൈദികരോട് പറഞ്ഞു. രൂപത അതിന്റെ മെത്രാന്, ഫ്രാൻസീസ് ഓഫ് അസ്സീസി ഒരു ദൈവാലയം ഉയർത്തിപ്പിടിക്കുന്നതായി ചിത്രീകരിക്കുന്ന ഒരു രൂപം സമ്മാനിച്ചു. ഒരു ഇടവക വികാരിയായ ഫാദർ മസ്സീമോ രചിച്ചതായിരുന്നു ഈ ചിത്രം. രണ്ട് മണിക്കൂറും 10 മിനിറ്റും കഴിഞ്ഞാണ് മാർപാപ്പ വത്തിക്കാനിലേക്ക് മടങ്ങിയത്. മടങ്ങുന്നതിനുമുമ്പ് റോമിന്റെ കത്തീഡ്രൽ ബസിലിക്കയിൽ കുമ്പസാരം കേൾക്കുക എന്ന ശുശ്രൂഷ നടത്തുന്ന ഫ്രെയേഴ്സ് മൈനർ സഭാംഗങ്ങളെ മാർപാപ്പ സന്ദർശിച്ചു. കാരുണ്യമുള്ളവരായിരിക്കാൻ പരിശുദ്ധ പിതാവ് അവരോട് അഭ്യർത്ഥിച്ചു.

*കടപ്പാട് : ഒസ്സെർവത്തോരെ റൊമാനോ*
*മലയാളം എഡിഷൻ*
*26 സെപ്തംബർ 2013*

# രൂപതാകച്ചേരി വാർത്തകൾ

## സമ്പർക്ക മാധ്യമദിനം

ആഗോളസഭയോട് ചേർന്ന് നവംബർ 17-ാം തീയതി നമ്മൾ സമ്പർക്ക മാധ്യമദിനമായി ആചരിക്കുകയാണല്ലോ. "സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ സത്യത്തിന്റെയും വിശ്വാസത്തിന്റെയും വാതിലുകൾ; സുവിശേഷത്തിനുള്ള പുതിയ ഇടങ്ങൾ." വിവേകത്തോടും സത്യസന്ധതയോടും പരസ്പര ആദരവോടുംകൂടി കമ്പ്യൂട്ടർ നെറ്റ് വർക്കുകൾ ഉപയോഗിക്കുമ്പോൾ അവ വ്യക്തികൾ തമ്മിലും കുടുംബങ്ങളും സമൂഹങ്ങളും തമ്മിലുള്ള ഐക്യം ശക്തിപ്പെടുത്തുവാൻ കഴിയും എന്ന് മാധ്യമദിനം നമ്മെ ഓർമ്മിപ്പിക്കുന്നു.

നമ്മുടെ രൂപതയിലെ മാധ്യമ കമ്മീഷന്റെ പ്രവർത്തനങ്ങളെ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. റേഡിയോ മാറ്റൊലിയോടു ചേർന്ന് മീഡിയാ കമ്മീഷന്റെ ഓഫീസും, കമ്മീഷന്റെ നേതൃത്വത്തിൽ സജ്ജമാക്കിയ റിക്കാർഡിംഗ് സ്റ്റുഡിയോയും പ്രവർത്തനക്ഷമമാണ്. മീഡിയ കമ്മീഷന്റെ പ്രഥമ സംരംഭമായി മാനന്തവാടി രൂപത ചരിത്ര ഗ്രന്ഥരചനയുടെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

കമ്മീഷൻ ചെയർമാനായ ബഹുമാനപ്പെട്ട തോമസ് തേരകത്തിലച്ചന്റേയും കമ്മീഷൻ ഡയറക്ടറായ ബഹുമാനപ്പെട്ട ബാബു മാപ്ലശേരിയച്ചന്റേയും കമ്മീഷൻ അംഗങ്ങളുടെയും സഹപ്രവർത്തകരുടെയും പ്രവർത്തനങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. രൂപതാ മീഡിയാ കമ്മീഷന്റെ ഊർജ്ജസ്വലമായ പ്രവർത്തനങ്ങൾകൂടി പ്രത്യേകം കണക്കിലെടുത്തുകൊണ്ട് കമ്മീഷൻ പ്രവർത്തനങ്ങളെ സഹായിക്കാനായി മാധ്യമദിനമായി ആചരിക്കുന്ന നവംബർ 17-ന് ഞായറാഴ്ച പ്രത്യേകമായി സ്തോത്രക്കാഴ്ച സ്വീകരിച്ച് ആ തുക രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## സ്നേഹസ്മരണ

നവംബർ 12-ാം തീയതി നമ്മുടെ പ്രിയപ്പെട്ട ജോസഫ് ചൂരയ്ക്കാമറ്റത്തിലച്ചന്റെ ചരമവാർഷികദിനമാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

## വാർഷികധ്യാനം

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന വൈദികർക്കായുള്ള വാർഷികധ്യാനം സെപ്റ്റംബർ മാസത്തിൽ രണ്ടു ബാച്ചുകളിലായി നടന്നു. ബഹു. ജോസഫ് പാംബ്ലാനി അച്ചൻ നയിച്ച ധ്യാനങ്ങളിൽ 168 വൈദികർ പങ്കെടുത്തു. ധ്യാന വിജയത്തിനായി സഹകരിച്ച എല്ലാവർക്കും നന്ദിയും അഭിനന്ദനങ്ങളും.

ഈ ധ്യാനങ്ങളിൽ പങ്കെടുത്തിട്ടില്ലാത്ത രൂപത വൈദികർ ഈ വർഷം അവസാനിക്കുന്നതിനു മുൻപായി വാർഷികധ്യാനം നടത്തുകയും ആ വിവരം റിപ്പോർട്ട് ചെയ്യുകയും, കുർബാന കണക്കു ബുക്ക് രൂപത കച്ചേരിയിൽ സമർപ്പിച്ച് പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യേണ്ടതാണ്.

## Young Priests' Course

CBCI സമ്മേളന തീയതികളിൽ വന്ന മാറ്റം കാരണം യുവവൈദികരുടെ കോഴ്സിന്റെ തീയതിയിൽ മാറ്റം വരുത്തിയിരിക്കുന്നു. 2014 ഫെബ്രുവരി 24 മുതൽ 27 വരെയായിരിക്കും യുവവൈദികർക്കുവേണ്ടിയുള്ള കോഴ്സ്.

## ബഹു. വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

വിദേശത്ത് ജോലിയ്ക്കു പോകുവാനുള്ള ആവശ്യത്തിനായി നമ്മുടെ വിശ്വാസികളിൽ ചിലർ സഭാപരമായി വിവാഹം ആശീർവ്വദിക്കാതെ രജിസ്റ്റർ വിവാഹം നടത്തി ഏതാനും നാളുകൾക്ക് ശേഷം മനസ്സമ്മതവും വിവാഹ പരസ്യവും നടത്തി വിവാഹം സഭാപരമായി ആശീർവ്വദിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് രൂപതാ കച്ചേരിയെ സമീപിക്കാറുണ്ട്. രജിസ്റ്റർ വിവാഹം കഴിച്ചവർ സർക്കാരിന്റെ മുൻപിൽ ഭാര്യാഭർത്താക്കന്മാരാണ്. അവരുടെ ഒത്തുകല്യാണം നടത്തുന്നതും നിലവിലുള്ള ഒരു വിവാഹത്തെക്കുറിച്ച് പരസ്യം ചെയ്ത് തടസ്സങ്ങൾ ഉണ്ടെങ്കിൽ അറിയിക്കണമെന്നും പറയുന്നതും അർത്ഥമില്ലാത്തതും നിയമവിരുദ്ധവുമായ കാര്യവുമാണ്. അതിനാൽ ഏതു സാഹചര്യത്തിലായാലും കൂദാശപരമായി വിവാഹിതരാകാതെ രജിസ്റ്റർ വിവാഹം ചെയ്യുവാൻ സഭാനിയമം അനുവദിക്കുന്നില്ല എന്ന് ഇടവകജനത്തെ

അറിയിക്കേണ്ടതാണ്. ആരെങ്കിലും ഏതെങ്കിലും കാരണത്താൽ കൂദാശാപരമായി വിവാഹം കഴിക്കാതെ വിവാഹം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ പിന്നീട് അവരുടെ വിവാഹം കൂദാശാപരമായി ആശീർവ്വദിക്കുവാൻ മാത്രമേ അനുവദിക്കുകയുള്ളൂവെന്ന കാര്യം അറിയിക്കുന്നു. മാത്രമല്ല സിവിൽ നിയമത്തിന്റെ മുൻപിൽ വിവാഹം രജിസ്റ്റർ ചെയ്ത തീയതി മുതൽ വധൂവരന്മാർ ഭാര്യാഭർത്താക്കന്മാരാകുന്നതിനാലും അതേ നിമിഷത്തിൽ തന്നെ അവരുടെ വിവാഹം നിലവിൽ വരുന്നതിനാലും കൂദാശാപരമായ വിവാഹത്തീയതി യഥാർത്ഥ വിവാഹത്തീയതിയായി കണക്കാക്കുന്നതല്ല.

**മെത്രാന്മാരുടെ അസാധാരണസിനഡ്**

2014 ഒക്ടോബർ 5 മുതൽ 19 വരെ തീയതികളിൽ റോമിൽവച്ച് **'സുവിശേഷവത്കരണ പശ്ചാത്തലത്തിൽ കുടുംബങ്ങളുമായി ബന്ധപ്പെട്ട അജപാലന വെല്ലുവിളികൾ'** എന്ന വിഷയത്തെ ആസ്പദമാക്കി മെത്രാന്മാരുടെ ഒരു അസാധാരണ സിനഡ് പരി.പിതാവ് ഫ്രാൻസീസ് പാപ്പ വിളിച്ചു ചേർക്കുന്നകാര്യം നമ്മുടെ ശ്രദ്ധയിൽ വന്നു കാണുമല്ലോ. പ്രസ്തുത സിനഡിന് ഒരുക്കമായി വത്തിക്കാനിലെ സിനഡ് സെക്രട്ടറിയേറ്റ് തയ്യാറാക്കിയ ഇംഗ്ലീഷ് ഭാഷയിലുള്ള കരട് പഠനരേഖ നമ്മുടെ രൂപതയുടെ വെബ്സൈറ്റിൽ (www.diocesemdy.org) കൊടുത്തിട്ടുണ്ട്. മലയാള പരിഭാഷ തയ്യാറാകുമ്പോൾ ലഭ്യമാക്കുന്നതായിരിക്കും. സാധിക്കുന്നതുപോലെ ഇടവക-ഫൊറോന-സംഘടനാതലങ്ങളിലും, സന്യാസ സമൂഹങ്ങളിലും ഈ പഠനരേഖ ചർച്ചാവിഷയമാക്കുകയും പ്രതികരണങ്ങൾ തയ്യാറാക്കി വികാരിജനറാളച്ചന് 2013 ഡിസംബർ 15 ന് എങ്കിലും ലഭിക്കത്തക്ക വിധം അയച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്നു.

**കുടുംബകല്ലറ രസീത്**

കഴിഞ്ഞപ്രാവശ്യം ചേർന്ന വൈദിക സെനറ്റ് ആവശ്യപ്പെട്ടതനുസരിച്ച് കുടുംബകല്ലറ എടുക്കുമ്പോൾ കൊടുക്കേണ്ട രസീത് തയ്യാറായിട്ടുണ്ട്. ബിഷപ്സ് ഹൗസിൽ ലഭ്യമാണ്.

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

2013-16 വർഷത്തേക്കുള്ള പാസ്റ്ററൽ കൗൺസിലിന്റെ രണ്ടാമത്തെ യോഗം 2013 ഒക്ടോബർ 12-ാം തീയതി ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേർന്നു. രാവിലെ 10 മണിക്ക് സിസ്റ്റർ ജെസി പോൾ എസ്.എച്ച്. നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. വികാരിജനറാൾ മോൺ മാത്യു മാടപ്പള്ളിക്കുന്നേൽ സ്വാഗതമാശംസിച്ചു. അഭിവന്ദ്യ പിതാവ് അധ്യക്ഷപ്രസംഗത്തിൽ പാസ്റ്ററൽ കൗൺസിലിന്റെ ഉത്തരവാദിത്വങ്ങളും കടമകളും പ്രാധാന്യവും എടുത്തുപറയുകയുണ്ടായി. നവീകൃത സമൂഹനിർമ്മിതിക്ക് നവീകരിക്കപ്പെടേണ്ട സഭ- വിശ്വാസത്തിന്റെ വെളിച്ചം എന്ന ചാക്രിക ലേഖനത്തിന്റെ പശ്ചാത്തലത്തിൽ - എന്ന വിഷയം സെബാസ്റ്റ്യൻ പാലംപറമ്പിൽ അവതരിപ്പിച്ചു. തുടർന്ന് മുഴുവൻ അംഗങ്ങളെയും അഞ്ച് ഗ്രൂപ്പുകളാക്കി തിരിച്ച് ചർച്ച നടത്തി.

ഗ്രൂപ്പ് 1 - പൊതുനന്മ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സഭ ഏതൊക്കെ നവീന മേഖലകളിലാണ് ഇനി ശുശ്രൂഷ നിർവ്വഹിക്കേണ്ടത്. പാവപ്പെട്ടവരുടെ പക്ഷം ചേരാൻ സഭ ഇന്ന് നിർവഹിക്കേണ്ട സേവനങ്ങൾ ഏവ? സ്നേഹത്തിൽ എപ്രകാരമാണ് നമ്മൾ വിശ്വാസം പ്രവർത്തന നിരതമാക്കേണ്ടത്?

ഗ്രൂപ്പ് 2 - സമൂഹത്തിൽ വർദ്ധിച്ചുവരുന്ന അഴിമതി, ധൂർത്ത്, മദ്യപാനം, കുട്ടികളോടുള്ള അതിക്രമം, സ്ത്രീപീഡനം എന്നിവ ഇല്ലാതാക്കുവാൻ സഭയ്ക്ക് എന്തുചെയ്യുവാൻ കഴിയും?

ഗ്രൂപ്പ് 3 - കുടുംബബന്ധങ്ങൾ കൂടുതൽ ശക്തമാക്കാനും കുടുംബങ്ങളിൽ ക്രൈസ്തവവിശ്വാസം വർദ്ധിപ്പിക്കാനും വളർന്നുവരുന്ന തലമുറക്ക് വിശ്വാസപരിശീലനം നൽകാനും ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങളെക്കാൾ കൂടുതലായി എന്തൊക്കെ ചെയ്യാനാകും? ജീവന്റെ സംസ്കാരം പോഷിപ്പിക്കാനും കൂടുതൽ കുട്ടികൾ ഭവനങ്ങളിലുണ്ടാകാനും വൃദ്ധജനങ്ങളെ ഭവനങ്ങളിൽ തന്നെ ശുശ്രൂഷിക്കാനും എന്തൊക്കെ മുൻകരുതലുകൾ സഭ കൈക്കൊള്ളണം?

ഗ്രൂപ്പ് 4 - സഭയുടെ പ്രവർത്തനത്തിൽ അൽമായരുടെ പങ്കാളിത്തം കൂടുതൽ ഉണ്ടാകാൻ എന്തുചെയ്യണം?

ഗ്രൂപ്പ് 5 – വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ച് പോയവരെ തിരിച്ചു കൊണ്ടുവരാൻ നമുക്ക് എന്തുചെയ്യാൻ സാധിക്കും? സത്യവിശ്വാസ ത്തിൽ ഉറച്ചു നിൽക്കുന്ന രീതിയിൽ വിശ്വാസപരിശീലനം നടത്താൻ എന്തൊക്കെ കാര്യങ്ങൾ കൂടി നാം ശ്രദ്ധിക്കണം.

ഗ്രൂപ്പുകളുടെ നിഗമനങ്ങളും നിർദ്ദേശങ്ങളും പൊതുവായി അവ തരിപ്പിക്കുകയും പൊതുചർച്ച നടത്തുകയും ചെയ്തു. വിവിധ ഗ്രൂപ്പു കളുടെ റിപ്പോർട്ടുകൾ, ശ്രീ. സജി നരിവേലിൽ, ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, ശ്രീ. ജോസ് പള്ളത്ത്, ശ്രീ. ടോമി നെടുങ്കൊമ്പിൽ, അഡ്വ. ജോസ് കുറുമ്പാലക്കാട്ട് എന്നിവർ അവതരിപ്പിച്ചു.

**ഗ്രൂപ്പ് ചർച്ചകളിൽ നിന്നും ഉയർന്ന നിർദ്ദേശങ്ങൾ**

1. എല്ലാ ഇടവകകളിലും 'ഹെൽപ് ഡെസ്കുകൾ' സ്ഥാപിക്കണം.
2. പാസ്റ്ററൽ മിനിസ്ട്രി ശാക്തീകരിക്കാനുള്ള ശ്രമങ്ങളും നടപടികളും ഉണ്ടാകണം.
3. പാരീഷ് കമ്മിറ്റികൾ ഇടവകയുടെ വിശ്വാസവളർച്ചക്ക് നേതൃത്വം നൽകുന്ന സമിതികളായി രൂപാന്തരപ്പെടണം. രൂപതയുടെ നിയമാ വലി അനുശാസിക്കുംവിധം കമ്മിറ്റികൾ ശാക്തീകരിക്കപ്പെടണം.
4. വിവാഹം, മാമ്മോദീസ, ആദ്യകുർബാന, തിരുപ്പട്ടം, സഭാവസ്ത്ര സ്വീകരണം, തിരുനാളുകൾ മുതലായവ ക്രൈസ്തവ ചൈതന്യ ത്തിൽ നടത്തപ്പെടണം. ചെലവ് ചുരുക്കി ധൂർത്ത് ഒഴിവാക്കി സമൂഹ ത്തിന് മാതൃകയാകണം. ഈ വിഷയത്തിൽ പിതാവ് നൽകിയിരി ക്കുന്ന നിർദ്ദേശങ്ങൾ പാലിക്കാൻ കൗൺസിൽ അംഗങ്ങൾക്കും, കമ്മിറ്റി അംഗങ്ങൾക്കും ഉത്തരവാദിത്വമുണ്ട്.
5. വിശ്വാസികളിലുണ്ടായിക്കൊണ്ടിരിക്കുന്ന (പൊതുസമൂഹത്തിന്റെ ഭാഗമെന്ന നിലയിൽ) ധാർമ്മീക അധപതനത്തെക്കുറിച്ച് ജാഗ്രത പാലിക്കണം. വിഭാഗങ്ങൾ തിരിച്ച് ഇതിനെതിരെ ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിക്കണം.
6. കുടുംബ ബന്ധങ്ങൾ ശക്തീകരിക്കപ്പെടണം ഇതിന് വിഘാതമായ ലഹരിക്കെതിരെയുള്ള പോരാട്ടം ശക്തിപ്പെടുത്തണം.
7. 2014–2015 വർഷം ലഹരിവിരുദ്ധ വർഷമായി പ്രഖ്യാപിക്കണം.
8. വൈദിക നേതൃത്വത്തിൽ നിന്ന് വിശ്വാസികളോട് കാരുണ്യപൂർവ്വക മായ ഇടപെടലുണ്ടാകണം.
9. സഭാവിശ്വാസത്തിൽ നിന്നും വ്യതിചലിച്ചവരോടും, വിശ്വാസജീവിത

ത്തിൽ നിർവീര്യരായവരോടും വൈദീകർ നടത്തുന്ന മനുഷ്യത്വ പരവും കരുണാപൂർവകവുമായ നിലപാടുകളോട് ഇടവക ജനം സർവാത്മന സഹകരിക്കണം.

10. ഇടവകാതലം മുതൽ സംഘടനാ പ്രവർത്തനങ്ങൾക്ക് ഒരു കോഡിനേഷൻ രൂപപ്പെടുത്തണം.
11. ഇടവകാ തലത്തിൽ അനുരഞ്ജന സമിതികൾ ശക്തിപ്പെടുത്തുകയും സേവനസന്നദ്ധരും വിശ്വാസത്തിൽ മാതൃകകളുമായവരെ ഉൾപ്പെടുത്തി സ്നേഹസേന (സേവനസംഘം)ക്ക് രൂപം നൽകണം.
12. ഇടവകയ്ക്ക് ഒരു നയരേഖ തയ്യാറാക്കി പ്രവർത്തനങ്ങൾ നടത്തണം.
13. സാംസ്കാരിക കൂട്ടായ്മകൾ രൂപീകരിക്കപ്പെടണം.
14. വിശ്വാസ പരിശീലനം എല്ലാ തലങ്ങളിലും സുസജ്ജമായി സംഘടിപ്പിക്കപ്പെടണം. ഇതിനായി നൂതനമാർഗങ്ങൾ പ്രയോജനപ്പെടുത്തണം.
15. ഇടവകാ തലത്തിലും സംഘടനാതലത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ രൂപതാതലത്തിൽ വിലയിരുത്തപ്പെടണം.
16. രൂപതയുടെ 'വെബ്സൈറ്റ്' വിപുലമാക്കപ്പെടുകയും പുതിയ വിവരങ്ങളും സാധ്യതകളും ഉൾപ്പെടുത്തി അനുദിനം നവീകരിക്കപ്പെടുകയും ചെയ്യണം.
17. വിശ്വാസ സമൂഹത്തിനുനേരെ ഉണ്ടാകുന്ന അതിക്രമങ്ങളിൽ സഭാനേതൃത്വം യഥാസമയം ഇടപടണം. ഇത്തരം സാഹചര്യങ്ങൾ എവിടെയെങ്കിലും ഉണ്ടാകുമ്പോൾ പാസ്റ്ററൽ കൗൺസിൽ/പാരീഷ് കൗൺസിൽ അംഗങ്ങൾ അത് മേൽഘടകങ്ങളിലും, പരസ്പരവും അറിയിക്കണം.
18. മാനവ വിഭവശേഷി വികാസത്തിനും, കരിയർഗൈഡൻസിനും ഉതകുന്നവിധമുള്ള സംവിധാനങ്ങൾ ഉണ്ടാകണം.
19. 'ഗാഡ്ഗിൽ കമ്മിറ്റി' നിർദ്ദേശങ്ങളോട് പ്രതികരിക്കുകയും കൂട്ടായ്മകൾ രൂപപ്പെടുത്തുകയും വേണം.
20. എല്ലാ തലങ്ങളിലും വനിതാ പങ്കാളിത്തം വർദ്ധിപ്പിക്കണം.
21. കാർഷിക മേഖല, സ്വയം തൊഴിൽ മേഖല എന്നിവയിൽ ശക്തീകരണ സഹായകമായ ഇടപെടലുകൾ ഉണ്ടാകണം.
22. രൂപതാതലത്തിൽ ഒരു 'പ്ലാനിംഗ് അസംബ്ലി' സംഘടിപ്പിക്കണം. ഇതിൽ നിന്നും രൂപതാതല നയരേഖ രൂപപ്പെടുത്തണം.
23. പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ പങ്കാളിത്തം ഉറപ്പാക്കണം.

പൊതുചർച്ചയിൽ ഇടപെട്ട് ഫാ. ബാബു മാപ്ലശേരി, ശ്രീമതി മേഴ്സി ആര്യപ്പള്ളി, ശ്രീ. ബേബി ജോസഫ്, സി. എത്സ പൈകട, ശ്രീ. ബെന്നി ഇലഞ്ഞിക്കൽ, അഡ്വ.ജോർജ് ജോസഫ്, ശ്രീ.ഫ്രാൻസീസ് ചെറുകുടത്തുവയലിൽ എന്നിവർ സംസാരിച്ചു. അംഗങ്ങളുടെ നിർദ്ദേശങ്ങൾക്കും ചോദ്യങ്ങൾക്കും അഭിവന്ദ്യ പിതാവ് മറുപടിയും വിശദീകരണങ്ങളും നൽകി. വിശ്വാസ ശാക്തീകരണം വ്യക്തികളിലും കുടുംബങ്ങളിലും ഇടവകകളിലും ഉണ്ടാകേണ്ടതിന്റെ ആവശ്യകത പിതാവ് ഊന്നി പറഞ്ഞു. ഇതിന് നേതൃത്വം നൽകേണ്ടത് അൽമായരായിരിക്കണം. സഭയുടെ സാമൂഹിക ഇടപെടൽ അൽമായ രിലൂടെ ആയിരിക്കണം. ഇതിനായി സഭയെ സ്നേഹിക്കുന്ന സഭാപഠന ങ്ങൾ അറിയുന്ന അൽമായ നേതൃനിര ഉയർന്നുവരണമെന്നും പിതാവ് അഭിപ്രായപ്പെടുകയുണ്ടായി.

കാർഷികരംഗത്തെ പ്രശ്നങ്ങളും അധിവർഷകാലംമൂലം കർഷ കൻ നേരിടുന്ന പ്രശ്നങ്ങളിലും സർക്കാരിന്റെ ഇടപെടലും സഹായവും ഉണ്ടാകണമെന്ന് കൗൺസിൽ പ്രമേയം അവതരിപ്പിച്ചു. ശ്രീ. ജോസ് പള്ളത്താണ് പ്രമേയം അവതരിപ്പിച്ചത്.

അഡ്വ. ജോർജ് ജോസഫ് സമ്മേളനത്തിന് നന്ദി രേഖപ്പെടുത്തി. രൂപതാ ഗാനത്തോടെ 2.15 p.m. ന് സമ്മേളനം സമാപിച്ചു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
സെക്രട്ടറി

## പുതുശേരിക്കടവ് - വിശ്വാസവർഷാചരണം ജൂൺമാസത്തെ പ്രവർത്തന റിപ്പോർട്ട്

വിശ്വാസവർഷത്തിൽ വിശ്വാസപരിശീലനത്തിനു തുടക്കം കുറിച്ചു. ജൂൺ 2-ന് ഞായറാഴ്ച സൺഡേസ്കൂളിലേക്കുള്ള അഡ്മിഷൻ തുടങ്ങി. പുതുതായി പുതുതായിചേർന്ന കുട്ടികളെയും തുടർപഠനം നടത്തുന്ന കുട്ടികളെയും പുതുവർഷത്തേയ്ക്ക് പ്രവേശ നോത്സവത്തിലൂടെ എതിരേറ്റു.

ജൂൺ 5-ാം തീയതി ബുധനാഴ്ച മുതൽ വി.യൗസേപ്പിതാവിന്റെ നൊവേനയും തുടർന്ന് ജപമാലയും കുരിശുപള്ളിയിൽ ആരംഭിക്കുന്ന വിവരം അറിയിക്കുകയും നൊവേനയ്ക്കും ജപമാലയ്ക്കും തുടക്കം കുറിക്കുകയും ചെയ്തു. 7-6-13 ന് തിരുഹൃദയതിരുനാൾ സമുചിത മായി ആചരിച്ചു. ഇടവകയിൽ സേവനമനുഷ്ഠിക്കുന്ന തിരുഹൃദയസഭാം ഗങ്ങളെ പ്രത്യേകം അനുമോദിക്കുകയും തിരുഹൃദയമഠത്തിൽ ദിവ്യ ബലിയർപ്പിച്ച് അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു. 12-6-13 ന് ഇടവകയിൽ തയ്യാറാക്കിയ വി.യൗസേപ്പിതാവിന്റെ നൊവേന പ്രാർത്ഥനയും ജപമാലയും ആരംഭിച്ചു. പ്രതികൂല കാലാവസ്ഥമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന പ്രദേശവാസികൾക്കായി പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥനകൾ നടത്തി. രോഗീസന്ദർശനം നടത്തുകയും ഏറെ ബുദ്ധി മുട്ടനുഭവിക്കുന്നവരെ സാമ്പത്തികമായി സഹായിക്കുകയും ചെയ്തു.

കുടുംബ പ്രാർത്ഥനകൾ, ദിവ്യബലിയിലുള്ള കുടുംബങ്ങളുടെ പങ്കാളിത്തം, വെള്ളിയാഴ്ചകളിലും ഞായറാഴ്ചകളിലും ദിവ്യബലിക്കു മുൻപായി നടത്തുന്ന ആരാധന, തിങ്കൾ, ബുധൻ, ശനി ദിവസങ്ങളിൽ നടത്തുന്ന നൊവേനകൾ, ദിവ്യബലിക്കു മുൻപേ എല്ലാ ദിവസവും നടത്തുന്ന ജപമാല ഇവ മുടക്കംകൂടാതെ നടത്തിവരുന്നു. വിവാഹ വാർഷികം, ജന്മദിനം, ചരമവാർഷികം തുടങ്ങിയ ദിനങ്ങളിൽ പ്രാർത്ഥന ആവശ്യപ്പെടുന്നവർക്കായി പ്രത്യേകം നിയോഗം വച്ച് പ്രാർത്ഥിക്കുന്നു.

**2013 ജൂലൈ മാസത്തെ റിപ്പോർട്ട്**

വിശ്വാസവർഷാചരണത്തിന്റെ ഭാഗമായി ഭാരതത്തിന്റെ അപ്പസ്തോലനായ വി.തോമാശ്ലീഹായുടെ തിരുനാൾ അത്യാഘോഷപൂർവ്വം കൊണ്ടാടി. നാമധാരികളായ ഇടവകാംഗങ്ങളെ ആദരിച്ചു. പൊതു ദിവ്യകാരുണ്യദിനമായി ദുക്റാന തിരുനാൾ ആചരിച്ചു. പ്രതികൂല കാലാവസ്ഥയെ മറികടന്ന് എല്ലാ ദിവസവും ദിവ്യബലിക്കായി എത്തിച്ചേരേണ്ട തെരഞ്ഞെടുക്കുന്ന കുടുംബങ്ങളുടെ സാന്നിധ്യമുണ്ടായിരുന്നു. ജൂലൈ 21 ന് യുവജനങ്ങൾക്കായി സെമിനാർ സംഘടിപ്പിച്ചു. സെമിനാറിൽ ഇടവകയിലെ മുഴുവൻ യുവതീയുവാക്കളും പങ്കുചേർന്നു.

വെള്ളിയാഴ്ചകളിലെ ആരാധന, എല്ലാദിവസവും ദിവ്യബലിക്കു മുൻപായി നടത്തുന്ന ജപമാല, ശനിയാഴ്ചകളിലെ നിത്യസഹായ മാതാവിന്റെ നൊവേന, ബുധനാഴ്ചകളിൽ വൈകുന്നേരം കുരിശുപള്ളിയിൽ വച്ചു നടത്തപ്പെടുന്ന വി. യൗസേപ്പിതാവിന്റെ നൊവേന, തുടർന്നുള്ള ജപമാല ഇവയിൽ ധാരാളം പേർ പങ്കുചേരുന്നു. ജൂലൈ 28 വിശുദ്ധ അൽഫോൻസാമ്മയുടെ മരണതിരുനാളിൽ പ്രത്യേക ദിവ്യബലി അർപ്പിച്ചു പ്രാർത്ഥിച്ചു. അൽഫോൻസാ വാർഡ് തങ്ങളുടെ വാർഡിന്റെ മദ്ധ്യസ്ഥയുടെ തിരുനാൾ ആഘോഷിച്ചു. മാതൃസംഘം, മിഷൻലീഗ്, കെ.സി.വൈ.എം. ഇവയുടെ ഫൊറോനതല മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിനായി പരിശീലനം നൽകി.

**2013 ഓഗസ്റ്റ് മാസത്തെ റിപ്പോർട്ട്**

വിശ്വാസവർഷാചരണത്തിന്റെ ഭാഗമായി വിശ്വാസ പരിശീലന വേദിയായ സൺഡേസ്കൂളിൽ ബൈബിൾ അധിഷ്ഠിത ക്വിസ് മത്സരങ്ങൾ ക്ലാസുകൾ തോറും സംഘടിപ്പിക്കുകയും വിജയികൾക്ക് ചെറു സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു. ഓഗസ്റ്റ് 15 മാതാവിന്റെ സ്വർഗ്ഗാരോപണവും ഇന്ത്യൻ സ്വാതന്ത്ര്യദിനവും സമുചിതമായി ആചരിച്ചു. ദിവ്യബലിക്കുശേഷം പതാകഉയർത്തുകയും ദേശീയഗാനം ആലപിക്കുകയും എല്ലാവർക്കും മധുരപലഹാര വിതരണം നടത്തുകയും ചെയ്തു. സൺഡേസ്കൂൾ കുട്ടികൾ വിവിധ പരിപാടികൾ അവതരിപ്പിച്ചു. ദിവ്യബലിക്കു മുമ്പുള്ള ജപമാല, വെള്ളിയാഴ്ചകളിലെ ആരാധന, ശനിയാഴ്ചകളിലെ നിത്യസഹായമാതാവിന്റെ നൊവേന, തിങ്കളാഴ്ചകളിലെ വി.യൂദാതദേവൂസിന്റെ നൊവേന, ബുധനാഴ്ചകളിലെ വി.യൗസേപ്പിതാവിന്റെ നൊവേന, തുടർന്നു നടത്തുന്ന ജപമാല ഇവയിൽ ധാരാളം പേർ പങ്കുചേരുന്നു. തെരഞ്ഞെടുക്കുന്ന കുടുംബങ്ങളുടെ ദിവ്യബലിയിലുള്ള സജീവസാന്നിധ്യം ഉണ്ടായിരുന്നു. ഈ മാസം മരണമടഞ്ഞ ഇടവകാംഗങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു.

**ഫാ. ജോണി ഇലവുങ്കൽ**

# മതബോധനരംഗം

## HDC സംഗമം

HDC കോഴ്സ് പൂർത്തിയാക്കിയവരുടെയും ഇപ്പോൾ കോഴ്സിൽ പങ്കെടുത്തുകൊണ്ടിരിക്കുന്നവരുടെയും സംഗമം നവംബർ 23-ാം തീയതി ദ്വാരക പാസ്റ്റൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു എന്ന കാര്യം ഒരിക്കൽകൂടി ഓർമ്മപ്പെടുത്തുന്നു. ഫ്രാൻസീസ് പാപ്പയുടെ പ്രഥമ ചാക്രികലേഖനം 'ലൂമെൻ ഫീദെയ്'യുടെ പ്രസക്തിയും പ്രാധാന്യവും കൂടുതൽ മനസ്സിലാക്കത്തക്ക രീതിയിലുള്ള ക്ലാസുകളും ചർച്ചയുമാണ് ഈ സംഗമം ലക്ഷ്യം വെക്കുന്നത്. നവംബർ 23-ാം തീയതി ശനിയാഴ്ച രാവിലെ 9.30 ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിലുള്ള വി.ബലിയോടെയാണ് സംഗമം ആരംഭിക്കുന്നത്. വൈകുന്നേരം 4 മണിയോടെ പ്രോഗ്രാം അവസാനിക്കും. ഓരോ ഇടവക യിൽ നിന്നും ഈ സംഗമത്തിൽ പങ്കെടുക്കുന്നവരുടെ (HDC കോഴ്സ് പൂർത്തിയാക്കിയവരും കോഴ്സ് തുടർന്നുകൊണ്ടിരിക്കുന്നവരും) എണ്ണം നവംബർ 10-ന് മുമ്പ് ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റേഴ്സ് മതബോധന ഓഫീസിൽ അറിയിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

## വിശ്വാസോത്സവം

ഈ വർഷത്തെ വിശ്വാസോത്സവം നവംബർ 9, 10 തീയതികളി ലാണ് നടത്തേണ്ടത്. വിശ്വാസവർഷത്തിന്റെ ചൈതന്യത്തിൽ ഈ വിശ്വാസോത്സവം ഉപകാരപ്രദമായി നടത്തുവാൻ അധ്യാപകർ മുൻകൂട്ടി ഒരുങ്ങണം എന്നകാര്യം ശ്രദ്ധിക്കുമല്ലോ.

## പ്രതിഭാസംഗമം

ഓരോ മേഖലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പന്ത്രണ്ടാം ക്ലാസ് പ്രതിഭകളുടെ രൂപതാ സംഗമം നവംബർ 14-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 ന് ആരംഭിച്ച്

വൈകുന്നേരം 4 മണിക്കാണ് സംഗമം അവസാനിക്കുക. മേഖലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 2 ആൺകുട്ടികളെയും 2 പെൺകുട്ടികളെയും ഈ വിവരം അറിയിക്കുകയും 14-ാം തീയതി പറഞ്ഞയക്കുവാൻ ബഹുമാനപ്പെട്ട മേഖലാ ഡയറക്ടർ അച്ചന്മാരും മേഖലാ സെക്രട്ടറിമാരും ശ്രദ്ധിക്കുമല്ലോ.

### HDC ക്ലാസ്

HDC ആദ്യവർഷക്കാരുടെ രണ്ടാമത്തെ ക്ലാസുകൾ ദ്വാരകയിൽ നവംബർ 16, നവംബർ 30 തീയതികളിലും മണിമൂളിയിൽ ഡിസംബർ 7 നും ആയിരിക്കും. പങ്കെടുക്കേണ്ടവർ സ്ഥലവും തീയതിയും ശ്രദ്ധിക്കുമല്ലോ.

### അർദ്ധവാർഷിക പരീക്ഷ

കുട്ടികളുടെ അർദ്ധവാർഷിക പരീക്ഷ ഡിസംബർ 15-ാം തീയതിയാണ് എന്നകാര്യം ശ്രദ്ധിക്കുക. സിലബസ് അനുസരിച്ച് അധ്യാപകർ പാഠഭാഗങ്ങൾ പഠിപ്പിച്ച് കുട്ടികളെ ഒരുക്കണം എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

**ഫാ. റോയി വട്ടക്കാട്ട്**
മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

## ലോഗോസ് 2013 രൂപതാതല പരീക്ഷ

ഈ വർഷത്തെ ലോഗോസ് ക്വിസിന് 24844 പേർ രജിസ്റ്റർ ചെയ്തു. ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച 3 ഇടവകകൾ 1. മുള്ളൻകൊല്ലി (1077), 2. ചുങ്കക്കുന്ന് (934), 3. ബത്തേരി (802) ഇതിനു നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും (ഫാ. അഗസ്റ്റിൻ നിലയ്ക്കപ്പള്ളി, ഫാ. തോമസ് മണക്കുന്നേൽ, ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ) സഹപ്രവർത്തകർക്കും ബൈബിൾ അപ്പോസ്റ്റലേറ്റിന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**1. ഇടവകാംഗങ്ങളുടെ അംഗസംഖ്യയ്ക്ക് ആനുപാതികമായി ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾ**

a. പനവല്ലി (71.88), b. ലക്കിടി (50.61), c. പുതിയിടംകുന്ന് (48).

**2. 30 ശതമാനത്തിൽ കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച ഇടവക കൾ.**

ബോയ്സ് ടൗൺ (46.37), അപ്പപ്പാറ (44.88), റ്റി.കെ. കോളനി (43.55), വൈത്തിരി (43), അരുവങ്കാട് (38.66), ബാവലി (37.06), കുറുമണി (36.94), കല്ലുമുക്ക് (34.28), കോട്ടത്തറ (31.30), മുണ്ടേരി (31.25), കൽപറ്റ (30.95), പുതുശ്ശേരി (30.85)

**20 ശതമാനത്തിൽ കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച ഇടവകകൾ**

കുഞ്ഞോം (29.30), ജൂഡ്സ് മൗണ്ട് (29.13), കാവുംമന്ദം (28.68), ചുള്ളിയോട് (27.04), വടപുറം (26.45), തോമാട്ടുചാൽ (26.03), മൂലങ്കാവ് (25.49), മുള്ളൻകൊല്ലി (24.93), പൂളപ്പാടം (23.44), കാട്ടിക്കുളം (23.11), മക്കിയാട് (23.07), പുഴമുടി (22.77), ചോക്കാട് (22.29), ഭൂദാനം (21.87), എടയൂർകുന്ന് (21.36), വാഴവറ്റ (21.36), ചൂരൽമല (21).

## Logos 2013- രൂപതാ വിജയികൾ

| | | | |
|---|---|---|---|
| **A Group** | | | |
| I | Ann Rose Palanilkumthottiyil | 68 | Vazhavatta |
| II | Niya Rose Njondamakkal | 67 | Kabanigiri |
| III | Akhil Kizhakepurayil | 62 | Kelakam |
| **B Group** | | | |
| I | Christeena Ancheriyil | 77 | Ambayathode |
| II | Tom Nirmal Vadakkel | 73 | Kenichira |
| III | Elizabeth Kollavelil | 71 | Mullenkolly |
| **C Group** | | | |
| I | Sr. Anna SCV | 98 | Vincentgiri |
| II | Vismaya Vadakkel | 91 | Kenichira |
| III | Sr. Princy SH | 86 | Vazhavatta |
| **D Group** | | | |
| I | Gracy Kochapally | 95 | Mullenkolly |
| II | Shyla Munjanatt | 91 | Pazhoor |
| III | Rejeesh Perumattikunnel | 90 | Chungakunnu |
| **E Group** | | | |
| I | Mary Baby Puthiyidath | 86 | Nadavayal |
| II | Thomas Mangalath | 84 | Chungakunnu |
| III | Valsamma Chenchery | 83 | Nilambur |
| **F Group** | | | |
| I | Reetha Palakkathadathil | 80 | Pazhoor |
| II | Achamma Kunnamkariyil | 79 | Njarappadam |
| III | Annamma Puthiyakunnel | 75 | Vythiri |

ഈ വർഷത്തെ ലോഗോസ് ക്വിസിന്റെ വിജയികൾക്ക് അഭിനന്ദനങ്ങൾ നേരുന്നു. ഇവരെ ഒരുക്കി പറഞ്ഞയച്ച മാതാപിതാക്കളെയും വികാരിയച്ചൻമാരെയും മാതൃസംഘം ആനിമേറ്റേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു. വിജയികൾക്കുള്ള സമ്മാനദാനം ഡിസംബർ 21-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്ന മാതൃസംഘം ജനറൽ ബോഡി യോഗത്തിൽ വെച്ച് നിർവ്വഹിക്കുന്നതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്**

1) C, D, E, F ഗ്രൂപ്പുകളിൽ ഏറ്റവും അധികം മാർക്ക് ലഭിച്ചിരിക്കുന്ന മാതൃസംഘടനാ പ്രവർത്തകരായ മൂന്ന് അമ്മമാരുടെ പേരുകൾ നവംബർ 15 ന് മുമ്പായി ഓഫീസിൽ എത്തിക്കണം. പേരുകളോടൊപ്പം അംഗത്വകാർഡിന്റെ നമ്പർ കൂടി ചേർക്കണം.

2) ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന അഞ്ചോ അധിലധികമോ അംഗങ്ങൾ ഉള്ള കുടുംബത്തിന് സമ്മാനം.

a) 05 – അപ്പനും അമ്മയും മൂന്നു മക്കളും

b) 06 – അപ്പനും അമ്മയും നാലു മക്കളും

c) ഏഴോ അതിൽ അധികമോ (മാതാപിതാക്കളും മക്കളും മറ്റു കുടുംബാംഗങ്ങളും) ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന മൂന്നു കുടുംബങ്ങൾക്കാണ് സമ്മാനം ലഭിക്കുക. പരീക്ഷ എഴുതാൻ പ്രായമായ (ആദ്യകുർബാന കഴിഞ്ഞ) അംഗങ്ങളിൽ ഒരാൾ പരീക്ഷ എഴുതാതിരുന്നാലും ആ കുടുംബത്തെ അംഗങ്ങളുടെ എണ്ണമനുസരിച്ചുള്ള ഗ്രൂപ്പിലായിരിക്കും പരിഗണിക്കുക. (06 അംഗങ്ങൾ പരീക്ഷ എഴുതാവുന്ന കുടുംബത്തിൽ നിന്നും 05 പേർ പരീക്ഷ എഴുതിയാൽ അവരുടെ മാർക്ക് കൂട്ടുന്നത് 600 ൽ ആയിരിക്കും 500 ൽ ആയിരിക്കുകയില്ല.) ഈ വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങൾ ഇടവകയിൽ നിന്നുണ്ടെങ്കിൽ അവരുടെ പേര് വിവരം നവംബർ 15 ന് മുമ്പായി ഓഫീസിൽ എത്തിക്കണം. ആ ലിസ്റ്റിൽ കുടുംബത്തിൽ നിന്നു പരീക്ഷയെഴുതിയിരിക്കുന്ന ഓരോ അംഗത്തിന്റെ പേരും പ്രായവിഭാഗവും മാർക്കും ചേർത്തിരിക്കണം.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

സി.എം.എൽ. മാനന്തവാടി രൂപത ബൈബിൾ കലോത്സവം ഒക്ടോബർ 12-ാം തീയതി ശനിയാഴ്ച നടത്തപ്പെട്ടു. രാവിലെ 9 ന് രൂപതാ പ്രസിഡണ്ട് ശ്രീ. ജോയി മേപ്പാടത്ത് പതാക ഉയർത്തി. തുടർന്നു രൂപതാ ഡയറക്ടർ റവ.ഫാ. സോണി വടയാപറമ്പിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ.ഫാ. ജോഷി പെരിയപ്പുറം മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. കല്ലോടി മേഖല ഡയറക്ടർ റവ.ഫാ. ജോയി തുരുത്തേൽ, റവ.ഫാ. ബെന്നി പാറാനി, ജോയി മേപ്പാടത്ത് എന്നിവർ ആശംസകളർപ്പിച്ചു. രൂപതാ ജോ.സെക്രട്ടറി ശാലു തൈപറമ്പിൽ നന്ദി പറഞ്ഞു.

തുടർന്ന് 10 സ്റ്റേജുകളിലായി മത്സരം നടന്നു. കലാസാഹിത്യ മത്സരത്തിൽ മാനന്തവാടി മേഖല ഒന്നാം സ്ഥാനവും, കല്ലോടി മേഖല രണ്ടാം സ്ഥാനവും, പുൽപ്പള്ളി മേഖല മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ശാഖാതലത്തിൽ കല്ലോടി ശാഖ ഒന്നാം സ്ഥാനവും, നടവയൽ ശാഖ രണ്ടാംസ്ഥാനവും നെടുമ്പാല ശാഖ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മത്സരത്തിന്റെ സമാപന സമ്മേളനം കല്ലോടി ഫൊറോന വികാരി റവ.ഫാ. ജോർജ്ജ് മമ്പള്ളിൽ ഉദ്ഘാടനം ചെയ്യുകയും വിജയികൾക്ക് സമ്മാനം വിതരണം ചെയ്യുകയും ചെയ്തു. സംഭാവന കൂപ്പൺ വിജയികൾക്കുള്ള സമ്മാനവും വിതരണം ചെയ്തു. രൂപതാ ജോ. ഡയറക്ടർ സി. ലിസ അലക്സ്, ദിൽന കാവനമാലിൽ എന്നിവർ സംസാരിച്ചു. രൂപത ജനറൽ ഓർഗനൈസർ ബിനു മാങ്കൂട്ടം നന്ദി പറഞ്ഞു.

**സംസ്ഥാന ബൈബിൾ കലോത്സവം**

സംസ്ഥാന ബൈബിൾ കലോത്സവം നവംബർ 9-ാം തീയതി കോതമംഗലം രൂപതയിൽ വച്ചു നടക്കുന്നു. രൂപതാ മത്സരത്തൽ ഒന്നും, രണ്ടും സ്ഥാനങ്ങൾ കിട്ടിയവരാണ് സംസ്ഥാന മത്സരത്തിൽ പങ്കെടു

ക്കേണ്ടത്. ഇതിൽ കഥാപ്രസംഗത്തിനും ഗ്രൂപ്പ് ഐറ്റത്തിനും ഒന്നാം സ്ഥാനം ലഭിച്ചവർക്കു മാത്രമേ പങ്കെടുക്കുവാൻ അർഹതയുള്ളൂ. അർഹരായവരെ മത്സരിപ്പിക്കുവാൻ മേഖലാ, ശാഖ നേതൃത്വം ശ്രദ്ധിക്കുമല്ലോ?

**മിഷൻമാസ റിപ്പോർട്ടും, വിഹിതവും**

മിഷൻമാസ പ്രവർത്തനങ്ങളുടെ റിപ്പോർട്ടും വിഹിതങ്ങളും നവംബർ മാസം 10-ന് മുമ്പായി രൂപത ഓഫീസിൽ എത്തിക്കുമല്ലോ.

**മിഷൻവോയിസ് ടെലിക്വിസ്**

നവംബർ മാസത്തിലെ എല്ലാ ഞായറാഴ്ചയും 3 മണി മുതൽ 4 മണിവരെ രൂപത ഓഫീസിലെ ഫോൺ നമ്പറിലേക്ക് (04935-241017) മത്സരിക്കുവാൻ ആഗ്രഹിക്കുന്നവർ വിളിക്കുക.

വിഷയം : വി. യോഹന്നാന്റെ സുവിശേഷം

രൂപതാ ബൈബിൾ കലോത്സവം ഏറ്റവും മനോഹരമായി, മിഷൻ ചൈതന്യത്തിൽ നടത്തുവാൻ സാധിച്ചതിൽ ദൈവത്തിനു നന്ദി. മത്സരത്തിന് കഷ്ടപ്പെട്ട, പ്രാർത്ഥിച്ച, സഹകരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. പ്രത്യേകിച്ച് ശാഖ നേതൃത്വത്തെയും, മേഖല നേതൃത്വത്തെയും, രൂപതാ നേതൃത്വത്തെയും മത്സരത്തിൽ പങ്കെടുത്ത എല്ലാ അംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു. മത്സര നടത്തിപ്പിനായി രാപകൽ അധ്വാനിച്ച രൂപതാ ടീം അംഗങ്ങൾ, ജൂനിയർ ടീം അംഗങ്ങൾ, രൂപത എക്സിക്യൂട്ടീവിനും എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു.

**അറിയിപ്പ്**

ഈ മാസത്തെ ബുള്ളറ്റിനിൽ ശാഖാ റിപ്പോർട്ടുകൾ ചേർത്തിട്ടില്ല.

**സംഭാവനകൂപ്പൺ - പ്രോത്സാഹനസമ്മാനം**

സംഭാവനകൂപ്പൺ പ്രോത്സാഹന സമ്മാനം മേടിക്കാത്ത ശാഖകൾ എത്രയും വേഗം സി.എം.എൽ. രൂപതാ ഓഫീസിൽ നിന്നും വാങ്ങേണ്ടതാണ്.

## രൂപതാ സാഹിത്യ മത്സര വിജയികൾ

**ഉപന്യാസം- ജൂണിയർ ബോയ്സ്**

| | | | |
|---|---|---|---|
| I A | ക്രിസ്റ്റിൻ മുണ്ടുപറമ്പിൽ | - | മംഗളം - തരിയോട് |
| II A | മനു തച്ചപ്പള്ളി | - | വിമലഗിരി - നീലഗിരി |
| III A | അതുൽ കിഴക്കുംകര | - | കുറുമ്പാല - തരിയോട് |

**ജൂണിയർ ഗേൾസ്**

| | | | |
|---|---|---|---|
| I A | അന്നമ്മ വടക്കേക്കര | - | ഒറ്റപ്ലാവ് - കൊട്ടിയൂർ |
| II A | റോസ് പുതിയകുന്നേൽ | - | സീതാമൗണ്ട് - പുൽപ്പള്ളി |
| III A | എലൻമരിയ തൊട്ടിയിൽ | - | ചെന്നലോട് - തരിയോട് |

**സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I A | അബിനോ അഴകനാൽ | - | നെടുമ്പാല - കൽപ്പറ്റ |
| II A | അമൽ കൊളവേലിൽ | - | മരകാവ് - പുൽപ്പള്ളി |
| III B | ജിതിൻ ചേറാടി | - | പാലാങ്കര - മണിമൂളി |

**സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I A | ജോസിയ പാലത്തുംതലക്കൽ | - | മുതിരേരി - മാനന്തവാടി |
| II A | ഹെൽന വെള്ളിയാംകണ്ടത്തിൽ | - | കല്ലോടി - കല്ലോടി |
| III B | ലിറ്റി മാങ്കൂട്ടത്തിൽ | - | ബത്തേരി - ബത്തേരി |

**സൂപ്പർ സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I A | പയസ് അരുമായിൽ | - | ചോക്കാട് - നിലമ്പൂർ |
| II A | നിജു കരോട്ടുകുന്നേൽ | - | പാതിരിപ്പാടം - മണിമൂളി |
| III A | ജിതിൻ വെള്ളാമറ്റത്തിൽ | - | കല്ലുമുക്ക് - ബത്തേരി |

**സൂപ്പർ സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I A | ഷീജ കാഞ്ഞിരക്കാട്ട് | - | കണിയാരം - മാനന്തവാടി |
| II A | ജെസി വടക്കുംപാടം | - | മച്ചിക്കൊല്ലി - നീലഗിരി |
| III A | ബീന കുരിക്കാട്ടിൽ | - | കല്ലോടി - കല്ലോടി |
| III A | അമ്പിളി പടിയകണ്ടത്തിൽ | - | ശാന്തിഗിരി - കൊട്ടിയൂർ |

**ചെറുകഥ - ജൂണിയർ ബോയ്സ്**

| | | | |
|---|---|---|---|
| I B | അക്ഷയ് നീറാമ്പുഴ | - | അരിഞ്ചേർമല - നടവയൽ |
| II B | അജോ നെടുങ്കയം | - | ഇടിവണ്ണ - നിലമ്പൂർ |
| III B | ഡോൺ കളപ്പുര | - | കണിയാരം - മാനന്തവാടി |

**ജൂണിയർ ഗേൾസ്**

| | | | |
|---|---|---|---|
| I A | റിഞ്ചു കരിമാലിയിൽ | - | നെടുമ്പാല - കൽപ്പറ്റ |
| II A | ഇസബെൽ കണിയോടിക്കൽ | - | തെനേരി - കൽപ്പറ്റ |
| III B | അനുഷ ആളൂക്കാരൻ | - | പറളിക്കുന്ന് - നടവയൽ |

**സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I A | ആൽബിൻ കൂനത്ത് | - | പുതുശേരി - കല്ലോടി |
| II A | സച്ചിൻ ഇലവുങ്കൽ | - | മരകാവ് - പുൽപ്പള്ളി |
| III A | മാത്യു അറയ്ക്കൽ | - | മുള്ളൻകൊല്ലി - പുൽപ്പള്ളി |
| III A | പ്രജിത് കാട്ടാംപള്ളി | - | കേണിച്ചിറ - നടവയൽ |

**സീനിയർ ഗേൾസ്**

| | | |
|---|---|---|
| I A | ജിതിയ പനയ്ക്കൽ | - നടവയൽ - നടവയൽ |
| II A | ഡാനി പരിയാരത്ത് | - ചുള്ളിയാന - കല്ലോടി |
| III A | ബ്രജിറ്റ് തെക്കേകൈതയ്ക്കൽ | - കൊട്ടിയൂർ - കൊട്ടിയൂർ |

**സൂപ്പർസീനിയർ ബോയ്സ്**

| | | |
|---|---|---|
| I A | തോമസ് വാളായിൽ | - ചെന്നലോട് - തരിയോട് |
| II A | മെജോഷ് പുന്നക്കോട്ടിൽ | - പഴൂർ - ബത്തേരി |
| III A | റോയി പേയ്ക്കൽ | - കല്ലോടി - കല്ലോടി |

**സൂപ്പർസീനിയർ ഗേൾസ്**

| | | |
|---|---|---|
| I A | അഞ്ചലി കറുത്തേടം | - മാനന്തവാടി ടൗൺ - മാനന്തവാടി |
| II A | ജിഷ കൊമ്പനാതോട്ടത്തിൽ | - നരിവാലമുണ്ട - മണിമൂളി |
| III A | ക്ലാരമ്മ കോട്ടായിൽ | - പുതുശ്ശേരിക്കടവ് - തരിയോട് |

**കവിത – ജൂണിയർ ബോയ്സ്**

| | | |
|---|---|---|
| I A | ആമോദ് കല്ലറയ്ക്കൽ | - ആറാട്ടുതറ - പയ്യമ്പള്ളി |
| II B | എബിൻ മങ്ങാട്ടുകുന്നേൽ | - പാടിച്ചിറ - പുൽപ്പള്ളി |
| III B | ജോസഫ് പരുവനാനിക്കൽ | - സീതാമൗണ്ട് - പുൽപ്പള്ളി |

**ജൂണിയർ ഗേൾസ്**

| | | |
|---|---|---|
| I A | ജോസ്ന തിരുവംകുന്നേൽ | - മുതിരേരി - മാനന്തവാടി |
| II A | അപർണ്ണ കുറുമ്പാലക്കാട്ട് | - ആടിക്കൊല്ലി - പുൽപ്പള്ളി |
| III A | റെയോണ നീറാമ്പുഴ | - നെടുമ്പാല - കൽപ്പറ്റ |

**സീനിയർ ബോയ്സ്**

| | | |
|---|---|---|
| I A | അഖിൽ ആളൂക്കാരൻ | - പറളിക്കുന്ന് - നടവയൽ |
| II A | അബിൻ പേടപ്പാട്ട് | - തോമാട്ടുചാൽ - ബത്തേരി |
| III A | ക്രിസ്റ്റി പഴയമ്പള്ളി | - മീനങ്ങാടി - ബത്തേരി |
| III A | ജിബിൻ തച്ചിലേട്ട് | - തെനേരി - കൽപ്പറ്റ |

**സീനിയർ ഗേൾസ്**

| | | |
|---|---|---|
| I A | അലീന ബേബി | - നെടുമ്പാല - കൽപ്പറ്റ |
| II A | ചെൽസിയ നരിക്കുന്നേൽ | - കേണിച്ചിറ - നടവയൽ |
| III A | റോസ് ആളാത്ത് | - പുൽപ്പള്ളി ടൗൺ - പുൽപ്പള്ളി |

**സൂപ്പർസീനിയർ ബോയ്സ്**

| | | |
|---|---|---|
| I A | റെജി കാവനമാലിൽ | - ദീപ്തിഗിരി - കല്ലോടി |
| II A | ജിജിൻ കിഴക്കരക്കാട്ട് | - കുഞ്ഞോം - കല്ലോടി |
| III A | അനീഷ് കുളത്തിങ്കൽ | - ചെറുകാട്ടൂർ - നടവയൽ |

**സൂപ്പർസീനിയർ ഗേൾസ്**

| | | |
|---|---|---|
| I A | ലിറ്റി വെണ്ടർമ്യാലിൽ | - പുതിയിടംകുന്ന് - കല്ലോടി |

| | | | |
|---|---|---|---|
| II A | ലിയ കുന്നുംപുറം | - | കാരയ്ക്കാമല - കല്ലോടി |
| III A | സ്റ്റെഫി പുതിയകുന്നേൽ | - | തോമാട്ടുചാൽ - ബത്തേരി |

**ജലഛായം - സബ്ജൂണിയർ**

| | | | |
|---|---|---|---|
| I A | ആൽബർട്ട് കുഴികണ്ടത്തിൽ | - | നടവയൽ - നടവയൽ |
| II A | ആൻഡ്രിയ കളമ്പുകാട്ട് | - | മാനന്തവാടി ടൗൺ - മാനന്തവാടി |
| III B | ദിയമരിയ തുരുത്തിയിൽ | - | ബത്തേരി - ബത്തേരി |

**ചിത്രരചന ജൂണിയർ**

| | | | |
|---|---|---|---|
| I A | അർനോൾഡ് വാഴപറമ്പിൽ | - | പുൽപ്പള്ളി ടൗൺ - പുൽപ്പള്ളി |
| II A | എയ്ഞ്ചൽ കാട്ടുകുന്നേൽ | - | കാവുംമന്ദം - തരിയോട് |
| III A | ഗോൾഡ പുളിക്കകത്ത് | - | തവിഞ്ഞാൽ - മാനന്തവാടി |

**ചിത്രരചന സീനിയർ**

| | | | |
|---|---|---|---|
| I A | അഭിജിത് കാഞ്ഞിരപ്പാറ | - | മുള്ളൻകൊല്ലി - പുൽപ്പള്ളി |
| II A | അബിൻ കുഴികണ്ടത്തിൽ | - | നടവയൽ - നടവയൽ |
| III A | ജെഫ്രിൻ കൈതയ്ക്കൽ | - | വെള്ളമുണ്ട - കല്ലോടി |

## കലാ മത്സര വിജയികൾ

**പ്രസംഗം - സബ്ജൂണിയർ ബോയ്സ്**

| | | | |
|---|---|---|---|
| I A | ക്രിസ്റ്റോ പഴയിടം | - | യവനാർകുളം - മാനന്തവാടി |
| II A | അമൽ പള്ളത്ത് | - | കല്ലോടി - കല്ലോടി |
| III A | ഡിവൈൻ ചിറ്റിലപ്പിള്ളി | - | പയ്യമ്പള്ളി - പയ്യമ്പള്ളി |

**സബ്ജൂണിയർ ഗേൾസ്**

| | | | |
|---|---|---|---|
| I A | എമിൻ പറയക്കാട്ടിൽ | - | കല്ലോടി - കല്ലോടി |
| II A | സാന്ദ്ര മുണ്ടുനടയ്ക്കൽ | - | തവിഞ്ഞാൽ - മാനന്തവാടി |
| III A | ഡിയ മോളേകുന്നേൽ | - | മുതിരേരി - മാനന്തവാടി |
| III A | ജാസ്മിൻ നെടുങ്കോട്ട | - | കൊട്ടിയൂർ - കൊട്ടിയൂർ |

**ജൂണിയർ ബോയ്സ്**

| | | | |
|---|---|---|---|
| I A | ആന്റോ കൈതാരത്ത് | - | കണിയാരം - മാനന്തവാടി |
| II A | ആമോദ് കല്ലറയ്ക്കൽ | - | ആറാട്ടുതറ - പയ്യമ്പള്ളി |
| III A | ദേവപ്രസാദ് പാലത്തിങ്കൽ | - | മണിമൂളി - മണിമൂളി |

**ജൂണിയർ ഗേൾസ്**

| | | | |
|---|---|---|---|
| I A | ആൻ വാരിക്കാട്ട് | - | മീനങ്ങാടി - ബത്തേരി |
| II A | അല പള്ളത്ത് | - | കല്ലോടി - കല്ലോടി |
| III A | പ്രിയ മാന്നാനത്ത് | - | കേളകം - കൊട്ടിയൂർ |
| III A | അൽഫോൻസ കരോട്ട് | - | ഇരുളം - പുൽപ്പള്ളി |

**സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I A | അമൽ കൊളവേലി | - | മരകാവ് - പുൽപ്പള്ളി |
| II A | മെൽബിൻ വടക്കേക്കുടിയിൽ | - | വിളമ്പുകണ്ടം - നടവയൽ |
| III A | അബിനോ അഴകനാൽ | - | നെടുമ്പാല - കൽപ്പറ്റ |

**സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I A | ജോസിയ പാലത്തുംതലയ്ക്കൽ | - | മുതിരേരി - മാനന്തവാടി |
| II A | ആതിര കുന്നുമ്മേൽ | - | ചെറുകാട്ടൂർ - നടവയൽ |
| III A | റോസ്മേരി കൊച്ചുതൊട്ടി | - | തലഞ്ഞി - മണിമൂളി |
| III A | പ്രിൻസി ചിറയിൻപറമ്പിൽ | - | പാലാങ്കര - തലഞ്ഞി |

**സൂപ്പർസീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I A | ജിജിൽ കിഴക്കരക്കാട്ട് | - | കുഞ്ഞോം - കല്ലോടി |
| II A | ബിജോയ് കേളങ്ങാട്ട് | - | ആലാറ്റിൽ - മാനന്തവാടി |
| III A | അരുൺ പ്ലാത്തോട്ടം | - | പോരൂർ - മാനന്തവാടി |

**സൂപ്പർസീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I A | ലിറ്റി വെണ്ടർമ്യാലിൽ | - | പുതിയിടംകുന്ന് - കല്ലോടി |
| II A | ഷീന മുണ്ടാടൻ | - | തവിഞ്ഞാൽ - മാനന്തവാടി |
| III A | ജിഷ പറയിടം | - | യവനാർകുളം - മാനന്തവാടി |
| III A | ആതിര ചേനാട്ട് | - | പാടിച്ചിറ - പുൽപ്പള്ളി |

**സംഗീതം - സബ്ജൂണിയർ ബോയ്സ്**

| | | | |
|---|---|---|---|
| I A | ഡെൻസൺ വാളായിൽ | - | കണിയാരം - മാനന്തവാടി |
| II A | ക്രിസ്റ്റോ തൊട്ടുവേലിൽ | - | പഴൂർ - ബത്തേരി |
| III A | അജോ പടകൂട്ടിൽ | - | കല്ലോടി - കല്ലോടി |

**സബ്ജൂണിയർ ഗേൾസ്**

| | | | |
|---|---|---|---|
| I A | സോന കൊല്ലംപറമ്പിൽ | - | പാതിരിപ്പാടം - മണിമൂളി |
| II A | ആൻ അന്ന കരുവൻമാക്കൽ | - | മീനങ്ങാടി - ബത്തേരി |
| III A | അഞ്ചലി ചെറുതറപ്പേൽ | - | കയ്യൂന്നി - നീലഗിരി |

**ജൂണിയർ ബോയ്സ്**

| | | | |
|---|---|---|---|
| I A | അമയ് ഉറവാറന്തറ | - | ഇടിവണ്ണ - നിലമ്പൂർ |
| II A | ഗോഡ്വിൻ മറ്റത്തിനാനിക്കൽ | - | യവനാർകുളം - മാനന്തവാടി |
| III A | ഡെൻപോൾ കാക്കരകുന്നേൽ | - | കണിയാരം - മാനന്തവാടി |

**ജൂണിയർ ഗേൾസ്**

| | | | |
|---|---|---|---|
| I A | സാന്ദ്ര തൊട്ടുവേലിൽ | - | പഴൂർ - ബത്തേരി |
| II A | ധനു തേക്കുംകാട്ടിൽ | - | ആടിക്കൊല്ലി - പുൽപ്പള്ളി |
| III A | എലിസബത്ത് പുറവടി | - | നിലമ്പൂർ - നിലമ്പൂർ |

**സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I A | അമൽ കാലായിൽ | - | വെള്ളൂന്നി - കൊട്ടിയൂർ |

| | | | |
|---|---|---|---|
| II A | അന്റുസോണി പുറവടി | - | നിലമ്പൂർ - നിലമ്പൂർ |
| III A | അനിൽ ആലഞ്ചേരി | - | നടവയൽ - നടവയൽ |
| III A | ജെഫിൻ വട്ടമറ്റം | - | മുള്ളൻകൊല്ലി - പുൽപ്പള്ളി |

**സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I A | മരിയ കണിയാമാംകുന്നേൽ | - | പാലാങ്കര - മണിമൂളി |
| II A | റോസ മുകളേൽ | - | കല്ലോടി - കല്ലോടി |
| III A | ലിഞ്ചു ആലയ്ക്കൽ | - | ചാരിറ്റി - കൽപ്പറ്റ |

**സൂപ്പർ സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I A | ഷിനു മഠത്താശേരി | - | പ്രശാന്തഗിരി - മാനന്തവാടി |
| II A | നെവൽ പുതിയകുന്നത്ത് | - | ബത്തേരി - ബത്തേരി |
| III A | വിൻസെന്റ് പുത്തൻപുരയ്ക്കൽ | - | പുതിയിടംകുന്ന് - കല്ലോടി |

**സൂപ്പർ സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I A | റോസ്മരിയ ഉറുമ്പിൽ | - | കബനിഗിരി - പുൽപ്പള്ളി |
| II A | ആതിര നമ്പുടാകം | - | ചുങ്കകുന്ന് - കൊട്ടിയൂർ |
| III A | ഷീജ വെള്ളാമറ്റത്തിൽ | - | കല്ലുമുക്ക് - ബത്തേരി |

**ബൈബിൾ വായന - സബ്ജൂണിയർ ബോയ്സ്**

| | | | |
|---|---|---|---|
| I A | ജോബിൻ കല്ലറയ്ക്കൽ | - | ചെറുകാട്ടൂർ - നടവയൽ |
| II A | ജേക്കബ് വാഴപ്പിള്ളി | - | പുഴമുടി - കൽപ്പറ്റ |
| III A | ക്രിസ്റ്റോ തൊട്ടുവേലിൽ | - | പഴൂർ - ബത്തേരി |

**സബ്ജൂണിയർ ഗേൾസ്**

| | | | |
|---|---|---|---|
| I A | മെൽന കല്ലുങ്കത്തറ | - | ഇരുളം - പുൽപ്പള്ളി |
| II A | ലിറ്റിൽട്രീസ അയ്യാനിക്കാട്ട് | - | സീതാമൗണ്ട് - പുൽപ്പള്ളി |
| III A | ഡോണ മനയ്ക്കൽ | - | അടയ്ക്കാത്തോട് - കൊട്ടിയൂർ |

**മിഷൻക്വിസ് - ജൂണിയർ ബോയ്സ്**

| | | | |
|---|---|---|---|
| I A | ജോയേൽ അരുമായിൽ | - | ചോക്കാട് - നിലമ്പൂർ |
| II A | സെബാസ്റ്റ്യൻ തുണ്ടത്തിൽ | - | ധർമ്മഗിരി - നീലഗിരി |
| III A | കാൽവിൻ ജോസ് വാഴപ്പള്ളി | - | കൽപ്പറ്റ - കൽപ്പറ്റ |

**ജൂണിയർ ഗേൾസ്**

| | | | |
|---|---|---|---|
| I A | ജെസ്ന താഴത്തുമുറിയിൽ | - | കാട്ടിക്കുളം - പയ്യമ്പള്ളി |
| II A | ക്രിസ്റ്റീന ആഞ്ചേരി | - | അമ്പായത്തോട് - കൊട്ടിയൂർ |
| III A | ആര്യ കൊച്ചുപുരയ്ക്കൽ | - | മംഗളം - തരിയോട് |
| III A | ഡോണ പള്ളിക്കൽ | - | കല്ലോടി - കല്ലോടി |

**സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I A | ജിതിൻ ചേറാടിയിൽ | - | പാലാങ്കര - മണിമൂളി |
| II A | തോമസ് മൈലാടൂർ | - | കൊമ്മയാട് - കല്ലോടി |
| III A | മെൽവിൻ വടക്കേകുടിയിൽ | - | വിളമ്പുകണ്ടം - നടവയൽ |

**സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I A | അഞ്ചു പന്തനാനിയിങ്കൽ | - | പാലേമാട് - മണിമൂളി |
| II A | അമൃത ചിറമുഖം | - | പ്രശാന്തിഗിരി - മാനന്തവാടി |
| III A | ആര്യ പാറേക്കാട്ടിൽ | - | തോമാട്ടുചാൽ - ബത്തേരി |

**സൂപ്പർ സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I A | ജോഷി താണോലിൽ | - | ധർമ്മഗിരി - നീലഗിരി |
| II A | കുര്യാച്ചൻ ചിറമുഖം | - | പ്രശാന്തിഗിരി - മാനന്തവാടി |
| III A | പയസ് അരുമായിൽ | - | ചോക്കാട് - നിലമ്പൂർ |

**സൂപ്പർ സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I A | സാലി മദംകോലിൽ | - | ഇടിവണ്ണ - നിലമ്പൂർ |
| II A | മേരിക്കുട്ടി കുന്നത്തുകുഴി | - | കമ്മന - പയ്യമ്പള്ളി |
| III A | സിജി ചിറ്റൂപറമ്പിൽ | - | ദീപ്തിഗിരി - കല്ലോടി |

**കഥാപ്രസംഗം - സബ്ജൂണിയർ**

| | | | |
|---|---|---|---|
| I A | അനിറ്റ് മാമ്പ്ര | - | നരിവാലമുണ്ട - മണിമൂളി |
| II A | സാന്ദ്ര മുണ്ടുനടയ്ക്കൽ | - | തവിഞ്ഞാൽ - മാനന്തവാടി |
| III A | മെർലിൻ തുമ്പക്കാനായിൽ | - | പയ്യമ്പള്ളി - പയ്യമ്പള്ളി |

**ജൂണിയർ**

| | | | |
|---|---|---|---|
| I A | അലീന പാലത്തിങ്കൽ | - | മാർട്ടിൻനഗർ - പയ്യമ്പള്ളി |
| II A | നയന പാട്ടത്തെക്കുഴി | - | കാവുംമന്ദം - തരിയോട് |
| III A | വിസ്മയ പുത്തൻപുരയ്ക്കൽ | - | തോമാട്ടുചാൽ - ബത്തേരി |

**സീനിയർ**

| | | | |
|---|---|---|---|
| I A | അഞ്ചലി പുത്തൻപുരയ്ക്കൽ | - | പയ്യമ്പള്ളി - പയ്യമ്പള്ളി |
| II A | ലിബി തലാപ്പിള്ളി | - | ചുള്ളിയാന - കല്ലോടി |
| III A | ക്രിസ്റ്റി മാക്കിയിൽ | - | പുതുശ്ശേരിക്കടവ് - തരിയോട് |

**നാടോടി നൃത്തം - സബ് ജൂണിയർ**

| | | | |
|---|---|---|---|
| I A | മേരി വേഴമ്പറമ്പിൽ | - | കണിയാരം - മാനന്തവാടി |
| II A | സോണറ്റ് പാഴൂക്കാലായിൽ | - | പാടിച്ചിറ - പുൽപ്പള്ളി |
| III A | സാൻട്രിയ പര്യപ്പനാൽ | - | മുള്ളൻകൊല്ലി - പുൽപ്പള്ളി |

**ജൂണിയർ**

| | | | |
|---|---|---|---|
| I A | സ്റ്റിൽന അപ്പോഴിപറമ്പിൽ | - | മൂലങ്കാവ് - ബത്തേരി |
| II A | ട്രീസമരിയ മച്ചുകുഴി | - | നിലമ്പൂർ - നിലമ്പൂർ |
| III A | അഖിത വാഴപറമ്പിൽ | - | അമരക്കുനി - പുൽപ്പള്ളി |

**ബൈബിൾ ദൃശ്യാവതരണം**

| | | | |
|---|---|---|---|
| I A | ഹാറ്റിൻ കുഞ്ഞിപ്പാറ & പാർട്ടി | - | തവിഞ്ഞാൽ - മാനന്തവാടി |
| II A | റീന പുളിക്കൂർ & പാർട്ടി | - | മണിമൂളി - മണിമൂളി |
| III A | അലീന പാലത്തിങ്കൽ & പാർട്ടി | - | മാർട്ടിൻനഗർ - പയ്യമ്പള്ളി |
| III A | ജിൽസ് വല്യാത്ത് & പാർട്ടി | - | ധർമ്മഗിരി - നീലഗിരി |

**പരിചമുട്ടുകളി**

| | | |
|---|---|---|
| I A | മെൽബിൻ കാഞ്ഞിരത്താംകുഴി & പാർട്ടി | പാൽചുരം - കൊട്ടിയൂർ |
| II A | ജോമിറ്റ് ചിറപ്പുറം & പാർട്ടി | ചെറുകാട്ടൂർ - നടവയൽ |
| III A | സോനു കൂപപ്പിള്ളി & പാർട്ടി | ഏലപ്പീടിക - മാനന്തവാടി |

**മാർഗ്ഗംകളി**

| | | |
|---|---|---|
| I A | ജീന തൊട്ടിയിൽ & പാർട്ടി | മുള്ളൻകൊല്ലി - പുൽപ്പള്ളി |
| II A | ടെസ്ന നെല്ലിക്കുന്നേൽ & പാർട്ടി | നടവയൽ - നടവയൽ |
| III A | ഫിലോമിന തച്ചേട്ട് & പാർട്ടി | കൊട്ടിയൂർ - കൊട്ടിയൂർ |

**സമൂഹഗാനം**

| | | |
|---|---|---|
| I A | സ്മിന്റ പുത്തൻപുര & പാർട്ടി | നടവയൽ - നടവയൽ |
| II A | ജോയിച്ചൻ ചാരംതൊട്ടിയിൽ & പാർട്ടി | തവിഞ്ഞാൽ - മാനന്തവാടി |
| III A | ജോണി കരിമാനി & പാർട്ടി | നെടുമ്പാല - കൽപ്പറ്റ |

**മിഷൻആന്തം**

| | | |
|---|---|---|
| I A | റീന പാലാട്ടിൽ & പാർട്ടി | തവിഞ്ഞാൽ - മാനന്തവാടി |
| II A | ക്രിസ്റ്റി ഏറത്ത് & പാർട്ടി | കബനിഗിരി - പുൽപ്പള്ളി |
| III A | അബിജിത് കോക്കാട്ട് & പാർട്ടി | നടവയൽ - നടവയൽ |

## സംഭാവനകൂപ്പൺ നറുക്കെടുപ്പ് വിജയികൾ

| | | |
|---|---|---|
| I | മെഡോണ ആത്രശേരി | കൊട്ടിയൂർ |
| II | അലൻഷനു പാറേൽപുത്തൻപുരയിൽ | ആലാറ്റിൽ |
| III | ബേബി വാരപ്പടവിൽ | പുതുശേരി |

## പ്രോത്സാഹന സമ്മാനങ്ങൾ

| | |
|---|---|
| കണിയാരം | എബിൻ കീച്ചങ്കേരി |
| തവിഞ്ഞാൽ | നീതു മുളംകുന്നത്ത് |
| വലിയകൊല്ലി | ജോൺ കരിപ്പാലിൽ |
| വാളാട് | ജൂബിൻ ഇഞ്ചപ്ലാക്കൽ |
| തലപ്പുഴ | ഷാജി വെളിയത്ത് |
| പ്രശാന്തഗിരി | വർക്കി പുളിക്കൽ |
| മുതിരേരി | അഭിരാമം കൊച്ചാക്കണ്ടി |
| മാനന്തവാടി ടൗൺ | ലത |
| പാറത്തോട്ടം | ബുഷറ കുറുപ്പുതൊടി |
| പോരൂർ | അഖിൽ വട്ടംകണ്ടത്തിൽ |
| പേരിയ | അലിഷ കൊച്ചുപറമ്പിൽ |
| ബോയ്സ്ടൗൺ | തോമസ് മോളെകുന്നേൽ |
| ഏലപ്പീടിക | അഭിലാഷ് താണുവേലിൽ |

| | | |
|---|---|---|
| യവനാർകുളം | – | നിർമ്മൽ മറ്റത്തിനാനിക്കൽ |
| പുതിയിടം | – | ഷേർളി പാറയിൽ |
| കരിമാനി | – | ജെസ്ന ജിബി മലയിൽ |
| കുറ്റിമൂല | – | ഡാലിയ കച്ചിറയിൽ |
| മുള്ളൻകൊല്ലി | – | സിസിലി പനച്ചിക്കൽ |
| മരക്കടവ് | – | അഞ്ചന തങ്കച്ചൻ പുത്തൻപുരയ്ക്കൽ |
| അമരക്കുനി | – | അൽഷിക് ഷാജി കാഞ്ഞിരപ്പാറ |
| സീതാമൗണ്ട് | – | ബേബി വെട്ടുകല്ലുംപുറത്ത് |
| ശിശുമല | – | സുനിത പ്ലാത്തോട്ടത്തിൽ |
| ആടിക്കൊല്ലി | – | റോഷൻ നമ്പുടാകം |
| മരകാവ് | – | ആക്കാന്തിരി ഫാമിലി |
| പട്ടാണികൂപ്പ് | – | നാസർ കൂട്ടമരക്കൂട്ടിൽ |
| ഇരുളം | – | ബിന്ദു ഉള്ളാട്ടിൽ |
| കബനിഗിരി | – | മെറിന വട്ടോളിയിൽ |
| പാടിച്ചിറ | – | ബെന്നി തെക്കേവയലിൽ |
| പഴൂർ | – | എൽസമ്മ തേജസ് |
| വാകേരി | – | ജോയേൽ പൊരുന്നോലിയിൽ |
| ചിത്രഗിരി | – | അയന കുളത്തിങ്കൽ |
| തോമാട്ടുചാൽ | – | സോന ചെറുപറമ്പിൽ |
| അമ്പലവയൽ | – | അജയ് കുന്നേൽ |
| മൂലങ്കാവ് | – | അലീന പെരുന്താനിയിൽ |
| കടൽമാട് | – | വൈശാഖ് മേലേടത്ത് |
| കല്ലുമുക്ക് | – | ഷീജ ജോയ് |
| ബത്തേരി | – | ബിന്ദു ഡേവിഡ് |
| വടക്കനാട് | – | അനിൽ ആറംപുളിക്കൽ |
| കരണി | – | സാബു തൈപറമ്പിൽ |
| കോട്ടത്തറ | – | വർഗീസ് കുന്നമ്മേൽ |
| കാവുംമന്ദം | – | ജോമി മാളിയേപറമ്പിൽ |
| കുറുമണി | – | അഞ്ചു മാമ്പള്ളി |
| കുറുമ്പാല | – | സെബാസ്റ്റ്യൻ വി.ജെ. |
| ചെന്നലോട് | – | സജി കൂവയ്ക്കൽ |
| തരിയോട് | – | ലിസി അമ്പലത്തിങ്കൽ |
| പുതുശ്ശേരിക്കടവ് | – | അൽഫ്രഡ് തെന്നടിയിൽ |
| മഞ്ഞൂറ | – | അനു മാങ്കോട്ട് |

| | | |
|---|---|---|
| പന്തിപൊയിൽ | – | ആൻസീല വട്ടക്കുന്നേൽ |
| മംഗളം | – | അനന്യ ചെറുതറ |
| എടപ്പെട്ടി | – | സുസ്മി സുനിൽ കുമാർ |
| വാഴവറ്റ | – | സാബു അറയ്ക്കപറമ്പിൽ |
| ലക്കിടി | – | നിബിൽ അരിത്താഴം |
| പുഴമുടി | – | മെൽബിൻ മുണ്ടുനടയ്ക്കൽ |
| നെടുമ്പാല | – | ലിറ്റി കൊച്ചുപാറയ്ക്കൽ |
| കൊളവയൽ | – | റിയ കിഴക്കേൽ |
| കൽപ്പറ്റ | – | സിജി തിരുവാതിര |
| വൈത്തിരി | – | ആന്റണി ചേനോത്ത് |
| ചുരൽമല | – | ജോസ് ചിറ്റിലാസിയ് |
| തെനേരി | – | ജിസിൽ ആക്കാമറ്റത്തിൽ |
| ഒലിവുമല | – | ജോയ് ആറുക്കാരൻ |
| ചാരിറ്റി | – | മുക്ത അത്താണിപറമ്പിൽ |
| റിപ്പൺ | – | ജോയി പുതുശേരി |
| ചുങ്കക്കുന്ന് | – | ദിലാന വേങ്ങാനം |
| ശാന്തിഗിരി | – | അപ്പച്ചൻ വല്ലോക്കാരി |
| അടയ്ക്കാത്തോട് | – | ഡോൺ കുന്നേൽ |
| പാൽചുരം | – | റിതു റെജി കന്നുകുഴിയിൽ |
| ഒറ്റപ്ലാവ് | – | ജെയ്മേ ജെസ്മ വരിക്കനാനിക്കൽ |
| വെള്ളൂന്നി | – | ജോസ് തട്ടിൽ |
| കേളകം | – | സൗമ്യ തൈപറമ്പിൽ |
| അമ്പായത്തോട് | – | ക്രിസ്റ്റിന ആഞ്ചേരിയിൽ |
| നെല്ലിയോടി | – | അന്നമരിയ കിഴക്കേക്കര |
| ചുണ്ടക്കര | – | അനിഷ് എം. ജേക്കബ് |
| ചെറുകാട്ടൂർ | – | ജോസിൻ കൊല്ലപ്പിള്ളിൽ |
| നടവയൽ | – | അരുൺ പുതിയാപറമ്പിൽ |
| കണിയാമ്പറ്റ | – | തോമസ് മഠത്തിൽ |
| കേണിച്ചിറ | – | ജോയി കാവനാക്കുടി |
| വാളവയൽ | – | മരിയ ചാമക്കാലാതറപ്പേൽ |
| കുറുമ്പാലക്കോട്ട | – | അഖിൽ പെരുമ്പാതടത്തിൽ |
| നെയ്ക്കുപ്പ | – | ജിനോ മുപ്പകണ്ടത്തിൽ |
| അരിഞ്ചേർമല | – | ജോയി തോട്ടത്തിൽ |
| വിളുമ്പുകണ്ടം | – | ബാബു തോട്ടത്തിൽ |

| | | |
|---|---|---|
| പറളിക്കുന്ന് | – | ചാക്കോ മംഗലത്ത് |
| കാട്ടിക്കുളം | – | അലീന വടക്കേടത്ത് |
| തൃശിലേരി | – | ഷേർളി ഓണിശേരി |
| ആറാട്ടുതറ | – | ഡൊമിനിക് ചിറ്റടിയിൽ |
| കമ്മന | – | അമൽജിത് ഇലവുങ്കൽ |
| പടമല | – | ആന്റണി തൈപറമ്പിൽ |
| പയ്യമ്പള്ളി | – | മെറിൻ തുരുത്തേൽ |
| എടയൂർകുന്ന് | – | ജോയി മുളയ്ക്കൽ |
| ബാവലി | – | ബേബി കൊല്ലപ്പിള്ളി |
| അപ്പപ്പാറ | – | രാഗേഷ് തുളുക്കപ്പുകോളനി |
| പനവല്ലി | – | വിന്നി വാഴേപറമ്പിൽ |
| മാർട്ടിൻനഗർ | – | സുനിൽ ചക്കരോത്ത് |
| കുന്നലാടി | – | അൽനറോസ് താമരച്ചാലിൽ |
| മണ്ണുവയൽ | – | നാരായണൻ മണിയാക്കൽ |
| മച്ചിക്കൊല്ലി | – | മേരി മാടപ്പള്ളിക്കുന്നേൽ |
| കൽപ്ര | – | അഞ്ചൽബേബി |
| ധർമ്മഗിരി | – | ലിസി കിത്തുങ്കൽ |
| കയ്യൂന്നി | – | അന്നക്കുട്ടി അമ്പാംതടത്തിൽ |
| അരുൾനിലയം | – | ജീന കൊല്ലറക്കാടിയിൽ |
| പനഞ്ചിറ | – | റിയാസ് എം.ഇ.എസ്. ഹോസ്പിറ്റൽ |
| അറവങ്കാട് | – | അഖിൽ |
| കുന്നൂർ | – | എഡ്വിൻ ജോസഫ് |
| ബെക്കി | – | മിനി വടക്കുംകര |
| വിമലഗിരി | – | ഷീല പാട്ടശേരി |
| ജൂഡ്സ്മൗണ്ട് | – | ജോർജ് പള്ളത്ത് |
| കല്ലോടി | – | മിനു പാലയ്ക്കൽപുത്തൻപുര |
| മക്കിയാട് | – | ബാബു എഴുങ്ങോട്ടിൽ |
| കുഞ്ഞോം | – | നോബിൾ വർഗീസ് |
| പുതിയിടംകുന്ന് | – | സച്ചിൻ മാക്കോളിൽ |
| വഞ്ഞോട് | – | റിനു മേപ്പുറത്ത് |
| കരിമ്പിൽ | – | ബിനു കുളത്തിങ്കൽ |
| നിലവിൽപുഴ | – | അശ്വിൻ ഊർപ്പയിൽ |
| മൊതക്കര | – | പ്രിയ പള്ളിമുറ്റം |
| മംഗലശേരി | – | ഏലിയാസ് പുതിയാമഠം |

| | | |
|---|---|---|
| കൊമ്മയാട് | - | വൈശാഖ് സിന്ദു നിവാസ് |
| ദ്വാരക | - | അഭിനന്ദ് അഴിവളപ്പിൽ |
| ദീപ്തിഗിരി | - | അമൽ പുന്നകൊമ്പിൽ |
| തോണിച്ചാൽ | - | മിഥുൻ ഇഞ്ചപ്ലാക്കൽ |
| ചുള്ളിയാന | - | സിസിലി പിണക്കാട്ടുപറമ്പിൽ |

**പലതുള്ളി തന്ന ശാഖകൾ**

നിലമ്പൂർ-500, കൊളവയൽ-200, പ്രശാന്തഗിരി-200, അമരക്കുനി -200, മരക്കടവ്-176, പനഞ്ചിറ-102, പാതിരിപ്പാടം-1000, കുറുമ്പാലക്കോട്ട -200, മാർട്ടിൻനഗർ-400

**മിഷൻഞായർ വിഹിതം തന്നശാഖകൾ**

കുറുമ്പാലകോട്ട - 1000, പനവല്ലി-400

**സ്നേഹപൂർവ്വം**

ഇനി സി.എം.എൽ. മാനന്തവാടി രൂപതയുടെ ദിവസങ്ങളായി മാറുവാൻ നമുക്കു പ്രാർത്ഥിക്കാം. മിഷൻ പ്രവർത്തനങ്ങളിലും കലാ, സാഹിത്യ മത്സരങ്ങളിലും മാനന്തവാടി രൂപത സംസ്ഥാനത്ത് തിളങ്ങി നിൽക്കുവാൻ നമുക്കൊന്നിച്ചു പ്രാർത്ഥിക്കാം. സംസ്ഥാന കലാമത്സരത്തിൽ നന്നായി പങ്കെടുക്കുവാൻ കഴിയട്ടെയെന്നു പ്രാർത്ഥിക്കുന്നു.

എന്ന് നിങ്ങളുടെ സ്വന്തം,

**രഞ്ചിത്ത് മുതുപ്ലാക്കൽ**
രൂപതാ ജനറൽ സെക്രട്ടറി

# കെ. സി. വൈ. എം.

## Pearl 2013

Pearl 2013 രൂപത സാഹിത്യമത്സരങ്ങൾ സെപ്റ്റംബർ 22 ഞായറാഴ്ച വിവിധ മേഖലകളിൽ വച്ച് നടത്തപ്പെട്ടു. രൂപത സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങളായ ജിതേഷ് മുളയ്ക്കക്കുന്നേൽ, ഫ്രൻസി മണ്ണിശേരി, എബിൻ മുട്ടപ്പള്ളി, വിനു വാണിയപ്പള്ളി, ഡെൽന പറപ്പള്ളി, സിബിൻ പാലമൂട്ടിൽ, ബിബിൻ ചെമ്പക്കര, ഷംജിത്ത് ചേലയ്ക്കൽ, ജസ്റ്റിൻ ചെഞ്ചിട്ടയിൽ, സിനോ പാറക്കാല, ആബേൽ ആണ്ടുക്കിൽ, ജോസ്ന പുള്ളോലിൽ, ഷൈനി മോളത്ത്, ആതിര കപ്യാരുമലയിൽ, സി. ലിൻസ എഫ്.സി.സി., തുടങ്ങിയവർ മത്സരങ്ങൾക്ക് നേതൃത്വം വഹിച്ചു. സഹകരിച്ച എല്ലാ മേഖലാ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, മേഖലാ ഭാരവാഹികൾ എല്ലാവരേയും പ്രത്യേകം നന്ദിയോടെ ഓർക്കുന്നു.

രൂപത കലാമത്സരം നവംബർ 14-ന് മാനന്തവാടി ന്യൂമാൻസ് കോളേജിൽ വച്ച് രാവിലെ 9 മുതൽ നടത്തപ്പെടുന്നു. വേണ്ട ക്രമീകരണങ്ങൾ മുൻകൂട്ടി നടത്തണമെന്ന് എല്ലാ മേഖലാ സമിതികളെയും പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

### നാഷണൽ യൂത്ത് കൺവെൻഷൻ

CBCI യുടെ കീഴിലുള്ള ഔദ്യോഗിക യുവജന പ്രസ്ഥാനമായ ഇന്ത്യൻ കാത്തലിക് യൂത്ത് മൂവ്മെന്റ് (ICYM) സംഘടിപ്പിച്ച നാഷണൽ യൂത്ത് കൺവെൻഷൻ ഒക്ടോബർ 5 മുതൽ 12 വരെ പഞ്ചാബിലെ ജലന്ദർ രൂപതയിൽ വച്ച് നടത്തപ്പെട്ടു. കെ.സി.വൈ.എം. മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് രൂപത ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ ചെമ്പക്കര, സംസ്ഥാന സിൻഡിക്കേറ്റ് അംഗം ശ്രീ. സജിൻ ചാലിൽ എന്നിവർ പങ്കെടുത്തു. യൂത്ത് കൺവെൻഷനായി പ്രാർത്ഥിച്ച ഏവരെയും നന്ദിയോടെ ഓർക്കുന്നു.

## നവംബർ 2 യുവജനസംഗമം

KCYM മാനന്തവാടി രൂപത യുവജന സംഗമം നവംബർ 2 ന് മാനന്തവാടി ടൗൺ ഹാളിൽ വച്ച് നടത്തപ്പെടുന്നു. യുവജന സംഗമത്തിന്റെ തുടക്കമായി മാനന്തവാടി ടൗൺ ചർച്ചിൽ നിന്നും സമ്മേളന നഗരിയായ ടൗൺ ഹാളിലേക്ക് രാവിലെ 9.30 ന് യുവജനറാലി ആരംഭിക്കും. തുടർന്ന് നടക്കുന്ന പൊതുസമ്മേളനത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് യുവജനങ്ങളെ അഭിസംബോധന ചെയ്ത് സംസാരിക്കും. സമ്മേളനത്തിൽ കെ.സി.വൈ.എം. രൂപത, സംസ്ഥാന ഭാരവാഹികൾ സന്നിഹിതരായിരിക്കും. തുടർന്ന് കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടറും കെ.സി.ബി.സി ഫാമിലി കമ്മീഷൻ സെക്രട്ടറിയുമായിരിക്കുന്ന റവ.ഫാ. ജോസ് കോട്ടായിൽ വിശ്വാസവർഷത്തെ ആസ്പദമാക്കി ക്ലാസ് നയിക്കുന്നു.

## മേഖല, യൂണിറ്റ്തല ഇലക്ഷൻ

2014 വർഷത്തിൽ സംഘടനയെ നയിക്കേണ്ടവരെ തിരഞ്ഞെടുക്കുന്ന ഇലക്ഷനുകൾ നവംബർ 12-ന് മുൻപ് യൂണിറ്റുകളിലും, ഡിസംബർ 1 ന് മുൻപ് മേഖലകളിലും പൂർത്തിയാക്കേണ്ടതാണ്.

## യൂണിറ്റ് വാർത്തകൾ

### കരിമാനി യൂണിറ്റ്

പരി.മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളും സ്വാതന്ത്ര്യദിനാഘോഷവും സംയുക്തമായി ആഘോഷിച്ചു. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജിൽസൻ ഞവരക്കാട്ട് സി.എസ്.റ്റി. നേതൃത്വം നൽകി. വിജയികൾക്ക് സമ്മാനങ്ങൾ നൽകി. രണ്ടാം വെള്ളിയാഴ്ചകളിൽ നടക്കുന്ന ആരാധനയിൽ യുവജനങ്ങൾ പങ്കെടുത്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ ഓണാഘോഷം നടത്തി. വിവിധമത്സരങ്ങളിൽ പങ്കെടുത്തവർക്ക് സമ്മാനങ്ങൾ നൽകി. ഇടവകയിലെ ഒരു കുടുംബത്തിന് ഓണകിറ്റ് നൽകി.

### പഴൂർ യൂണിറ്റ്

യുവജനദിനാചരണ പ്രവർത്തനമായി യൂണിറ്റ് ഡയറക്ടർ റവ. ഫാ. വിൻസെന്റ് പുതുശ്ശേരിയുടെ നേതൃത്വത്തിൽ കെ.സി.വൈ.എം. അംഗങ്ങൾ ഇടവകയിലെ റിലീഫ് ഫോറത്തിന്റെ സഹകരണത്തോടെ ഇടവകാംഗം ശ്രീ. ചാക്കോ അരീക്കാട്ടിന് ഒരു ഭവനം നിർമ്മിച്ചു നൽകി. ആക്രിസാധനങ്ങൾ ശേഖരിച്ച് വിറ്റും, ഭവനനിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ സംഘടിപ്പിച്ചും, നിർമ്മാണജോലികൾ യുവജനങ്ങൾ ഏറ്റെടുത്ത് ചെയ്തുമാണ് നിർമ്മാണം പൂർത്തീകരിച്ചത്. യൂണിറ്റ് അംഗങ്ങ

ളുടെ നേതൃത്വത്തിൽ പഴൂർ സെന്റ് മാത്യൂസ് ഭവൻ വൃദ്ധമന്ദിരത്തിൽ വി. ഫ്രാൻസീസ് അസീസിയുടെ മനോഹരമായ ഗ്രോട്ടോ നിർമ്മിച്ചു നൽകി.

**ദീപ്തിഗിരി യൂണിറ്റ്**

യുവജനങ്ങളുടെ ആഭിമുഖ്യത്തിൽ ഓണാഘോഷം സംഘടിപ്പിച്ചു. വിവിധമത്സരങ്ങളിൽ വിജയികളായവർക്ക് യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോസ് കപ്യാരുമലയിൽ സമ്മാനങ്ങൾ നൽകി. പായസവിതരണത്തിലൂടെ ആഘോഷത്തിന് മാധുര്യമേകി. തുടർന്ന് യൂണിറ്റിന്റെ ധനശേഖരണാർത്ഥം പച്ചക്കറിതോട്ടത്തിനായുള്ള ഒരുക്കങ്ങൾ നടത്തി. മേഖല സാഹിത്യമത്സരത്തിൽ യൂണിറ്റംഗങ്ങൾ സംബന്ധിച്ചു.

**കാവുംമന്ദം യൂണിറ്റ്**

യൂണിറ്റ് ഡയറക്ടർ റവ.ഫാ. റെജി മുതുകത്താനിയുടെ നേതൃത്വത്തിൽ യുവജനങ്ങൾ വാർഡ് അടിസ്ഥാനത്തിൽ ഓണാഘോഷം സംഘടിപ്പിച്ചു. ഉച്ചയ്ക്ക് വിഭവസമൃദ്ധമായ ഉച്ചഭക്ഷണം നൽകി. മേഖല സാഹിത്യമത്സരത്തിൽ യൂണിറ്റംഗങ്ങൾ എല്ലാ മത്സര ഇനങ്ങളിലും പങ്കെടുത്തു.

**പടമല യൂണിറ്റ്**

എട്ടുനോമ്പ് ദിവസങ്ങളിൽ യുവജനങ്ങൾ വി.കുർബാനയിലും ജപമാലയിലും സംബന്ധിച്ചു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. സണ്ണി മഠത്തിലിന്റെ നേതൃത്വത്തിൽ യുവജനങ്ങൾ ഓണാഘോഷം നടത്തി. വിവിധ മൽസരങ്ങൾ, സമ്മാനദാനം, ഉച്ചഭക്ഷണം, പായസവിതരണം എന്നിവ സംഘടിപ്പിച്ചു. യുവജനങ്ങൾ പള്ളിയും, പരിസരവും വൃത്തിയാക്കി. മതബോധനഞായർ ആചരിക്കുകയും അധ്യാപകരെ ആദരിക്കുകയും ചെയ്തു. മേഖല മത്സരത്തിൽ അംഗങ്ങൾ പങ്കെടുത്തു.

**പുൽപ്പള്ളി യൂണിറ്റ്**

യുവജനദിനം സമുചിതമായി ആഘോഷിച്ചു. വി.കുർബാനയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി. വി.കുർബാനയ്ക്ക് മുൻപ് ജപമാല നടത്തി. മേഖല യുവജനസമ്മേളനത്തിൽ 60 അംഗങ്ങൾ സംബന്ധിച്ചു. ആനിമേറ്റർ സി. ഷെറിന്റെയും ബെന്നിസാറിന്റെയും നേതൃത്വത്തിൽ പനമരത്തുള്ള നവജ്യോതി അഗതിമന്ദിരം സന്ദർശിച്ചു. നല്ലവരായ അനേകം വ്യക്തികൾ ഉദാരമായി നൽകിയ ഭക്ഷണസാധനങ്ങളും, പുതുവസ്ത്രങ്ങളും, സ്റ്റേഷനറിവസ്തുക്കളും സമ്മാനമായി നൽകി. അവരുമായി സൗഹൃദം പങ്കിടുകയും കലാപരിപാടികൾ അവതരിപ്പി

ക്കുകയും ചെയ്തു. ഇതിനുവേണ്ട മാർഗ്ഗനിർദേശങ്ങളും, പ്രോത്സാഹനവും യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോൺ പുതുക്കുളം നൽകി.

## കുറുമണി യൂണിറ്റ്

യുവജനങ്ങളുടെ നേതൃത്വത്തിൽ യുവജനദിനം സമുചിതമായി ആഘോഷിച്ചു. വിശ്വാസ യുവജനസമഗ്രത എന്ന വിഷയത്തെ ആസ്പദമാക്കി രൂപത സിൻഡിക്കേറ്റംഗം ശ്രീ. ബിനോയി പാനികുളം സെമിനാർ നയിച്ചു. youcat പഠനശിബിരത്തിനായി എല്ലാ ഞായറാഴ്ചയും മാത്യുസാറിന്റെ നേതൃത്വത്തിൽ യുവജനങ്ങൾ സമ്മേളിക്കുന്നു. യുവജനങ്ങളുടെ പങ്കാളിത്തത്തോടെ തകർന്ന പാലം പുനർനിർമ്മാണം നടത്തി. സ്വാതന്ത്ര്യദിനാഘോഷവും, സ്വർഗ്ഗാരോപണതിരുനാളും ആഘോഷിച്ചു. ഭാരവാഹികൾ മേഖലസെനറ്റിൽ സംബന്ധിച്ചു. മേഖല ബെഡ്ഷീറ്റ് കുറിയിലേക്ക് 121 പേർക്ക് പങ്കാളിത്തം നൽകി. മേഖല സെമിനാറിൽ യൂണിറ്റിൽ നിന്നും 18 അംഗങ്ങൾ പങ്കെടുത്തു. ഡിബേറ്റ് മത്സരത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ നടന്ന വാഹനപ്രചരണജാഥയിൽ സംബന്ധിച്ചു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയുടെ നേതൃത്വത്തിൽ യുവജനങ്ങൾ ഓണാഘോഷപരിപാടികൾ സംഘടിപ്പിച്ചു. ഓണസദ്യയൊരുക്കി. കെ.സി.വൈ.എം., മാതൃസംഘം എന്നീ സംഘടനകൾ സംയുക്തമായി സംഘടിപ്പിച്ച മെഡിക്കൽക്യാമ്പ് കൽപ്പറ്റ ഫാത്തിമ ഹോസ്പിറ്റലിൽ വച്ച് നടത്തപ്പെട്ടു. ജോസ് സാർ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. 201 വ്യക്തികൾ പങ്കെടുത്തു.

## ചുങ്കക്കുന്ന് യൂണിറ്റ്

എട്ടുനോമ്പ് ദിവസങ്ങളിൽ യുവജനങ്ങൾ വി.കുർബാനയിലും ജപമാലയിലും സംബന്ധിച്ചു. വിവിധ അഗതിമന്ദിരത്തിലേയ്ക്കാവശ്യമായ ഉപയോഗവസ്തുക്കൾ ശേഖരിച്ചു. വാ. മദർതെരേസ അനുസ്മരണം നടത്തി. യൂണിറ്റ് ഡയറക്ടർ റവ.ഫാ. തോമസ് മണക്കുന്നേൽ, അസി.ഡയറക്ടർ റവ.ഫാ. ബിജു പുന്നയ്ക്കാപടവിൽ, യൂണിറ്റ് പ്രസിഡന്റ് ശ്രീ. നോബിൾ വട്ടക്കുടി എന്നിവർ പ്രസംഗിച്ചു. ബഹു. ഡയറക്ടറച്ചൻ, ആനിമേറ്റർ സി. റോയ്സ് എസ്.എച്ച്. എന്നിവരുടെ നേതൃത്വത്തിൽ പോരൂർ സ്നേഹാലയം, ബോയ്സ്ടൗൺ ബാലഭവൻ തുടങ്ങിയ മന്ദിരങ്ങൾ സന്ദർശിച്ച് ശേഖരിച്ച വസ്തുക്കൾ കൈമാറി. നടവയൽ വൃദ്ധസദനം സന്ദർശിച്ച് കെട്ടിടനിർമ്മാണത്തിന് സംഭാവന നൽകി. വിവിധമത്സരങ്ങളോടെ ഓണാഘോഷം നടത്തി. മേഖലാടിസ്ഥാനത്തിൽ നടത്തപ്പെട്ട വടംവലി മത്സരത്തിൽ ചുങ്കക്കുന്ന് ഒന്നാം സ്ഥാനം

കരസ്ഥമാക്കി. യൂണിറ്റ് ഡയറക്ടറച്ചൻ ഒന്നും, രണ്ടും, മൂന്നും സ്ഥാന ക്കാർക്ക് യഥാക്രമം 2001, 1001, 501 രൂപ വീതം ക്യാഷ് അവാർഡും പഴ ക്കുലയും സമ്മാനിച്ചു. മേഖലാതലത്തിൽ സംഘടിപ്പിച്ച തലയണയടി മത്സരത്തിൽ യൂണിറ്റിന് മൂന്നാം സ്ഥാനം ലഭിച്ചു. യുവതലമുറയുടെ അഭിനയമികവ് വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി നാടക ശില്പ ശാല സംഘടിപ്പിച്ചു. ശ്രീ. ജോസ് കിഴക്കൻ നേതൃത്വം നൽകി.

**മേഖലാ വാർത്തകൾ**

**തരിയോട് മേഖല**

വയനാടിനെ ദുർബലപ്രാധാന്യമുള്ള പ്രദേശമായി പ്രഖ്യാപി ക്കുന്ന ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾക്ക് കെ.സി.വൈ.എം. തരിയോട് മേഖല പന്തം കൊളുത്തി പ്രകടനം നടത്തി പ്രതിഷേധിച്ചു. പ്രതിഷേധറാലി മേഖല ഡയറക്ടർ റവ.ഫാ. റെജി മുതുകത്താനിയിൽ ഉദ്ഘാടനം ചെയ്തു. മേഖല പ്രസിഡന്റ് ജെറ്റീഷ് വെള്ളാരംകാലാ യിൽ, സെക്രട്ടറി അമൽ കൊച്ചുകുളത്തിങ്കൽ, അജിസൺ അമ്പലത്തി ങ്കൽ, അനീഷ് വളവിൽ എന്നിവർ നേതൃത്വം നൽകി. മേഖല കലാസാ ഹിത്യമത്സരങ്ങൾ നടത്തപ്പെട്ടു. മേഖല ഡയറക്ടർ ഫാ. റെജി മുതു കത്താനി ഉദ്ഘാടനം ചെയ്തു. സി. റോസ്മിൻ എസ്.എച്ച്., ജെറ്റീഷ് വെള്ളാരംകാലായിൽ, അമൽ കൊച്ചുകുളത്തിങ്കൽ എന്നിവർ ആശംസ കളർപ്പിച്ചു. ഒന്നാംസ്ഥാനം ചെന്നലോട് യൂണിറ്റും രണ്ടാംസ്ഥാനം കാവുംമന്ദം യൂണിറ്റും പങ്കിട്ടു. സമ്മാനദാനം കെ.സി.വൈ.എം. രൂപതാ പ്രസിഡന്റ് ജിതേഷ് മുളയ്ക്കക്കുന്നേൽ നടത്തി. മേഖലയുടെ ആഭി മുഖ്യത്തിൽ നടവയൽ ഓസാനഭവൻ സന്ദർശിച്ചു.

**ബിബിൻ ചെമ്പക്കര**
കെ.സി.വൈ.എം. ജനറൽ സെക്രട്ടറി

# ജീസസ് യൂത്ത്

## യുവജന ഏകദിന ധ്യാനം 12-10-13

രണ്ടാം വെള്ളിയാഴ്ച ജീസസ് യൂത്ത് ലീഡേഴ്സ്, ബഹു. ലാൽ ജേക്കബ്ബ് പൈനുങ്കൽ അച്ചന്റെ നേതൃത്വത്തിൽ 12 മണിവരെ ജാഗരണ പ്രാർത്ഥന നടത്തി. ശനിയാഴ്ച രാവിലെ പ്രാർത്ഥിച്ച് ഒരുങ്ങി ജീസസ് യൂത്ത് ലീഡേഴ്സ് പ്രോഗ്രാം നടത്തി. ഇതിൽ 60 ഓളം കുട്ടികൾ പങ്കെടുത്തു.

## ജാഗരണ പ്രാർത്ഥന

ഫിദേയി 2013 ക്യാമ്പസ് റിട്രീറ്റിന്റെ വിജയത്തിനായി 5-10-13, 12-10-13 തീയതികളിൽ ജാഗരണ പ്രാർത്ഥന നടത്തി. ഇതിൽ 38 ലീഡേഴ്സ് പങ്കെടുത്തു.

## ധ്യാനവിജയത്തിനായുള്ള പ്രാർത്ഥന

ഫിദേയി 2013 ക്യാമ്പസ് റിട്രീറ്റിന്റെ വിജയത്തിനായി സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 10 വരെ ലീഡേഴ്സ് ചെയിൻ ഉപവാസത്തിലൂടെ ത്യാഗപൂർവ്വം പ്രാർത്ഥിച്ചു. കൂടാതെ വൈദികരും സന്യസ്തരും അത്മായ സഹോദരങ്ങൾ ഉൾപ്പെടെയുള്ളവർ ചേർന്ന് പതിനായിരത്തിലധികം ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

## ഫിദേയ് 2013 ക്യാമ്പസ് റിട്രീറ്റ്

ഫിദേയ് 2013 ക്യാമ്പസ് റിട്രീറ്റ് 12-10-2013 മുതൽ 17-10-2013 വരെ ദ്വാരക സീയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തി. 333 വിദ്യാർത്ഥികൾ പങ്കെടുത്ത ഈ ധ്യാനത്തിന് ഡയറക്ടർ ഫാ. ലാൽ ജേക്കബ്ബ് പൈനുങ്കൽ നേതൃത്വം നൽകി. സീയോൻ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ താന്നിയിൽ, റവ. ഫാ. സോണി വാഴക്കാട്ട്, റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ജോണി പെരുമാട്ടിക്കുന്നേൽ, റവ. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, റവ. സി. സെലിൻ SABS, റവ. സി. ഫിൽസി CMC തുടങ്ങിയവരും വിവിധ ശുശ്രൂഷകൾക്ക് സഹായിച്ചു. ജീസസ് യൂത്ത് കോർഡിനേറ്റർ വിനീഷ് കോട്ടായി, ക്യാമ്പസ് മിനിസ്ട്രി കോർഡിനേറ്റർ ക്രിസ്റ്റോ പള്ളിക്കുന്നേൽ തുടങ്ങിയവരുടെ നേതൃത്വത്തിൽ 40 ഓളം ലീഡേഴ്സ് ധ്യാനത്തിന് സഹായിച്ചു.

സിജോ വരിക്കനാനിയ്ക്കലിന്റെ നേതൃത്വത്തിൽ പുതുശേരിക്കടവ് ഇടവകയിൽ കുട്ടികൾക്കായി വചനാധിഷ്ഠിതമായി പ്രാർത്ഥന ശുശ്രൂഷ നടത്തി. 80 ഓളം കുട്ടികൾ പങ്കെടുത്തു. നിർദ്ധനരായ കുട്ടികൾക്ക് പഠനസഹായം ചൈൽഡ് സപ്പോർട്ട് എന്ന പേരിൽ നൽകി വരുന്നു. 9–11–13 ന് ഏകദിന യുവജനധ്യാനം നടക്കുന്നു. മരിച്ചുപോയ വൈദികരുടെ ആത്മാക്കൾക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന ശുശ്രൂഷയും ഉണ്ടായിരിക്കുന്നതാണ്.

**ഫാ. ലാൽ ജേക്കബ്ബ് പൈനുങ്കൽ**
ജീസസ് യൂത്ത് ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

## വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ ഒക്ടോബർ 6 മുതൽ 9 വരെ നടന്ന കോഴ്സിൽ 91 പേരും ഒക്ടോബർ 19 മുതൽ 22 വരെ നടന്ന കോഴ്സിൽ 87 പേരും പങ്കെടുത്തു.കോഴ്സുകളുടെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**പ്രത്യേക ശ്രദ്ധയ്ക്ക്**

നവംബർ 29 മുതൽ ഡിസംബർ 2 വരെ നടത്താനിരുന്ന കോഴ്സിന്റെ തീയതിയിൽ വന്ന മാറ്റം ശ്രദ്ധിക്കണേ. ഡിസംബർ 1 മുതൽ 4 വരെയായിരിക്കും കോഴ്സ്.

## അടുത്ത മാസങ്ങളിലെ കോഴ്സുകൾ

| | | | |
|---|---|---|---|
| നവംബർ | 3 – 6 | – | ദ്വാരക പാസ്റ്ററൽ സെന്റർ |
| നവംബർ | 15 –18 | – | ദ്വാരക പാസ്റ്ററൽ സെന്റർ |
| ഡിസംബർ | 1 – 4 | – | ദ്വാരക പാസ്റ്ററൽ സെന്റർ |
| ഡിസംബർ | 13 – 16 | – | മണിമൂളി പാസ്റ്ററൽ സെന്റർ |
| ഡിസംബർ | 28–31 | – | ദ്വാരക പാസ്റ്ററൽ സെന്റർ |

## കത്തോലിക്കാ മാതൃസംഘടന

മാതൃസംഘടനയുടെ രൂപതാ എക്സിക്യൂട്ടീവ് 15–10–2013 –ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ ഡയറക്ടർ ബഹു. മാത്യു പെരിയപ്പുറം അച്ചന്റെ നേതൃത്വത്തിൽ നടന്നു. യോഗത്തിൽ രൂപതാ പ്രസിഡന്റ് ശ്രീമതി മോളി കരിമ്പനാക്കുഴി അംഗങ്ങളെ സ്വാഗതം ചെയ്തു. മേഖലാ സന്ദർശനം, അടുത്ത പ്രവർത്തന വർഷത്തെ മാർഗ്ഗ രേഖ തയ്യാറാക്കൽ എന്നിവയുടെ ചർച്ച നടന്നു. വിവിധ മേഖലകളി ലേക്ക് സന്ദർശനത്തിന് പോകേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കി. മാർഗ്ഗ

രേഖ തയ്യാറാക്കുന്നതിന് ഒക്ടോബർ 24-ന് വൈകിട്ട് എക്സിക്യുട്ടീവ് ചേരാൻ തീരുമാനിച്ചു. രൂപതാ സെക്രട്ടറി ശ്രീമതി കത്രിക്കുട്ടി ടീച്ചർ നന്ദി പറഞ്ഞു.

**രൂപതാ സാഹിത്യ മൽസരം**

ഈ വർഷത്തെ രൂപതാ സാഹിത്യ മൽസരം നവംബർ 14 -ാം തീയതിയാണ്. മൽസരം നടത്തേണ്ടത് അതാതു മേഖലകളിലാണെന്ന കാര്യം ഓർമ്മിപ്പിക്കട്ടെ. മേഖലാതല മൽസര വിജയികളെ സൗകര്യ പ്രദമായ സ്ഥലത്ത് ഒരുമിച്ചുകൂട്ടി മൽസരം നടത്തി രചനകൾ നവംബർ 20-ാം തീയതിക്കുള്ളിൽ രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

**നടവയൽ മേഖല**

2013 ആഗസ്റ്റ് 17-ന് കേണിച്ചിറ ഇടവകയിൽ വച്ച് നടവയൽ മേഖല മാതൃസംഘടനയുടെ ജനറൽ ബോഡി മീറ്റിംഗ് നടന്നു. മേഖലാ ഡയറക്ടർ ബഹു. ജോയി പുല്ലൻകുന്നേലച്ചൻ സ്വാഗതം ആശംസിച്ചു. രൂപതാ ആനിമേറ്റർ ബഹു. സി.ടെസ്സീന SABS ഭാരവാഹികൾക്കായി ക്ലാസ്സെടുത്തു. സി. അഞ്ജലി CMC യെ മേഖലാ ആനിമേറ്ററായി തിരഞ്ഞെടുത്തു. ആഗസ്റ്റ് 24-ാം തീയതി എറണാകുളത്തു വച്ച് നടക്കുന്ന വനിതാഫോറത്തിന്റെ കൺവെൻഷനിൽ പങ്കെടുക്കാൻ ശ്രീമതി ലൗലി ഇല്ലിയ്ക്കൽ വാളവയലിനെ തിരഞ്ഞെടുത്തു. 12-10-2013ന് നടവയൽ മേഖലാ ജപമാലറാലി ചെറുകാട്ടൂർ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ വച്ച് നടത്തി. മേഖലാ ഡയറക്ടർ ബഹു. ജോയി പുല്ലൻകുന്നേൽ, ശാഖാ ഡയറക്ടർ ബഹു. ഫാ. ജോർജ്ജ് തേരകം, ആനിമേറ്റർ സി. അഞ്ജലി CMC രൂപതാ എക്സിക്യൂട്ടീവ് മെമ്പർ ലില്ലി ഇടപ്പുളവിൽ എന്നിവർ നേതൃത്വം നൽകി.

**പുൽപ്പള്ളി മേഖല**

സെപ്റ്റംബർ 5-ന് മേഖലാ എക്സിക്യൂട്ടീവ് ചേർന്നു. സെപ്റ്റംബർ 20-ന് ഓണാഘോഷപരിപാടികൾ നടത്തി. മേഖലാ ഡയറക്ടർ റവ.ഫാ.ജോഷി പുൽപ്പയിൽ, ആനിമേറ്റർ സി. കൃപ എഫ്.സി.സി, പ്രസിഡണ്ട് സെലിൻ മലേക്കുടിയിൽ, മേഴ്സി മഞ്ഞളിയിൽ എന്നിവരും, എക്സിക്യുട്ടീവ് അംഗങ്ങളും നേതൃത്വം നൽകി. സെപ്റ്റംബർ 14-ന് മേഖലാ ടീം രോഗീ സന്ദർശനം നടത്തി.

**നരിവാലമുണ്ട**

ദുക്റാനത്തിരുന്നാൾ ദിനം ദിവ്യബലിയോടുകൂടി 2013-2014 പ്രവർത്തന വർഷത്തിന് തുടക്കം കുറിച്ചു. എക്സിക്യൂട്ടീവ് അംഗങ്ങൾ കാഴ്ചസമർപ്പണം നടത്തി. ഈ വർഷത്തെ പ്രവർത്തനമാർഗ്ഗരേഖ

'സ്നേഹിത' ബഹു. ഫാ. സണ്ണി കൊല്ലാർതോട്ടം എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. ഈ അധ്യയന വർഷം നിർദ്ധനരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങുവാൻ ധനസഹായം നൽകി. 21-ാം തീയതി മുതൽ 28-ാം തീയതിവരെ വി.അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിക്ക് മുമ്പുള്ള ജപമാലയ്ക്ക് അമ്മമാർ നേതൃത്വം നൽകി. മേഖലയിലെ ചെയിൻ റോസറിയുടെ സമാപനം 31-ാം തീയതി നരിവാലമുണ്ട ഇടവ കയിൽ വച്ച് നടത്തി. മേഖലാ ഡയറക്ടർ റവ.ഫാ.സെബാസ്റ്റ്യൻ കീഴേത്ത്, മണിമൂളി നിലമ്പൂർ മേഖലാ വികാരി ജനറാൾ പെരിയ ബഹു. ജെയിംസ് കുറ്റിമാക്കൽ, ഇടവകവികാരി ബഹു.ഫാ.സണ്ണി കൊല്ലാർതോട്ടം എന്നിവർ നേതൃത്വം നൽകി. ആഗസ്റ്റ് 9-ാം തീയതി 'വിശ്വാസവളർച്ചയിൽ കുടുംബത്തിലും സമൂഹത്തിലും അമ്മമാരുടെ പങ്ക്' എന്ന വിഷയത്തെക്കുറിച്ച് സി. ആലീസ് എസ്.കെ.ഡി. ക്ലാസ്സെ ടുത്തു. 18-ാം തീയതി ബഹു.സണ്ണിയച്ചന്റെ അധ്യക്ഷതയിൽ കൂടിയ എക്സിക്യൂട്ടീവ് മീറ്റിംഗിൽ ഓണാഘോഷം, മാനസിക, ശാരീരിക, വെല്ലുവിളികൾ നേരിടുന്നവരുടെ സംഗമം എന്നിവ ഒക്ടോബർ 14-ാം തീയതി വിവിധ സംഘടനകളുടെ നേതൃത്വത്തിൽ നടത്താൻ തീരു മാനിച്ചു. 15-ാം തീയതി എല്ലാസംഘടനകളും സംയുക്തമായിട്ട് ഓണാ ഘോഷം നടത്തി. 22-ാം തീയതി മേഖലാ എക്സിക്യുട്ടീവ് അംഗങ്ങ ളുടെ ദമ്പതീകൂട്ടായ്മ നടത്തി. രൂപതാ ടീം അംഗം ശ്രീ ബേബി ജോസഫ് സാർ ക്ലാസ്സ് നയിച്ചു.

**മൂലങ്കാവ്**

14-09-2013 ന് ബഹു. ഷാജു മുളവേലിക്കുന്നേലച്ചന്റെ അധ്യക്ഷ തയിൽ യോഗം ചേർന്നു. സംഘടനയുടെ ഭാവിപ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്തു. ഓണസദ്യ, ഓണമൽസരങ്ങൾ എന്നിവ നടത്തി. സെപ്റ്റംബർ 8 വിപുലമായി ആഘോഷിച്ചു. സംഘാംഗങ്ങൾ കാഴ്ച സമർപ്പണം നടത്തി. വി.കുർബ്ബാനയിലെ വായനകൾ, ഗാനശുശ്രൂഷ എന്നിവയ്ക്ക് അമ്മമാർ നേതൃത്വം നൽകി. അന്നേദിവസം ഇടവകയിലെ 90 വയസ്സിനുമേൽ പ്രായമുള്ള അമ്മമാരെയും സംഘടനയിലെ സീനി യറായ അമ്മമാരെയും ഷാൾ അണിയിച്ച് ആദരിച്ചു. സ്നേഹവിരുന്ന് നടത്തി.

**വെള്ളൂന്നി**

6-09-2013ന് എട്ടുനോമ്പാചരണത്തിനൊരുക്കമായി അമ്മമാർക്ക് സെമിനാർ നടത്തി. ബഹു. ജോസ് കൊട്ടാരത്തിലച്ചൻ 'വിശ്വാസ

കൈമാറ്റം കുടുംബങ്ങളിൽ' എന്ന വിഷയത്തെ സംബന്ധിച്ച് ക്ലാസ്സെടുത്തു. 8 ദിവസവും നോമ്പെടുത്ത് പ്രാർത്ഥിച്ച അമ്മമാരിൽ നിന്ന് 'ലക്കി മേരിയെ' തിരഞ്ഞെടുത്തു. തിരുനാൾദിനം അമ്മമാർ പൊതുദിവ്യകാരുണ്യസ്വീകരണം നടത്തി. 13-ാം തീയതി വികാരിയച്ചന്റെ ജന്മദിനം ആഘോഷിച്ചു. അന്നേദിവസം ഭാരവാഹികളായ രണ്ടുപേരുടെ വിവാഹവാർഷികവും ഒരാളുടെ ജന്മദിനവും ആഘോഷിച്ചു.

**പടമല**

ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ മീറ്റിംഗ് നടത്തി, റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ആദ്യവെള്ളിയാഴ്ചയിലെ ജാഗരണപ്രാർത്ഥനയിൽ അമ്മമാർ പങ്കെടുത്ത് ഇടവകയിലെ വിദ്യാർത്ഥികൾക്കു വേണ്ടി ഉപവസിച്ച് പ്രാർത്ഥിച്ചു. അമ്മമാരിൽനിന്നും പണം ശേഖരിച്ച് ഗവ.ആശുപത്രിയിൽ ഭക്ഷണം നൽകി. സെപ്റ്റംബർ 8-ന് അമ്മമാരുടെ നേതൃത്വത്തിൽ കാഴ്ച്ചസമർപ്പണം നടത്തി. കാഴ്ച്ചസമർപ്പണത്തിലൂടെ ലഭിച്ച തുക രോഗീസഹായമായി നൽകി. അമ്മമാർ പള്ളിയും പരിസരവും വൃത്തിയാക്കുകയും ഓണാഘോഷത്തിൽ പങ്കുചേരുകയും ചെയ്തു. കുരിശ്ശിന്റെ വഴി നടത്തി നല്ല കാലാവസ്ഥയ്ക്ക് വേണ്ടി പ്രാർത്ഥിച്ചു.

**ആറാട്ടുതറ**

ഒക്ടോബർ 4-ാം തീയതി ബഹു.വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ശ്രീമതി ലിസ്സി ഉള്ളോപ്പിള്ളി സ്വാഗതം ആശംസിച്ചു. ഒക്ടോബർ 19ന് ഒണ്ടയങ്ങാടിയിൽ നടക്കുന്ന സാഹിത്യമൽസരത്തെക്കുറിച്ചും 26 ന് വിധവകൾക്കുള്ള സെമിനാറിൽ പങ്കെടുക്കുവാനുള്ളവരുടെ വീടുകൾ സന്ദർശിച്ച് ലിസ്റ്റ് തയ്യാറാക്കുന്നതിനെക്കുറിച്ചും ഡിസംബർ മാസത്തിലെ മേഖലാവാർഷികത്തെക്കുറിച്ചും ചർച്ച ചെയ്തു. മേഖലാഫണ്ടിനായി നടത്തുന്ന സമ്മാനക്കൂപ്പൺ വിതരണത്തിനും 7-ാം തീയതി ആരംഭിക്കുന്ന കൊന്തനമസ്കാരത്തിനും അമ്മമാരുടെ സഹകരണത്തെക്കുറിച്ച് ചർച്ചചെയ്തു. ശ്രീമതി ഷിബിന യോഗത്തിൽ നന്ദി പറഞ്ഞു.

**പൂളപ്പാടം**

എല്ലാ രണ്ടാം വെള്ളിയാഴ്ചകളിലും വിവിധ വിഷയങ്ങളെ ആസ്പദമാക്കി നടത്തുന്ന ക്ലാസ്സുകളിലും രണ്ടാം ശനിയാഴ്ചകളിൽ നടത്തുന്ന പള്ളിശുചീകരണത്തിലും അമ്മമാർ സജീവമായി സഹകരിക്കുന്നു. ആഗസ്റ്റ് 28-ാം തീയതി വി. മോനിക്കയുടെ തിരുനാളിനോടനുബന്ധിച്ച് അമ്മമാരുടെ നേതൃത്വത്തിൽ അഖണ്ഡ ജപമാല സമർപ്പിച്ച്

പ്രാർത്ഥിച്ചു. എട്ടുനോമ്പിന്റെ ദിനങ്ങളിൽ അമ്മമാർ ദിവ്യബലിയിലെ വചനവായനകൾക്കും ജപമാലസമർപ്പണത്തിനും നേതൃത്വം നൽകുകയും കാഴ്ചസമർപ്പണം നടത്തുകയും ചെയ്തു. രോഗികളെ സന്ദർശിക്കുകയും സഹായം നൽകുകയും ചെയ്തു.

**മഞ്ഞൂറ**

മഞ്ഞൂറ ഇടവകയിൽ മാതൃസംഘത്തിന്റെ പുതിയ യൂണിറ്റ് ആരംഭിച്ചു. രൂപതാ ആനിമേറ്റർ സി. റ്റെസ്സീന SABS നേതൃത്വം നൽകിയ സെമിനാറിനെത്തുടർന്ന് ഇടവക വികാരി ബഹു.ആന്റോ മമ്പള്ളിയച്ചന്റെ അധ്യക്ഷതയിൽ യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റ് - ജെസ്സി വടക്കേപറമ്പിൽ, വൈസ് പ്രസിഡന്റ് - തങ്കമ്മ ഓലപ്പുരയ്ക്കൽ, സെക്രട്ടറി- മോളി മങ്കോട്ട്, ജോയിന്റ് സെക്രട്ടറി- ഷിനി വളവിൽ, ട്രഷറർ- ഡെയ്സി മംഗലത്ത്, കൗൺസിലേഴ്സ് - ആലീസ് നെല്ലാപ്പള്ളി, ഗ്രേസി കാട്ടേക്കര, ആനിമേറ്റർ- സി.മേരി ജോസഫ് SKD.

**നടവയൽ ശാഖ**

എല്ലാ വ്യാഴാഴ്ചയും ബത്തേരി താലൂക്കാശുപത്രിയിലെ രോഗികൾക്കായി ഭക്ഷണം പാകം ചെയ്ത് നൽകുന്നു. സെപ്റ്റംബർ 20–ാം തീയതി ഓണാഘോഷം നടത്താൻ തീരുമാനിച്ചു. എല്ലാ രണ്ടാം വ്യാഴാഴ്ചയും വിശേഷദിവസങ്ങൾക്കുമുമ്പും പള്ളിയും പരിസരവും വൃത്തിയാക്കുന്നു.

**ചുങ്കക്കുന്ന്**

പരിശുദ്ധഅമ്മയുടെ പിറവിത്തിരുനാളിനൊരുക്കമായി അശരണരെ സഹായിക്കുവാനുള്ള ത്യാഗമനോഭാവത്തോടെ 1 മുതൽ 8 വരെ രാവിലെയും വൈകിട്ടും ദിവ്യബലിയിൽ അമ്മമാർ സംബന്ധിച്ചു. എല്ലാ ദിവസങ്ങളിലും അമ്മമാർ കാഴ്ച സമർപ്പിച്ച് ഏകദേശം 65000/– രൂപ സമാഹരിച്ചു. 11–ാം തീയതി ബഹു. വികാരിയച്ചനും, ആനിമേറ്ററും എക്സിക്യുട്ടീവ് അംഗങ്ങളും ചേർന്ന് ബോയ്സ്ടൗൺ, സ്നേഹാലയം പോരൂർ, ഓസ്സാനാം ഭവൻ നടവയൽ, ജയമാതാ ആശ്രമം കാട്ടിക്കുളം എന്നീ സ്ഥാപനങ്ങൾ സന്ദർശിച്ച് സഹായം വിതരണം ചെയ്തു.

**ഇടിവണ്ണ**

പരിശുദ്ധ അമ്മയുടെ ജനനതിരുനാളിനോട് അനുബന്ധിച്ചുള്ള ജപമാലറാലിയിലും വി.ബലിയിലും അമ്മമാർ സജീവമായി പങ്കെടുത്തു. കാഴ്ചസമർപ്പണത്തിലൂടെ ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി 12000/– രൂപ സമാഹരിച്ചു. വി. തോമാശ്ലീഹായുടെ തിരുശേഷിപ്പ് സ്വീകരിച്ചാനയിക്കുന്നതിനായി ഒരുക്കിയ പ്രയാണത്തിൽ അമ്മമാർ സംബന്ധിച്ചു.

**മച്ചിക്കൊല്ലി**

ആഗസ്റ്റ് 15-ന് മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുന്നാൾ, സെപ്റ്റംബർ 8-ന് മാതാവിന്റെ പിറവിത്തിരുന്നാൾ ദിനങ്ങളിൽ കാഴ്ചസമർപ്പണത്തിലും വി.കുർബ്ബാനയിലും അമ്മമാർ പങ്കുചേർന്നു. രൂപതാ വിമൻസ് കമ്മീഷൻ ഓഫീസിൽ നിന്നും അറിയിച്ചതുപ്രകാരം ഇടവകാതലത്തിൽ നടത്തിയ ഉപന്യാസം, കഥ, കവിത എന്നീ മൽസരങ്ങളിൽ അമ്മമാർ പങ്കെടുത്തു. മതാധ്യാപനത്തിലൂടെയും മിഷൻലീഗ്, മാതൃസംഘടന എന്നിവയിലുള്ള പ്രവർത്തനങ്ങളിലൂടെയും വിശ്വാസപ്രഘോഷണയാത്രയിൽ പങ്കാളികളാകാൻ അമ്മമാർ ശ്രദ്ധിക്കുന്നു. മിഷൻലീഗിന്റെ സാഹിത്യ മൽസരങ്ങളിൽ അമ്മമാർ പങ്കെടുത്തു.

**കരിമാനി**

മാതൃസംഘാംഗങ്ങൾ എട്ടുനോമ്പാചരണം നടത്തുകയും ഓണാഘോഷപരിപാടികളിൽ പങ്കെടുക്കുകയും ചെയ്തു. പാവപ്പെട്ട 2 കുടുംബങ്ങൾക്ക് ഓണക്കിറ്റ് നൽകി.

**കൽപ്ര**

ഒക്ടോബർ 4-ന് ബഹു.തോമസ് കാട്ടുതുരുത്തി അച്ചന്റെ അദ്ധ്യക്ഷതയിൽ എക്സിക്യൂട്ടീവും തുടർന്ന് ജനറൽ ബോഡിയും ചേർന്നു. സി. ലിസ മുണ്ടിയാനി മിഷൻപ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു. 5 കുട്ടികൾക്ക് ധ്യാനത്തിൽ സംബന്ധിക്കാൻ സാമ്പത്തിക സഹായം നൽകി. വിശ്വാസവർഷം പ്രമാണിച്ച് സാഹിത്യമത്സരം നടത്തി.

**കുറുമണി**

6-9-2013-ന് മേഖലാ ടീം ശാഖയിൽ സന്ദർശനം നടത്തി. ശ്രീമതി അന്നമ്മ പൊൻതൊട്ടി കുടുംബജീവിതത്തിൽ അമ്മമാരുടെ പങ്കിനെക്കുറിച്ചും പെൺകുട്ടികൾ കൗമാരകാലഘട്ടത്തിൽ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും ക്ലാസ്സ് എടുത്തു. എട്ടുനോമ്പാചരണം സമുചിതമായി ആഘോഷിച്ചു. വിശ്വാസവർഷം പ്രമാണിച്ച് രൂപതയിൽ നടത്തുന്ന സാഹിത്യമത്സരത്തിൽ പങ്കെടുത്തു. എല്ലാ കുടുംബങ്ങളിലും പച്ചക്കറികൃഷി നടത്തുന്നതിനായി തൈകൾ വിതരണം ചെയ്തു. 29-09-2013 -ന് കൽപ്പറ്റ ഫാത്തിമമാതാ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ മെഡിക്കൽക്യാമ്പ് നടത്തി.

**ഫാ. മാത്യു പെരിയപ്പുറം**

ഡയറക്ടർ കുടുംബപ്രേഷിതത്വം

# വിമൻസ് കമ്മീഷൻ

28-8-13 ന് രൂപതാ ഡയറക്ടർ ബഹു. മാത്യു പെരിയപ്പുറം അച്ചന്റെയും ആനിമേറ്റർ സി. ആലീസ് എസ്.കെ.ഡി. യുടെയും നേതൃത്വത്തിൽ പാസ്റ്ററൽ സെന്ററിൽ വിമൻസ് കമ്മീഷന്റെ രൂപതാ എക്സിക്യൂട്ടീവ് യോഗം ചേർന്നു. രൂപതാ സെക്രട്ടറി ശ്രീമതി ജിഷ ഷൈബി സ്വാഗതമാശംസിച്ചു. യോഗം വിമൻസ് കമ്മീഷൻ നടത്തുന്ന വിധവാ സംഗമത്തെ വിലയിരുത്തി. പൊതു ജനങ്ങളുടെയും, വൈദീകരുടെയും പിന്തുണയും, സ്വീകാര്യതയും ശ്രദ്ധേയമായിരുന്നു എന്ന് യോഗം വിലയിരുത്തി. വിധവകളായ സ്ത്രീകളുടെ മനസിൽ പ്രതീക്ഷയുടെയും ആത്മ വിശ്വാസത്തിന്റെയും നാളങ്ങളുണർത്താൻ കഴിഞ്ഞതായി സംഗമത്തിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. മേഖലാ സെക്രട്ടറിമാർ, മുൻകൂട്ടി തുടർന്ന് നടത്തേണ്ട സംഗമങ്ങളുടെ പ്രധാനപ്പെട്ട വിഷയങ്ങളും ഉള്ളടക്കവും ചർച്ച ചെയ്തു.

ജീവിതയാത്രയിൽ ഒറ്റയ്ക്കായി എന്ന് കരുതി നിരാശയിൽ ജീവിക്കുന്ന സ്ത്രീകൾക്ക് ധൈര്യവും, വിശ്വാസവും നൽകുന്നതോടൊപ്പം ഭൗതികമായി ലഭ്യമാകാൻ സാധ്യതയുള്ള എല്ലാ അവകാശങ്ങളെക്കുറിച്ചും, ആനുകൂല്യങ്ങളെക്കുറിച്ചും ബോധ്യം നൽകി, ജീവിതത്തെ ആത്മവിശ്വാസത്തോടെ അഭിമുഖികരിക്കാൻ ശക്തരാക്കുക എന്നതാണ് വിമൻസ് കമ്മീഷൻ സംഘടിപ്പിക്കുന്ന വിധവാ സംഗമങ്ങളുടെ ലക്ഷ്യം.

27-09-2013 ന് ബഹു. ഡയറക്ടറച്ചന്റെയും ആനിമേറ്ററുടെയും നേതൃത്വത്തിൽ യോഗം ചേർന്നു. CMA രൂപതാ ആനിമേറ്റർ സി.റ്റെസീന എസ്.എ.ബി.എസ്. സന്നിഹിതയായിരുന്നു. ബഹു. അഗസ്റ്റിൻ താന്നിയിലച്ചൻ ആരാധന നയിച്ചു. രൂപതാ വിമൻസ് കമ്മീഷന്റെ മാർഗ്ഗരേഖ സംബന്ധിച്ചും മേഖലാതല സംഗമങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. എമ്മാവൂസ് അനുഭവത്തിന്റെ പശ്ചാത്തലത്തിൽ സംഗമങ്ങൾക്ക് 'സഹയാത്രിക' എന്ന് പേര് നൽകി. മാർഗ്ഗരേഖയോടൊപ്പം ഒരു ലോഗോയും ആപ്തവാക്യവും സ്വീകരിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. വിമൻസ് കമ്മീഷൻ രൂപതാ ജോയിന്റ് സെക്രട്ടറിയായി ശ്രീമതി ചിന്നമ്മ റാത്തപ്പള്ളിലിനെയും ട്രഷററായി ശ്രീമതി ഷീജ കാഞ്ഞിരത്തിങ്കലിനെയും യോഗം തിരഞ്ഞെടുത്തു.

**സംസ്ഥാനതല വിശ്വാസ വർഷ വനിതാ സംഗമം.**

ഒക്ടോബർ 11 മുതൽ 13 വരെ POC യിൽ നടന്ന വിശ്വാസ വർഷ വനിതാ സംഗമത്തിൽ വിമൻസ് കമ്മീഷൻ പ്രതിനിധികൾ സംബന്ധിച്ചു.

**അനുശോചനം**

വിമൻസ് കമ്മീഷൻ രൂപതാ ആനിമേറ്റർ സി. ആലീസ് എസ്. കെ.ഡി. യുടെ പിതാവിന്റെ വേർപാടിൽ രൂപതാ വിമൻസ് കമ്മീഷൻ അനുശോചനവും പ്രാർത്ഥനയും നേർന്നു.

**മുള്ളൻകൊല്ലി ഫൊറോന – 'സഹയാത്രിക'**

ഒക്ടോബർ 16 ന് 'സഹയാത്രിക' സംഗമം മുള്ളൻകൊല്ലി സെന്റ് മേരീസ് ഫൊറോന പള്ളിയിൽ വച്ച് നടന്നു. മേഖലാ ഡയറക്ടർ ബഹു. ജോഷി പുൽപ്പയിൽ അച്ചന്റെയും ആനിമേറ്റർ സി. കൃപയുടെയും, മേഖലാ സെക്രട്ടറി ശ്രീമതി മേരിക്കുട്ടി പള്ളിക്കമാലിന്റെയും നേതൃത്വത്തിൽ നടന്ന സംഗമത്തിൽ 325 പേർ പങ്കെടുത്തു.

രൂപതാ ഡയറക്ടർ ബഹു. ഫാ. മാത്യു പെരിയപ്പുറം സന്ദേശം നൽകി. CMA രൂപതാ ആനിമേറ്റർ സി. റ്റെസീന വിമൻസ് കമ്മീഷന്റെ കാലിക പ്രസക്തിയെക്കുറിച്ച് സംസാരിച്ചു.

**നിലമ്പൂർ മേഖല**

മേഖലാ സാഹിത്യ മത്സരങ്ങൾ നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഫൊറോന ദേവാലയത്തിൽ വച്ച് 14-10-2013 ന് നടത്തി. മേഖലാ ഡയറക്ടർ റവ. ഫാ. സജി പുതുക്കുളങ്ങര സി. തെരേസ, സി. ഗ്രേസി കുന്നിപ്പറമ്പിൽ, ഗ്രേസി കല്ലാത്ത്, ഡെയ്സി ശങ്കരത്തിൽ ഗ്രേസി തെക്കേത്തെരുവിൽ എന്നിവർ നേതൃത്വം നൽകി. 'സഹയാത്രിക' – നവംബറിൽ നടത്താൻ തീരുമാനിച്ചു. അതോടൊപ്പം വിശ്വാസ റാലി, സമൂഹബലിയർപ്പണം തുടങ്ങിയവയും നടത്തും. നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഫൊറോന വിമൻസ് കമ്മീഷൻ പ്രതിനിധിയായി റോസ്മേരി പുരയ്ക്കലിനെ തിരഞ്ഞെടുത്തു.

**ജിഷ ഷൈബി**

വിമൻസ് കമ്മിഷൻ സെക്രട്ടറി

# സീയോൻ വാർത്തകൾ

### സോണൽ മീറ്റിംഗ്

"സൗന്ദര്യത്തികവായ സീയോനിൽ നിന്നു ദൈവം പ്രകാശിക്കുന്നു. നമ്മുടെ ദൈവം വരുന്നു. അവിടുന്ന് മൗനമായിരിക്കുകയില്ല"(സങ്കീ 50:2)

ആത്മാഭിഷേകം സ്വീകരിക്കുവാനായി ഒക്ടോബർ 4 ആദ്യവെള്ളി 67 ശുശ്രൂഷകർ സീയോൻ പ്രാർത്ഥനാലയത്തിൽ ആരാധനയ്ക്കായി ഒത്തുചേർന്നു. 10 മണിക്ക് കുരിശിന്റെ വഴി. തുടർന്ന് 12 മണി വരെ ആരാധന നടത്തി. 12 മണിക്ക് ബഹുമാനപ്പെട്ട അഗസ്റ്റിൻ അച്ചൻ വി.ബലി അർപ്പിച്ച് വചനസന്ദേശം നൽകി. വിശുദ്ധരുടെ പേര് സ്വീകരിക്കുന്നവർ അവരുടെ ഗുണങ്ങൾ സ്വീകരിക്കണം. ദൈവത്തിനുവേണ്ടി ശുശ്രൂഷ ചെയ്യുന്നവർ എല്ലാം ഉപേക്ഷിക്കണം. ആത്മാക്കളുടെ രക്ഷയായിരിക്കണം നമ്മുടെ ലക്ഷ്യം എന്ന് അച്ചൻ പറഞ്ഞു. 1.30 ന് ബഹു. അഗസ്റ്റിനച്ചന്റെ നേതൃത്വത്തിൽ സോണൽ മീറ്റിംഗ് നടത്തി. ശുശ്രൂഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും സീയോനെ സ്വന്തമായി സ്നേഹിക്കേണ്ടതിനെക്കുറിച്ചും ശുശ്രൂഷ ഉജ്ജ്വലിപ്പിക്കേണ്ടതിനെക്കുറിച്ചും സംസാരിച്ചു. അതിനുശേഷം ആദ്യശനി കൺവെൻഷനു വേണ്ട ഒരുക്കങ്ങൾ നടത്തി.

### ജാഗരണ പ്രാർത്ഥന 5-10-13

"അങ്ങയുടെ വചനങ്ങളുടെ ചുരുളഴിയുമ്പോൾ പ്രകാശം പരക്കുന്നു. എളിയവർക്ക് അത് അറിവ് പകരുന്നു" (സങ്കീ 119:130). ജാഗരണ പ്രാർത്ഥന 6.30 ന് ജപമാലയോടുകൂടി ആരംഭിച്ചു. 7 മണിക്ക് വി.കുർബാന തുടർന്ന് 12 മണി വരെ ആരാധന എന്നിവ ജീസസ് യൂത്ത് ഡയറക്ടർ ബഹു. ലാൽ പൈനുങ്കൽ അച്ചനും സീയോൻ ടീം അംഗ

ങ്ങളും ജീസസ് യൂത്ത് ലീഡേഴ്സും ചേർന്ന് നടത്തി. 12 മണിക്ക് വിശ്രമിക്കാനായി പോയി.

**ആദ്യശനി - ഏകദിനകൺവെൻഷൻ (5-10-13)**

"കർത്താവ് എത്രനല്ലവനെന്ന് രുചിച്ചറിയുവിൻ" (സങ്കീ. 34:8). പ്രഭാതത്തിൽ ബഹു. അഗസ്റ്റിൻ അച്ചന്റെ നേതൃത്വത്തിൽ ജപമാല പ്രദക്ഷിണം സീയോൻ ഹോളിൽ നടത്തി. പ്രഭാതഭക്ഷണശേഷം 9 മണിക്ക് പ്രഭാതപ്രാർത്ഥന, സ്തുതി ആരാധന എന്നിവ ശ്രീ. ബേബി മൂത്തേടത്തിലിന്റെ നേതൃത്വത്തിൽ നടത്തി. സാക്ഷ്യശുശ്രൂഷയ്ക്കു ശേഷം അമല മനോഹരിയും ആത്മാവിൽ സമാശ്വസത്തിന്റെ കിരണം വീശുന്നവളുമായ പരി. അമ്മയെക്കുറിച്ചും ജപമാലയെക്കുറിച്ചും ബഹു. അഗസ്റ്റിൻ താന്നിയിലച്ചൻ ക്ലാസ്സെടുത്തു. തുടർന്ന് 12 മണിക്ക് ബഹു. ലാൽ പൈനുങ്കൽ അച്ചൻ വി. ബലിയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് വിടുതൽ ആരാധന ബഹു. അഗസ്റ്റിൻ അച്ചന്റെ നേതൃത്വത്തിൽ നടത്തി. 2 മണിക്ക് വിശ്വാസവർഷവിളംബര റാലിക്കായി എല്ലാവരും യാത്രയായി.

**ആന്തരിക സൗഖ്യധ്യാനം**

"രക്ഷിക്കാൻ കഴിയാത്തവിധം കർത്താവിന്റെ കരം കുറുകിപ്പോയിട്ടില്ല. കേൾക്കാനാവാത്തവിധം അവിടുത്തെ കാതുകൾക്ക് മാന്ദ്യം സംഭവിച്ചിട്ടില്ല" (ഏശയ്യ 59:1) സെപ്റ്റംബർ 29-ഒക്ടോബർ 3 വരെയുള്ള ധ്യാനത്തിൽ 85 മക്കൾ കടന്നുവന്ന് വലിയ അഭിഷേകം സ്വന്തമാക്കി.

**രണ്ടാംശനി - ദമ്പതീകൂട്ടായ്മ**

12-10-13 ന് 10 മണിക്ക് ജപമാലയോടെ ദമ്പതീകൂട്ടായ്മ ആരംഭിച്ചു. 10.30 ന് പരിശുദ്ധ അമ്മയെക്കുറിച്ച് ബഹു. സോണി വാഴകാട്ട് അച്ചൻ ക്ലാസെടുത്തു. പാവപ്പെട്ടവരുടെ സുവിശേഷമാണ് ജപമാലയെന്ന് അച്ചൻ പറഞ്ഞു. 12 മണിക്ക് ബഹു. സോണിയച്ചൻ ബലിയർപ്പിച്ചു. 1 മണിക്ക് ഭക്ഷണം തുടർന്ന് 2 മണിക്ക് ഗ്രൂപ്പ് ഷെയറിംഗ്, 3 മണിക്ക് ആരാധന എന്നിവ നടത്തി. 3.30 ന് കൂട്ടായ്മ അവസാനിച്ചു. 3.30 ന് സർവ്വീസ് ടീം മീറ്റിംഗ് നടത്തി.

**പൊതു കൗൺസിലിംഗ് ദിനം**

12-10-13 ന് കൗൺസിലിംഗിനായി 59 പേർ വന്നു. രണ്ടാം വെള്ളി 11 കൗൺസിലേഴ്സ് ഒരുമിച്ച് ചേർന്ന് പ്രാർത്ഥിച്ച് ശക്തി നേടി.

**സീയോൻ നവംബർ മാസത്തിൽ**

| | |
|---|---|
| 1 ആദ്യവെള്ളി | - സോണൽ മീറ്റിംഗ്, ജാഗരണപ്രാർത്ഥന |
| 2 ആദ്യ ശനി | - ഏകദിന കൺവെൻഷൻ |
| 9 രണ്ടാം ശനി | - യുവജനകൂട്ടായ്മ, ദമ്പതീകൂട്ടായ്മ, പൊതുകൗൺസിലിംഗ് ദിനം |
| 15 മൂന്നാം വെള്ളി | - ജാഗരണ പ്രാർത്ഥന |
| 23 നാലാം ശനി | - സൗഖ്യദിനം |
| നവംബർ 10-14 | - ആന്തരികസൗഖ്യ ധ്യാനം |

**ധ്യാന ബുക്കിംഗിനായി ബന്ധപ്പെടേണ്ട നമ്പർ:**

**04935-240922, 9495307089**

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
ഡയറക്ടർ സിയോൻ സി.ആർ.സി.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരങ്ങളെ,

"നമ്മുടെ വിശ്വാസത്തിന്റെ നായകനും അത് പൂർണ്ണതയിലെത്തിക്കുന്നവനുമായ യേശുവിനെ മുന്നിൽ കണ്ടുകൊണ്ട് വേണം നാം ഓടാൻ".

നമുക്കറിയാവുന്നതുപോലെ നവംബർ മാസം സകല വിശുദ്ധരുടെയും തിരുനാളാഘോഷത്തിന്റെ മാസമാണല്ലോ. നമ്മുടെ രക്ഷകനായ യേശുനാഥന്റെ രാജത്വതിരുനാൾ നവംബർ 24-ാം തീയതി ആഘോഷിക്കുകയാണ്. അവിടുത്തെ രാജകീയ മഹത്വത്തിൽ പങ്കുകാരാകാൻ നമുക്കും പരിശ്രമിക്കാം. കൂടാതെ മരണം മൂലം നമ്മിൽ നിന്നും വേർപിരിഞ്ഞ നമ്മുടെ കുടുംബാംഗങ്ങൾ, പൂർവ്വീകർ, വിൻസെൻഷ്യൻ പ്രവർത്തകർ തുടങ്ങിയ സകല മരിച്ചവർക്കുംവേണ്ടി പ്രാർത്ഥിക്കുവാനുള്ള മാസംകൂടിയാണല്ലോ നവംബർ. "ദരിദ്രരോട് സുവിശേഷം അറിയിക്കാൻ അവനെന്നെ അഭിഷേകം ചെയ്തിരിക്കുന്നു" എന്ന സുവിശേഷ വചനം മുദ്രാവാക്യമായി സ്വീകരിച്ചുകൊണ്ട് സ്വന്തം ജീവിതം ദരിദ്രർക്കുവേണ്ടി പരസ്നേഹപ്രവർത്തനങ്ങൾക്കായി മാറ്റിവെച്ച വി. വിൻസെന്റ് ഡി പോളിന്റെ ജീവിതത്തിൽ വിളങ്ങിയിരുന്ന ലാളിത്യം, വിനയം, സൗമ്യത, ആത്മസംയമനം, മനുഷ്യരക്ഷയിലുള്ള ശുഷ്കാന്തി എന്നീ പഞ്ചസുകൃതങ്ങൾ നമുക്കും ജീവിതത്തിൽ പ്രാവർത്തികമാക്കാനും പരസ്നേഹപ്രവർത്തനങ്ങളിൽ കൂടുതൽ തീക്ഷ്ണതയോടും ആത്മസമർപ്പണത്തോടുംകൂടി ചെയ്യുന്നതിനുള്ള ശക്തിയും ഊർജ്ജവും ലഭിക്കുന്നതിനുംവേണ്ടി പ്രാർത്ഥിക്കാം. ഈ അവസരത്തിൽ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ മുഖ്യ പ്രവർത്തനമായ ദത്തുകുടുംബ സന്ദർശനം, രോഗീസന്ദർശനം എല്ലാ പ്രവർത്തകരും നിർബന്ധമായി ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വിൻസെൻഷ്യൻ പ്രവർത്തകരായ നാം വളരെക്കാലമായി കാത്തിരുന്ന സത്വാർത്ത "സമ്പൂർണ്ണ വിൻസെൻഷ്യൻ രൂപതകൾ" എന്ന

പദവിയിലേക്ക് കേരളം ഉയർത്തപ്പെട്ടു. കേരളത്തിലെ 30 കത്തോലിക്കാ രൂപതകളിൽ ബത്തേരി മലങ്കര കത്തോലിക്കാ രൂപതയിൽ മാത്രം ഇല്ലാതിരുന്ന വിൻസെൻഷ്യൻ പ്രവർത്തനത്തിന് വിരാമമിട്ടുകൊണ്ട്, മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടത്തിയ നിരന്തര പരിശ്രമം ഫലമണിഞ്ഞു. ആറ് മാസം കൊണ്ട് 20 കോൺഫറൻസുകൾ രൂപീകരിക്കുകയും 17 കോൺഫറൻസുകൾക്ക് അഗ്രിഗേഷൻ അപേക്ഷകൾ തയ്യാറാക്കി നൽകുകയും ചെയ്തുകൊണ്ട് മാനന്തവാടി സെൻട്രൽ കൗൺസിൽ ജനറൽ സെക്രട്ടറി ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ നേതൃത്വം നൽകി മറ്റ് സഹപ്രവർത്തകരും കൂടി നടത്തിയ പ്രവർത്തനം വിജയം വരിച്ചു.

2013 ഒക്ടോബർ 4–ാം തീയതി നിലമ്പൂർ മേഖലയിലെ ശ്രോദ്ധസ് ധ്യാനകേന്ദ്രത്തിൽ വെച്ച് മലങ്കര കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ കർദ്ദിനാൾ മോറോൻ മോർ ബസേലിയോസ് ക്ലീമിസ് ബാവ, ബത്തേരി സെൻട്രൽ കൗൺസിൽ ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന യോഗത്തിൽ ബത്തേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ബിഷപ്പ് ജോസഫ് മാർ തോമസ് അദ്ധ്യക്ഷനായിരുന്നു. മാനന്തവാടി സെൻട്രൽ കൗൺസിൽ ജനറൽ സെക്രട്ടറി ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ സ്വാഗതം ആശംസിച്ചു. നാഷണൽ കൗൺസിൽ വൈസ് പ്രസിഡണ്ട് ബ്രദർ കെ.എം. അഗസ്റ്റിൻ മുഖ്യാതിഥി ആയിരുന്നു. ലോക കൗൺസിൽ അംഗം ബ്രദർ അഡ്വ. ജസ്റ്റിൻ ഡേവിസ് മുഖ്യ പ്രഭാഷണം നടത്തി. മോൺ. വർഗ്ഗീസ് താന്നിക്കാക്കുഴി–ബത്തേരി രൂപത വികാരി ജനറാൾ, ഫാ. മാത്യു അറമ്പൻകുടി– ഡിസ്ട്രിക്റ്റ് വികാരി, ബ്ര. ഇ. എം. വർഗ്ഗീസ്–KRCC കോ–ഓർഡിനേറ്റർ, ബ്ര. ജോണി പാറ്റാനി – നാഷണൽ പ്രൊജക്ട് ഓഫീസർ, ബ്ര. തോമസ് മാങ്ങൻ– മാനന്തവാടി സെൻട്രൽ കൗൺസിൽ പ്രസിഡണ്ട് എന്നീ വ്യക്തികൾ ആശംസകൾ അർപ്പിച്ചു. മാനന്തവാടി സെൻട്രൽ കൗൺസിൽ പ്രതിനിധികളും നിലമ്പൂർ, മണിമൂളി ഏരിയ കൗൺസിൽ പ്രസിഡണ്ടുമാരുടെ നേതൃത്വത്തിൽ പ്രവർത്തകാംഗങ്ങളും പങ്കെടുത്തു. ബ്രദർ സുനിൽ ജെ. കുഴിവിളയിൽ, പുതിയ സിസി പ്രസിഡണ്ടായി നിയമിച്ചുകൊണ്ടുള്ള നാഷണൽ കൗൺസിൽ ഓർഡർ ബ്രദർ കെ.എം. അഗസ്റ്റിൻ വായിച്ചു. ഫാ. തോമസ് ചാപ്രത്ത്, ബത്തേരി സിസി ആത്മീയോപദേഷ്ടാവ് നന്ദി അർപ്പിച്ചു. പുതിയ സെൻട്രൽ കൗൺസിലിനും അതിന്റെ പ്രവർത്തനങ്ങൾക്കും എല്ലാവിധ ഭാവുകങ്ങളും പിന്തുണയും നൽകാമെന്ന് മാനന്തവാടി സെൻട്രൽ കൗൺസിലിന് വേണ്ടി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങൻ അറിയിച്ചു.

### സിസി യോഗം

മാനന്തവാടി സെൻട്രൽ യോഗം ഒക്ടോബർ 16–ാം തീയതി ബുധനാഴ്ച 10 മണിക്ക് സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങന്റെ അദ്ധ്യക്ഷതയിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു.

മറ്റുള്ളവർക്ക് മാതൃകയാവുന്ന രീതിയിൽ വേണം വിൻസെൻഷ്യൻ പ്രവർത്തകരുടെ പ്രവർത്തനങ്ങൾ എന്നും അതിനായി പുതിയ പോപ്പിന്റെ സന്ദേശം ഉത്തേജനം പകരുന്നവയാണെന്നും മുന്നോട്ട് പ്രവർത്തിക്കാനുള്ള ഊർജ്ജം ലഭിക്കുന്നതിനായി പ്രാർത്ഥനയിൽ നിരതരാവണമെന്നും ബ്രദർ ജോണി പാറ്റാനി തന്റെ സ്വാഗത പ്രഭാഷണത്തിൽ ഊന്നി പറഞ്ഞു.

ഏസി തലത്തിൽ സ്വന്തം ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് പുരോഗതിയുടെ ഉച്ചകോടിയിലെത്താൻ എല്ലാ പ്രവർത്തകരുടെയും സഹകരണം വളരെ അനിവാര്യമാണെന്ന് സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങൻ തന്റെ അദ്ധ്യക്ഷ സന്ദേശത്തിൽ അറിയിച്ചു. വിശ്വാസവർഷാചരണത്തിന്റെ ഭാഗമായി കത്തോലിക്കാമതബോധനഗ്രന്ഥം ഏസിതലത്തിൽ വിതരണം ചെയ്ത പ്രവർത്തനങ്ങളെ വിലയിരുത്തി. ബത്തേരി, വാഴവറ്റ ഏസി കളെ പ്രത്യേകമായി അനുമോദിക്കുന്നു. ബത്തേരി, മൂലങ്കാവ് കോൺഫ്രൻസുകൾ 400 മതബോധന ഗ്രന്ഥവും വാഴവറ്റ ഏസി 310 മതബോധനഗ്രന്ഥവും വിതരണം ചെയ്തത് മറ്റുള്ള ഏസികൾ മാതൃകയാക്കേണ്ടതാണ്. 100 ൽ കൂടുതൽ മതബോധനഗ്രന്ഥം ആവശ്യമുള്ള ഏസികൾ സെൻട്രൽ കൗൺസിലിൽ അറിയിക്കുകയാണെങ്കിൽ വില കുറവിൽ എത്തിക്കാൻ സാധിക്കും.

ഏസി തലത്തിൽ വിശ്വാസവർഷാചരണത്തിന്റെ ഭാഗമായി +2 മതബോധന ക്ലാസ്സുകളിൽ കൂടുതൽ മാർക്ക് കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സ്കോളർഷിപ്പുകൾ നൽകിയത് വളരെ അഭിനന്ദനാർഹമാണ്.

### സെൻട്രൽ കൗൺസിൽ സെമിനാർ

2013 സെപ്റ്റംബർ 28–ാം തീയതി ശനിയാഴ്ച സെന്റ് വിൻസെന്റ് ഡി പോളിന്റെ തിരുനാളിനോടനുബന്ധിച്ച് സിസി ബോഡംഗങ്ങൾക്കും കോൺഫറൻസ് പ്രസിഡണ്ടുമാർക്കുമായി ഓസ്സാനാംഭവനിൽ വെച്ച് ഏകദിന സെമിനാറും തിരുനാളാഘോഷവും നടത്തി. നടവയൽ ഫൊറോന വികാരി റവ. ഫാ. സജി മുളകുടിയാങ്കൽ വി. ബലി അർപ്പിക്കുകയും തിരുനാൾ സന്ദേശം നൽകുകയും ചെയ്തു. ഓസ്സാനാംഭവന് ലഭിച്ച ആംബുലൻസിന്റെ വെഞ്ചരിപ്പുകർമ്മം റവ. ഫാ. സജി മുളകുടിയാങ്കൽ നിർവ്വഹിച്ചു. ബ്രദർ ജോണി പാറ്റാനി, നാഷണൽ

പ്രോജക്ട് ഓഫീസർ വെഞ്ചരിച്ച താക്കോൽ ഓസ്സാനാംഭവൻ സെക്രട്ടറി ബ്രദർ വിൻസെന്റ് ജോണിന് കൈമാറിക്കൊണ്ട് പ്രോജക്ട് ഉദ്ഘാടനം ചെയ്തു.

റിസോഴ്സ് പേഴ്സൻ ബ്രദർ ഷാജി ചന്ദനപറമ്പിൽ ബ്രദർ ഡോ. പി.എം. മത്തായി എന്നിവർ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പരസ്നേഹപ്രവർത്തനങ്ങളുടെ ബോധവൽക്കരണ ക്ലാസ്സുകൾ വളരെ ഭംഗിയായി അവതരിപ്പിച്ചു. ബത്തേരി മലങ്കര കത്തോലിക്കാ രൂപത യിലെ സിസി അംഗങ്ങളും സെമിനാറിൽ പങ്കെടുത്തു.

**പുതിയ ഭാരവാഹികൾ**

സെൻട്രൽ കൗൺസിൽ മാനന്തവാടിയിലെ യൂത്ത് പ്രതിനിധി യായി ബ്രദർ ജെൻട്രി പോൾ കളരിക്കൽ സത്യപ്രതിജ്ഞ ചെയ്ത് ചാർജ്ജെടുത്തു.

തോണിച്ചാൽ ഏസിയുടെ പുതിയ പ്രസിഡണ്ടായി ബ്രദർ തോമസ് വന്മേലിൽ സത്യപ്രതിജ്ഞ ചെയ്തു. കുറുമ്പാല ഏസി യുടെ പുതിയ പ്രസിഡണ്ടായി ബ്രദർ ജോസഫ് (ഷാജി) പൂവ്വക്കോട്ടിൽ സത്യ പ്രതിജ്ഞ ചെയ്തു.

**വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസ്സാനാം 200-ാം ജന്മദിനാഘോഷം**

വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സ്ഥാപകൻ വാഴ്ത്ത പ്പെട്ട ഫ്രെഡറിക് ഓസ്സാനാമിന്റെ 200-ാം ജന്മദിനാഘോഷത്തിന്റെ ഭാഗ മായി കോൺഫറൻസ് തലത്തിൽ ദത്തുകുടുംബങ്ങൾക്ക് കേക്ക്, വസ്ത്രം, ഭക്ഷണകിറ്റ് എന്നിവ വിതരണം ചെയ്തു. ലഭിച്ച റിപ്പോർട്ട് പ്രകാരം സെൻട്രൽ കൗൺസിൽ തലത്തിൽ ആകെ 500 ൽ പരം വ്യക്തികൾക്ക് ഈ ജന്മദിന സമ്മാനം ലഭിക്കുകയുണ്ടായി എന്നത് വളരെ അഭിനന്ദനാർഹമാണ്.

**വിശുദ്ധ വിൻസെന്റ് ഡി പോൾ തിരുനാൾ**

കോൺഫറൻസ് തലത്തിൽ തിരുനാൾ ദിവ്യബലികൾ അർപ്പിച്ചു. ദത്തുകുടുംബങ്ങൾ, ഉപകാരികൾ, സഹായാഗംങ്ങൾ, പ്രവർത്തകാംഗ ങ്ങൾ എന്നിവരുടെ കുടുംബസംഗമം, സ്നേഹവിരുന്ന്, മധുരപലഹാര വിതരണം എന്നിവ നടത്തപ്പെട്ടു എന്നതും വളരെ അഭിമാനകരവും നമ്മുടെ വിൻസെൻഷ്യൻ പ്രവർത്തനം സജീവമാണെന്നുള്ളതിന് തെളിവും കൂടിയാണ്.

**ഏസിതല സെമിനാർ**

വളരുന്ന തലമുറയ്ക്ക് ക്രിസ്തീയ ഉപവി പ്രവർത്തനത്തിൽ പരി ശീലനം നൽകുവാനും പ്രാപ്തരാക്കുവാനും ആയി 6-8-13 ന്

ഞായറാഴ്ച വാഴവറ്റ ഏസി യിൽ, വാഴവറ്റ സെന്റ് സെബാസ്റ്റ്യൻ പള്ളി ഹാളിൽ വെച്ച് ഏസി തല സെമിനാർ നടത്തി. മീനങ്ങാടി, കൊളവയൽ, തെനേരി, വാഴവറ്റ ഇടവകകളിലെ 7 മുതൽ 12 വരെ ക്ലാസ്സുകളിലെ 40 കുട്ടികൾ പങ്കെടുത്തു. പ്രൊഫ. കെ.എ. മത്തായി പഠന ക്ലാസ്സ് നയിച്ചു. ഇതോടനുബന്ധിച്ച് നടന്ന യോഗത്തിൽ റവ. ഫാ. സെബാസ്റ്റ്യൻ ഉണ്ണിപ്പള്ളി വാഴവറ്റ ഏസി ആത്മീയോപദേഷ്ടാവ്, 3 കോൺഫറൻസുകൾക്ക് ലഭിച്ച പ്രൊജക്ട് ചെക്കുകൾ വിതരണം ചെയ്തു. ജൂനിയർ കോൺഫറൻസ് പ്രസിഡണ്ട് അമൽ ഏറത്ത് സ്വാഗതം ആശംസിച്ചു.

### കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം

കത്തോലിക്കാ ഭവനങ്ങളിൽ കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം പ്രചരിപ്പിക്കുക എന്ന ലക്ഷ്യബോധത്തോടെ സൊസൈറ്റി ആരംഭിച്ച പദ്ധതിയിൽ ഇത് വരെ ലഭിച്ച റിപ്പോർട്ടുകൾ പ്രകാരം ഏറ്റവും കൂടുതൽ ഗ്രന്ഥം ഭവനങ്ങളിൽ എത്തിച്ചത് ബത്തേരി ഏസിയിലെ മൂലങ്കാവ്, ബത്തേരി ഇടവകകളിലും വാഴവറ്റ ഏസി യിലെ വാഴവറ്റ ഇടവകയിലെ പ്രവർത്തകരുമാണ്.

മൂലങ്കാവ് - 200, ബത്തേരി - 200, വാഴവറ്റ - 310

മറ്റ് ഇടവകകളിലും ഈ പ്രവർത്തനം കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കുമല്ലോ. 100 ൽ കൂടുതൽ ഗ്രന്ഥം ഒരുമിച്ചെടുക്കുന്നവർക്ക് സബ്സിഡി നിരക്കിൽ ലഭിക്കുവാൻ സിസി ജനറൽ സെക്രട്ടറിയുമായി ബന്ധപ്പെടുക.

### ഓസ്സാനാംഭവൻ വിപുലീകരണം

ഓസ്സാനാംഭവൻ വിപുലീകരണത്തിന്റെ ഭാഗമായി പുതിയ ബ്ലോക്ക് നിർമ്മാണം വളരെ ധ്രുതഗതിയിൽ പുരോഗമിക്കുകയാണ്. അതിലേക്കായി ഫണ്ട് ശേഖരണത്തിന് കോൺഫറൻസ് തല പ്രവർത്തനം വളരെ അഭിനന്ദനാർഹമാണ്. കെട്ടിടം പൂർത്തീകരിക്കുവാൻ ഇനിയും ഫണ്ട് ആവശ്യമായുള്ളതിനാൽ എല്ലാ പ്രവർത്തകരുടെയും സഹായസഹകരണങ്ങൾ ഒരിക്കൽ കൂടി അഭ്യർത്ഥിക്കുകയാണ്.

### പ്രൊജക്ട്

വിദേശ കോൺഫറൻസുകൾക്ക് പ്രൊജക്ടുകൾ അയയ്ക്കാൻ താല്പര്യപ്പെടുന്ന കോൺഫറൻസുകൾ നിർദ്ദിഷ്ട ഫോമിൽ ആപ്ലിക്കേഷൻ ഏസി മുഖേന സിസി യിൽ എത്തിക്കാൻ താല്പര്യപ്പെടുന്നു.

**അഗ്രിഗേഷൻ**

അഗ്രിഗേഷൻ ലഭിച്ചിട്ടില്ലാത്ത ഏസി കളും കോൺഫറൻസു കളും നിർദ്ദിഷ്ട ഫോമിൽ അപേക്ഷകൾ ഉടൻതന്നെ അയയ്ക്കേണ്ട താണ്.

**ഓസ്സാനാംഭവൻ സന്ദർശനം**

**ചുണ്ടക്കര ഏ.സി**

| | | | |
|---|---|---|---|
| 17–11–2013 | – | സെന്റ് മേരീസ് | കണിയാമ്പറ്റ |
| 19–11–2013 | – | സെന്റ് മേരീസ് | പറളിക്കുന്ന് |
| 21–11–2013 | – | വാ. മദർ തെരേസ | വിളമ്പുകണ്ടം |

**ഗൂഡല്ലൂർ ഏ.സി**

| | | | |
|---|---|---|---|
| 23–11–2013 | – | സെന്റ് മേരീസ് | ആറാട്ടുപാറ |
| 25–11–2013 | – | സെന്റ് ജോസഫ് | മച്ചിക്കൊല്ലി |
| 27–11–2013 | – | സേക്രട്ട് ഹാർട്ട് | അരുൾനിലയം |
| 29–11–2013 | – | സെന്റ് സെബാസ്റ്റ്യൻ | ധർമ്മഗിരി |
| 01–12–2013 | – | സെന്റ് അൽഫോൻസ | ധർമ്മഗിരി |
| 03–12–2013 | – | സെന്റ് ഫിലോമിന | വിമലഗിരി |
| 05–12–2013 | – | സെന്റ് സെബാസ്റ്റ്യൻ | മണ്ണുവയൽ |
| 07–12–2013 | – | സെന്റ് മേരീസ് | വിമലഗിരി |

**കല്ലോടി ഏ.സി**

| | | | |
|---|---|---|---|
| 09–12–2013 | – | സെന്റ് തോമസ് | ദീപ്തിഗിരി |
| 11–12–2013 | – | സെന്റ് അൽഫോൻസ | ദീപ്തിഗിരി |
| 13–12–2013 | – | സെന്റ് തോമസ് | വഞ്ഞോട് |
| 15–12–2013 | – | സെന്റ് അൽഫോൻസ | മക്കിയാട് |

എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും കുടുംബാംഗ ങ്ങൾക്കും ആശംസകൾ നേർന്നുകൊണ്ട് പ്രാർത്ഥനയോടെ

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

## ജൈവസാക്ഷ്യപത്ര ലഭ്യതാ പദ്ധതി

ജൈവസാക്ഷ്യപത്ര ലഭ്യതാ പദ്ധതിയുടെ ഭാഗമായി 5380 കർഷകർക്കുള്ള ലാക്കോൺ സർട്ടിഫിക്കേഷൻ ഏജൻസിയുടെ ഓഡിറ്റ് സെപ്റ്റംബർ മാസം അവസാനത്തോടുകൂടി പൂർത്തിയായി. സർട്ടിഫിക്കേഷനുവേണ്ടിയുള്ള ഓർഗാനിക് കർഷകരുടെ ഓഡിറ്റിനു മുന്നോടിയായി WSSS ൽ നിന്നും നടത്തുന്ന 'ഇന്റേണൽ ഇൻസ്പെക്ഷൻ' പൂർത്തിയായിക്കൊണ്ടിരിക്കുന്നു. നവംബർ മാസത്തിൽ നടക്കുന്ന ലാക്കോൺ ഓഡിറ്റിനു മുന്നോടിയായിട്ടാണ് ഇത് സംഘടിപ്പിക്കുന്നത്.

ജൈവ സർട്ടിഫിക്കേഷൻ പദ്ധതിയിൽ ഉൾപ്പെട്ട കർഷകരുടെ 60 ടൺ കാപ്പി, 101 Kg ഏലം എന്നിവ അധിക വില നൽകിക്കൊണ്ട് സംഭരിക്കുന്നതിനു സാധിച്ചു.

## WOFFA (വോഫ)

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ ഫെയർ ഗ്രേഡ് കർഷക സംഘടനയായ വോഫ, 2013 സെപ്റ്റംബർ മാസം ഫെയർ ഗ്രേസിലൂടെ സംഭരിച്ച കോഫിയുടെ അധിക വിലയായി 75501/- രൂപ പഴൂർ വില്ലേജിലെ കർഷകർക്ക് വിതരണം ചെയ്തു. വോഫയിലെ കർഷകരിൽ നിന്നും ഫെയർ ഗ്രേസിലൂടെ ഉല്പന്നങ്ങൾ സംഭരിക്കുമ്പോൾ അധികവിലയായി നൽകുന്ന തുകയ്ക്ക് കർഷക ഗ്രൂപ്പുകൾക്ക് വാരണാസി കമ്പോസ്റ്റ്, നടീൽ തൈ നേഴ്സറി എന്നിവ അനുവദിക്കുന്നതിന്റെ ഭാഗമായി 75501/- രൂപ വാരണാസി കമ്പോസ്റ്റ് യൂണിറ്റ് ആരംഭിക്കുന്നതിനായി നൽകി.

കൊച്ചിയിൽ വെച്ച് നടന്ന FHRI ഗ്രേസ് ഫെയറിൽ വോഫയിലെ കർഷകരുടെ ജൈവ ഫെയർ ഗ്രേസ് സാക്ഷ്യപത്രമുള്ള ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് കഴിഞ്ഞു. പ്രസ്തുത പ്രോഗ്രാമിൽ വോഫ

കോ-ഓർഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ WSSS-Retant മാർക്കറ്റിംങ്ങ് മാനേജർ ശ്രീ. ജോബി ആന്റണി എന്നിവർ പങ്കെടുത്തു.

അഹമ്മദാബാദിൽ വച്ച് നബാർഡ് സംഘടിപ്പിച്ച 'Value Chain Management in Rural Enterprises' എന്ന 2 ദിവസത്തെ സെമിനാറിൽ വോഫ കോ-ഓർഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ പങ്കെടുത്തു.

## IGP (Income Generation Programme)

അവശ്യവസ്തുക്കളുടെ നിർമ്മാണത്തിന് പരിശീലനം നൽകിയും ആയതിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യ മാകുന്നതിന്റെ ഭാഗമായി സെപ്റ്റംബർ മാസം അരിഞ്ചേർമല, വാകേരി, പാൽച്ചുരം, വെള്ളുരുത്തി എന്നീ സ്ഥലങ്ങളിൽ സോപ്പ്, സോപ്പ് പൊടി എന്നിവ നിർമ്മിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകി. പ്രസ്തുത പരിശീലന പരിപാടികൾക്ക് ശ്രീമതി ആലീസ് സിസിൽ, ശ്രീമതി ഷീന ആന്റണി, ശ്രീമതി വൽസമ്മ അമ്പായത്തോട് എന്നി വർ നേതൃത്വം നൽകി.

## SAFP

SAFP യുടെ നേതൃത്വത്തിൽ സെപ്റ്റംബർ മാസത്തിൽ വിവിധ ങ്ങളായ പരിപാടികൾ നടത്തി. 11-10-13 ന് WSSS ഓഡിറ്റോറിയത്തിൽ വെച്ച് SAFP മാനന്തവാടി റീജിയണിലെ ബെനഫിഷറീസിനുവേണ്ടി റീജിയണൽ മീറ്റിംഗ് നടത്തി. മി. വിനീഷ് (വോഫ കോ-ഓഡിനേറ്റർ) അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ റവ. ഫാ. ബിജോ കറുകപ്പള്ളി 'മദ്യപാ നവും അതുകൊണ്ട് ഉണ്ടാകുന്ന ദോഷങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് നടത്തി. 12-10-13 ന് പുൽപ്പള്ളി റീജിയന്റെ റീജ ണൽ മീറ്റിംഗ് പട്ടാണിക്കൂപ്പ് ചർച്ച് ഹാളിൽ വെച്ച് നടത്തി. കുമാരി അമൃത അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ തോമസ് ഒറ്റപ്ലാക്കൽ ഉദ്ഘാ ടനം ചെയ്തു. റവ. ഫാ. ബിജോ കറുകപ്പള്ളിൽ 'മദ്യപാനവും അതിന്റെ ദോഷങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് നൽകി. കൂടാതെ ആനിമേറ്റേഴ്സ് ഓരോ സെന്ററിലെയും SAFP കുടുംബങ്ങൾ സന്ദർശിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പുതു തായി 13 കുടുംബങ്ങൾ SAFP യിലേക്ക് active ആയി. ഈ 13 കുടും ബങ്ങൾക്ക് വേണ്ടിയുള്ള Baseline Data യും 6 Year plan ഉം റീജ ണൽ ആനിമേറ്റർ ശേഖരിക്കുകയും ചെയ്തു.

## നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതി

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ

സാമ്പത്തിക സഹായത്തോടെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി ഓണം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. എടത്തന കോളനിയിൽ വച്ച് നടത്തിയ ഓണാഘോഷ പരിപാടി WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ ഉദ്ഘാടനം ചെയ്തു. പൂക്കളം, വടംവലി, അമ്പെയ്ത്ത്, സംഘഗാനം തുടങ്ങി വിവിധ മത്സര ഇനങ്ങൾ സംഘടിപ്പിച്ചു. കാവിൽപാടം കോളനി ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. WSSS ജനറൽ കോ-ഓർഡിനേറ്റർ പി.എ.ജോസ്, റിജോ, ബിജു.ടി.എഫ്, ബൈജു ഐസക്, വില്ലേജ് പ്ലാനിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

## ജലമണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ

സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി മുഴുവൻ കോളനികളിലും ജല-മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കല്ല് കയ്യാല നിർമ്മാണം, മൺ കയ്യാല നിർമ്മാണം, നീർക്കുഴി നിർമ്മാണം എന്നിവയാണ് ജല മണ്ണു സംരക്ഷണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്.

## വ്യവസായ സംരംഭകത്വ സെമിനാർ

സോഷ്യൽ വെൽഫയർ സൊസൈറ്റി ഭാരവാഹികൾക്കുവേണ്ടി ഏകദിന വ്യവസായ സംരംഭകത്വ സെമിനാർ 09-09-13 ന് WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി. സെമിനാർ WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ ഉദ്ഘാടനം ചെയ്തു. വയനാട് ജില്ലാവ്യവസായ കേന്ദ്രത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. പി. എൻ. അനിൽ കുമാർ സെമിനാറിന് നേതൃത്വം നൽകി. വയനാട്ടിൽ നടപ്പിലാക്കാവുന്ന വിവിധ സംരംഭങ്ങളെ കുറിച്ചും അവയ്ക്ക് ലഭ്യമാകാവുന്ന സബ്സിഡിയെക്കുറിച്ചും പ്രതിപാദിച്ചു. കോ-ഓർഡിനേറ്റർ കെ.ഒ. ജോയി സ്വാഗതവും ശ്രീമതി സിസിലി മോനിപ്പള്ളി നന്ദിയും രേഖപ്പെടുത്തി.

## തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം

കേന്ദ്ര സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള കേരവികസന ബോർഡ് വയനാട് ജില്ലയിൽ "തെങ്ങിന്റെ ചങ്ങാതിക്കൂട്ടം" പരിശീലനം നടത്തുന്നതിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ നോഡൽ ഏജൻസിയായി നിയമിച്ചിരിക്കുന്നു. തെങ്ങുകൃഷിയുമായി ബന്ധപ്പെട്ട ശാസ്ത്രീയ പരിശീലനവും തെങ്ങുകയറ്റത്തിൽ

പ്രായോഗിക പരിശീലനവും നൽകി സുസജ്ജമായ ഒരു തൊഴിൽ സേനയെ രൂപപ്പെടുത്തുക എന്നതാണ് ചങ്ങാടിക്കൂട്ടം പരിശീലനം കൊണ്ട് ഉദ്ദേശിക്കുന്നത്. 6 ദിവസം നീണ്ടുനിൽക്കുന്ന താമസിച്ചുള്ള പരിശീലനമാണ് നടപ്പിലാക്കുന്നത്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേരവികസന ബോർഡിന്റെ സർട്ടിഫിക്കറ്റും തെങ്ങുകയറ്റ യന്ത്രവും സൗജന്യമായി നൽകുന്നതാണ്. 18 നും 40 നും ഇടയിൽ പ്രായമുള്ള സ്ത്രീ-പുരുഷന്മാർക്ക് പരിശീലനത്തിന് പങ്കെടുക്കാവുന്നതാണ്. ഒരു വർഷത്തേക്കുള്ള അപകടമരണ ഇൻഷൂറൻസ് ആനുകൂല്യം പരിശീലനം പൂർത്തിയാക്കുന്നവർക്ക് സൗജന്യമായി ലഭിക്കുന്നതാണ്. താല്പര്യമുള്ള സ്ത്രീ-പുരുഷന്മാർ WSSS ൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. Ph: 04935 240314, 04935 242388.

**ജലനിധി**

എടവക പഞ്ചായത്തിൽ ജലനിധിയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. നാൽപ്പത് ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് രജിസട്രേഷൻ നടപടികളും ബാങ്ക് അക്കൗണ്ട് ആരംഭിക്കലും പൂർത്തിയാക്കി. ആകെ 2564 കുടുംബങ്ങൾ ഇതിനോടകം പദ്ധതിയിൽ ചേർന്നിട്ടുണ്ട്. ഇതിൽ 512 കുടുംബങ്ങൾ ആദിവാസി വിഭാഗത്തിൽ പെട്ടവരാണ്. ജലനിധി പദ്ധതിയുടെ ഭാഗമായി ആദിവാസി വികസന പ്രവർത്തന തന്ത്രങ്ങളുടെ നയരൂപീകരണ സംസ്ഥാനതല ശില്പശാലയിൽ പഞ്ചായത്ത് പ്രസിഡണ്ട് എച്ച്.ബി. പ്രദീപ് മാസ്റ്ററും, ടീം ലീഡർ ഒ. പി. അബ്രാഹവും പങ്കെടുത്തു. താമരശ്ശേരി പഞ്ചായത്തിലെ ജലനിധി സീനിയർ എഞ്ചിനീയർ നാസറിന്റെ നേതൃത്വത്തിൽ ജലനിധി ടീം അംഗങ്ങൾക്ക് സാങ്കേതിക മേഖലയിൽ ഏകദിന പരിശീലനം നൽകി. സംയുക്ത കുടിവെള്ള പദ്ധതികളുടെ സാധ്യതകളെക്കുറിച്ച് പഠിക്കാനായി WSSS സാങ്കേതിക വിഭാഗം, ടീം ലീഡറിന്റെ നേതൃത്വത്തിൽ കരുവാരക്കുണ്ട് പഞ്ചായത്ത് സന്ദർശിക്കുകയും സഹായസംഘടന ടീം അംഗങ്ങളുമായി ചർച്ച നടത്തുകയും ചെയ്തു. 6,20,000/- രൂപയുടെ പഞ്ചായത്ത് ശാക്തീകരണ പദ്ധതിരേഖ ജലനിധി മേഖലാ ഓഫീസിൽ പഞ്ചായത്തിന്റെ അംഗീകാരത്തോടെ സമർപ്പിച്ചു. ഒക്ടോബർ 4 ന് ലോക ബാങ്ക് മിഷൻ ടീം ആർ. ആർ. മോഹനന്റെ നേതൃത്വത്തിൽ WSSS ജലനിധി ഓഫീസും, പഞ്ചയത്ത് ജനപ്രതിനിധികളുമായും ജലനിധി ഗുണഭോക്തൃ സമിതിയിലെ ആദിവാസി നേതാക്കളുമായും ആശയവിനിമയം നടത്തുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്തു. ആദിവാസി

സ്ത്രീകളുടെ സമഗ്രവികസനം ലക്ഷ്യമാക്കി എടവക പഞ്ചായത്തിലെ നൂതന സംരഭമായ ഗോത്രജ്യോതിയുടെയും ആദിവാസി കുടുംബങ്ങളുടെ ഗുണഭോക്തൃ വിഹിത സമാഹരണത്തിനായി തുടങ്ങിയ ഗോത്രനിധിയുടെ ഉദ്ഘാടനവും ലോക ബാങ്ക് മിഷൻ ടീമിന്റെ സാന്നിധ്യത്തിൽ കോറോത്തുമൽ കോളനിയിലെ ശ്രീമതി കറപ്പി നിർവ്വഹിച്ചു. ജലനിധി പദ്ധതിയുടെ പ്രവർത്തന പുരോഗതിയിൽ സംതൃപ്തി അറിയിച്ച ലോകബാങ്ക് മിഷൻ ടീം അംഗങ്ങൾ ആദിവാസി കുടുംബങ്ങളുടെ പൂർണ്ണപങ്കാളിത്തം ജലനിധിയിൽ ഉറപ്പുവരുത്തുവാൻ എടവക പഞ്ചായത്ത് തുടക്കമിട്ട ഗോത്രവേദിയും, ഗോത്രജ്യോതിയും, ഗോത്രനിധിയും മറ്റു പഞ്ചായത്തുകൾക്ക് മാതൃക ആകുമെന്ന് പ്രത്യാശ പ്രകടിപ്പിച്ചു. തുടർന്ന് കല്ലടിക്കുന്ന് ഗുണഭോതൃസമിതി സന്ദർക്കുകയും കോളനിയിലെ ഗുണഭോക്താക്കളുമായി സംവദിക്കുകയും ചെയ്തു. തുടിയും വട്ടകളിയും അവതരിപ്പിച്ച് ഗോത്രസമൂഹം തങ്ങളുടെ സന്തോഷം പങ്കുവെച്ചു. ആദിവാസി കോളനികളിൽ ഊരുക്കൂട്ടങ്ങളുടെ സഹകരണത്തോടെ കൂടുതൽ പഠനക്ലാസ്സുകൾ നടത്തുന്നതിനും, എല്ലാ സംഘങ്ങളിലും സാങ്കേതിക വിദ്യ തെരഞ്ഞെടുക്കുന്നതിന് ആവശ്യമായ യോഗം ചേരുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ് (KLM)

കെ.സി.ബി.സി. തൊഴിൽകാര്യ കമ്മീഷന്റെ ഔദ്യോഗിക സംഘടനയായ കേരള ലേബർ മൂവ്മെന്റ് പ്രവർത്തനങ്ങൾ ശക്തിയാർജിച്ച് വരുന്നു. സെപ്റ്റംബർ മാസത്തിൽ 40 അംഗങ്ങളെ കൂട്ടിച്ചേർക്കാൻ സാധിച്ചിട്ടുണ്ട്.

**ക്ലാസ്സുകൾ സംഘടിപ്പിച്ചു**

സെപ്റ്റംബർ 7-ാം തീയതി മാനന്തവാടി ലെമൺ ഓഡിറ്റോറിയത്തിൽ വച്ച് Fabrication തൊഴിലാളികൾക്ക് വേണ്ടി ക്ലാസ്സ് സംഘടിപ്പിച്ചു. കോ-ഓഡിനേറ്റർ ശ്രീ. ജോബിൻ കുരീക്കാട്ടിൽ സുരക്ഷയെക്കുറിച്ചും SNTU നെക്കുറിച്ചും വിശദമായി ക്ലാസ്സ് എടുത്തു.

സെപ്റ്റംബർ 15, 16 തീയതികളിലായി WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ കേളകം, പോരൂർ എന്നീ ഇടവകകൾ സന്ദർശിക്കുകയും സുരക്ഷയെപ്പറ്റി ക്ലാസ്സ് എടുക്കുകയും ചെയ്തു.

സെപ്റ്റംബർ 20-ാം തീയതി KLM സെക്രട്ടറി ആലീസ് സിസിലിന്റെ നേതൃത്വത്തിൽ SWS ചെറുകാട്ടൂർ ടീമിനായി ക്ലാസ്സ് സംഘടിപ്പിച്ചു. കോ-ഓർഡിനേറ്റർ ശ്രീ. ജോബിൻ കുരീക്കാട്ടിൽ സുരക്ഷയെക്കുറിച്ചും വിവിധ ക്ഷേമനിധികളെക്കുറിച്ചും ക്ലാസ്സ് എടുത്തു.

**ജനറൽ ബോഡി യോഗം**

സെപ്റ്റംബർ 24-ാം തീയതി KTWF അംഗങ്ങൾക്കായി WSSS ഓഡിറ്റോറിയത്തിൽ വച്ച് ജനറൽ ബോഡി യോഗം വിളിച്ച് ചേർക്കുകയും ചർച്ചകളും ക്ലാസ്സുകളും നടത്തുകയും ചെയ്തു. KLM സെക്രട്ടറി ആലീസ് സിസിൽ സ്വാഗതം ആശംസിച്ചു. കോ-ഓർഡിനേറ്റർ ശ്രീ.ജോബിൻ കുരീക്കാട്ടിൽ ക്ലാസ്സ് എടുത്തു.

**ഫാ. ബിജോ കറുകപ്പള്ളി**
KLM ഡയറക്ടർ

**Tidings September- October 2013**

- The Patron, Rt Rev. Dr Jose Porunnedom blessed the newly constructed Indoor Stadium cum Auditorium, and Facilities like the Common Prayer Hall, Additional Seminar Hall, Outreach Centre, Heritage Museum, Additional Class Rooms & Toilet Facilities on 10 October. Inaugurating the Indoor Sports Training Facility in the College, Sri M.I. Shanavas, MP acknowledged the services rendered by the Catholic Church in providing Higher Educational facilities in Wayanad. During the Keynote Address Dr Khadar Mangad, the Vice Chancellor of Kannur University certified that Mary Matha Arts & Science College, Mananthavady is considered a Model College among all the educational institutions in the Kannur University. The Special Issue of the News Letter of the College, Tidings was released during the function. Special Invitees from the Forane Churches and Heads of institutions of Mananthavady, the neighbours, and the Media of Mananthavady were present for the function. The Presidents of the District, Block, and Grama Panchayats, the Vice President & Member of the Grama Panchayat and the College Students' Union Chairman felicitated. The Manager, Rev. Fr Chandy Punakkatt welcomed the august gathering, the Principal presented the Report on the Facilities funded by both the UGC and the Management. Dr Savio James, the Chief Program Coordinator proposed the Vote of Thanks.
- The Bhoomithra Sena Club organized Contests in Quiz, Slogan Writing, Painting, and Collage on 28 September in honour of the International Ozone Day. The Club also organinzed a Lecture on Biogas Production & Vermicomposting by Sri Chacko, Resource

Person from the WSS on 14 September. Dr Sudhadevi coordinated.

- The Music Club of the College organized a contest in Music Quiz at the Inter Departmental Level on 8 October. Sri Jossymon coordinated.
- The College has been providing around 25 Lakhs' financial assistance per year to around 500 of the 600 students in the College through the College Office and the Scholarship Processing Cell.
- Our Students bagged Prizes in the various contests during the District Wild Life Celebrations organized by the Forest and Wildlife Department in early October. Dr Mercy Ignatius coordinated.
- The Department of Mathematics held a Seminar on Wavelets in association with the inauguration of the Dept Association on 4 October. Dr Subin Joseph, Head, Dept of Mathematics, Govt Engineering College, Wayanad led the Sessions. Dr Sr Bindhu K. Thomas coordinated.
- The Principal attended the State Executive of the Council of Principals of Colleges in Kerala at the BCM College, Kottatayam on Saturday, 6 October, and the Pastoral Council Meet at the Dwaraka Pastoral Centre on Saturday, 12 October.
- Regular Classes in the newly sanctioned M Sc Computer Science began on 10 October. A few seats in the Management, SC and ST Quota remain vacant.
- Two of our students have attended the State Level Live - in - Exposure Camp at Attappady Tribal Belt, 12-16 October organized by the AICUF (All India Catholic University Federation).
- Dr Geetha Antony, Associate Prof. of Statistics attended the Board of Studies Meet in the Kannur University and the Question Paper Setters' Meet in the Kerala University.
- Dr Savio James, Head, Dept of English, Dr Rajeev Thomas, Head, Dept of Chemistry, Ms Jisha T. E., Asst Prof. of Computer Science attended the Board of Studies' Meet in the Kannur University.
- Sri Bibin Jose, Asst Prof. of Computer Science attended the Workshop on Mobile Security at the Govt Engineering College, Wayanad.

- Wi-fi Internet Connectivity is now made available to the whole College.
- The Peer Team Visit for the Reaccreditation of the College is scheduled for the 28-30 October. Dr P.K. Prasadan and Dr Joseph K. Job will coordinate.
- The College Magazine 2012-'13, *Pinne . . .* got released on 21 October by Dr Narayanankutty, the premier medical practitioner in Mananthavady. Ms Nayanthara Rajeev and Dr Rakesh Kalia coordinated.
- The Semester Examinations will commence on 7 November. Dr Savio James will coordinate.

**Dr. Raju George**
Principal

## റേഡിയോ മാറ്റൊലി 90.4 mhz

**മാറ്റൊലി സന്ദർശനം**

മഹാരാഷ്ട്രയിൽ വിവിധ NGO കളുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ പ്രതിനിധികൾ പൂനയിൽ പ്രവർത്തിക്കുന്ന ഫിലിം & ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ (FTII) യുടെ നേതൃത്വത്തിൽ മാറ്റൊലിയുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനുമായി സെപ്റ്റംബർ 24,25,26 തീയതികളിൽ മാറ്റൊലി സന്ദർശിക്കുകയും ഫീൽഡ് വിസിറ്റിംഗ് നടത്തുകയും ചെയ്തു.

**തത്സമയ ഫോൺ ഇൻ പരിപാടി**

ഒക്ടോബർ 6–ാം തിയതി നടന്ന 'പ്രസിഡന്റിനോട് ചോദിക്കാം' എന്ന തത്സമയ ഫോൺ ഇൻ പരിപാടിയിൽ ശ്രോതാക്കളുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും മാനന്തവാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സിൽവി തോമസ് മറുപടി നൽകി.

**മാറ്റൊലി പ്രോഗ്രാമുകളിലൂടെ.......**

'ഞങ്ങൾക്കുമുണ്ട് പറയാൻ' ആനുകാലിക സംഭവങ്ങളോടും പൊതുപ്രശ്നങ്ങളോടും പ്രതികരിക്കാൻ ജനങ്ങൾക്ക് അവസരമൊരുക്കുന്ന പരിപാടി. ശ്രോതാക്കൾ തങ്ങളുടെ പ്രദേശത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ മാറ്റൊലിയെ അറിയിക്കുകയാണെങ്കിൽ മാറ്റൊലി റിപ്പോർട്ട് ചെയ്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. വിളിക്കേണ്ട നമ്പർ: 04935–242008, 9446034422.

**ന്യായബോധനം**

കേരള ലീഗൽ സർവ്വീസ് അതോറിറ്റി (KELSA) യുടെ സാമ്പത്തിക സഹായത്തോടെ തയ്യാറാക്കുന്ന ന്യായബോധനം എന്ന നിയമപരിപാടി കേരളപിറവി ദിനമായ നവംബർ 1 ന് പ്രക്ഷേപണം ആരംഭിക്കും.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

## CHRISTIAN CIVIC SERVICE SOCIETY (CCSS)

**നാടിന് വിസ്മയമായി വിശ്വാസ റാലി!**

വിശ്വാസ വർഷസമാപനത്തോടനുബന്ധിച്ച് CCSS,CCF നേതൃത്വത്തിൽ വയനാട്ടിലെ നാലു കത്തോലിക്കാ രൂപതകൾ സംയുക്തമായി 2013 ഒക്ടോബർ 5-ന് മാനന്തവാടിയിൽ സംഘടിപ്പിച്ച വിശ്വാസറാലിയും സമ്മേളനവും ജനപങ്കാളിത്തവും അച്ചടക്കവും ലാളിത്യം കൊണ്ടും ഒട്ടും ഗതാഗതകുരുക്കില്ലാതെയും സംഘടിപ്പിക്കാൻ സാധിച്ചത്, നാട്ടുകാർക്ക് ഏറെ വിസ്മയമായി. നാലു രൂപതകളിലെ വിശ്വാസികളെ തികച്ചും പുതിയൊരു സംഘടനയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുവാൻ സാധിച്ചതിന് പിന്നിൽ അഭിവന്ദ്യ പിതാക്കന്മാരുടെ പരിപൂർണ്ണ പിന്തുണയും നേതൃത്വം നൽകിയവരുടെ ആത്മാർപ്പണവും ബഹു. വൈദീകരുടെയും സന്യസ്തരുടെയും അത്മായ നേതാക്കളുടെയും സ്തുത്യർഹമായ സഹകരണവും പോലീസ് ഉദ്യോഗസ്ഥരുടെ ആത്മാർത്ഥമായ സഹായവും കാരണമായി. എല്ലാ പ്രതികൂല സാഹചര്യങ്ങളെയും അതിജീവിച്ച് വിശ്വാസവർഷത്തിലെ വിശ്വാസ സംഗമത്തിന്റെ വിജയത്തിന് സഹകരിച്ച എല്ലാവർക്കും നന്ദി.

**മദർ തെരേസ അനുസ്മരണ പ്രബന്ധമൽസര വിജയികൾ**

CCSS ന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മദർ തെരേസ അനുസ്മരണ പ്രബന്ധ മത്സര വിജയികൾ

1st ടീന അബ്രാഹം തേവർകുന്നേൽ, കരിമ്പിൽ
2nd ദേവപ്രസാദ് പാലത്തിങ്കൽ, മണിമൂളി
3rd ഡോണ പാനാനിക്കൽ, കുറുമ്പാലക്കോട്ട

മത്സര വിജയികൾക്ക് വിശ്വാസവർഷ സമാപന സമ്മേളനത്തിൽ വച്ച്, സീറോ മലങ്കര മേജർ ആർച്ച് ബിഷപ്പ് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാത്തോലിക്കാ ബാവയും ബത്തേരി രൂപതാ മെത്രാപ്പോലീത്ത ജോസഫ് മാർ തോമസ് പിതാവും ചേർന്ന് സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും നൽകി. വിജയികൾക്ക് അനുമോദനങ്ങൾ.

**ഫാ. ബാബു മാപ്ലശേരി**
ജനറൽ സെക്രട്ടറി CCSS
Ph: 04936-203266
Email:ccsswayanad@gmail.com

# മീഡിയാ കമ്മീഷൻ

## "ഫ്രാൻസീസ് മാർപ്പാപ്പ" - മാധ്യമങ്ങളുടെ പാപ്പ, മാറ്റത്തിന്റെയും

മാനന്തവാടി രൂപതാ മീഡീയ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഫ്രാൻസീസ് മാർപാപ്പയുടെ നയങ്ങളും ദർശനങ്ങളും വിശകലന വിധേയമാക്കുകയും സഭയിലും സമൂഹത്തിലും പ്രചാരണവും പ്രചോദനവും നൽകുകയും ചെയ്യുന്നതിന് സഹായകമാകുന്ന "ഫ്രാൻസീസ് മാർപ്പാപ്പ, മാധ്യമങ്ങളുടെ പാപ്പ, മാറ്റത്തിന്റെയും" എന്ന വിഷയത്തേക്കുറിച്ച് കാരുണ്യകൻ മാസികയുടെ എഡിറ്റർ റവ. ഫാ. ജേക്കബ് നാലുപറ എം.സി.ബി.എസ്. നയിക്കുന്ന സെമിനാർ 2013 ഡിസംബർ 14 ന് ശനിയാഴ്ച രാവിലെ 10 മുതൽ 2 വരെ നടവയൽ ജൂബിലി മെമ്മോറിയൽ ഹാളിൽ വച്ച് നടത്തുന്നു. പോപ്പ് ഫ്രാൻസീസ് തരംഗമൊരു കൊടുങ്കാറ്റായി ലോകം കീഴടക്കുമ്പോൾ ആ മഹാ പ്രതിഭാസത്തെ അടുത്തറിയാനും ഫ്രാൻസീസ് പാപ്പായുടെ ആദർശ ങ്ങളുടെയും ജീവിതശൈലിയുടെയും പ്രചാരകരും പ്രഘോഷകരുമാകു വാനുമുള്ള ഈ സുവർണ്ണാവസരം നഷ്ടപ്പെടുത്താതെയിരിക്കുക. റജി.ഫീസ് Rs.100. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി പേര് റജിസ്റ്റർ ചെയ്യുക. വൈദീകർക്കും സന്യസ്തർക്കും അൽമായർക്കും സ്വാഗതം.

**ഫാ. ബാബു മാപ്ലശേരി**
ഡയറക്ടർ, മീഡിയ കമ്മീഷൻ
ഫോൺ - 9447545460, 04936-289042
Email: frbabum@gmail.com,

# അറിയിപ്പുകൾ



## ALPHA EDUCATIONAL AND CHARITABLE TRUST

Diocese of Thamarassery, Ph: 0495-2252180, 9745745060

മലയോര മേഖലകളിലെ യുവജനങ്ങളെ ഗവ/അർദ്ധ ഗവ./ പൊതുമേഖല സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിനുള്ള പരീക്ഷകൾ എഴുതുന്നതിന് പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ 2010 ലാണ് ആൽഫ അക്കാദമി ആരംഭിച്ചത്. PSC, BANK, SET, TET, Entrance Coaching, Civil Service Foundation Course തുടങ്ങി 22 ഓളം കോഴ്സുകൾ ആൽഫ അക്കാദമിയുടെ 4 സെന്ററുകളിലായി നടക്കുന്നു.

മലബാർ മേഖലയിൽ വിദേശ ഭാഷാ പരിശീലനത്തിന് ഒരു നല്ല സെന്റർ ഇല്ലാത്തതിനാൽ പലരും ദൂരസ്ഥലങ്ങളിൽ പോയാണല്ലോ പരിശീലനം നടത്തുന്നത്. ഈ കുറവ് പരിഹരിക്കുന്നതിനായി താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ ആൽഫ അക്കാദമിയുടെ കുന്ദമംഗലം സെന്ററിൽ വിദേശഭാഷാ പരിശീലനം ആരംഭിക്കുകയാണ്.

German, Italian, French, English (IELTS), Arabic എന്നീ ഭാഷകളിലാണ് പരിശീലനം നടത്തുന്നത്. ബഹുമാനപ്പെട്ട വൈദികർക്കും, സിസ്റ്റേഴ്സിനും, യുവജനങ്ങൾക്കും വിദേശത്ത് പഠിക്കുന്നതിനും, തൊഴിൽ ചെയ്യുന്നതിനും സഹായിക്കുന്ന A1, A2 Level (German, Italian, French) പരിശീലനമാണ് ആൽഫയിൽ നൽകുക. പഠിതാക്കൾക്ക് എളുപ്പമുള്ള രീതിയിലാണ് സമയക്രമീകരണം നടത്തിയിരിക്കുന്നത്.

| | | |
|---|---|---|
| 1. Morning Batch | : | 7.00 am - 8.30 am (Monday to Friday) |
| 2. Evening Batch | : | 5.30 pm - 7 pm (Monday to Friday) |
| 3. Weekend Batch | : | 10.00 am - 4.00 pm (Sundays & Second Saturdays) |
| 4. Intensive Course | : | 2014 May 12th to 2014 June 10th 10.00 am - 4.00 pm (Sunday Holiday) |

**ഫാ. തോമസ് പുതിയാപറമ്പിൽ**
ഡയറക്ടർ ALPHA

## LITURGICAL RESEARCH CENTRE OF THE SYRO-MALABAR CHURCH

## സീറോ-മലബാർ റിസർച്ച് സെന്റർ പുരസ്ക്കാരം

## റവ. ഫാ. ജോർജ്ജ് കനീഷ്യസ് കച്ചിറമറ്റം സി. എം. ഐ. യ്ക്ക്



കൊച്ചി, മൗണ്ട് സെന്റ് തോമസ്: സീറോമലബാർ സഭയുടെ ഗവേഷണ പഠനങ്ങൾക്കായി സ്ഥാപിതമായിട്ടുള്ള ലിറ്റർജിക്കൽ റിസർച്ച് സെന്റർ അവാർഡിന് റവ.ഫാ. ജോർജ്ജ് കനീഷ്യസ് കച്ചിറമറ്റം സി.എം.ഐ.യെ തിരഞ്ഞെടുത്തു. സിനഡിന്റെ അംഗീകാരത്തോടെ റിസർച്ച് സെന്റർ ചെയർമാൻ ബിഷപ്പ് മാർ പോളി കണ്ണൂകാടനാണ് അവാർഡ് പ്രഖ്യാപനം നടത്തിയത്. ഇരുപത്തയ്യായിരം രൂപയും കീർത്തിപത്രവും ഫലകവും അടങ്ങിയതാണ് പ്രസ്തുത അവാർഡ്.

പൗരസ്ത്യവും, ഭാരതീയവുമായ ക്രൈസ്തവ പൈതൃക പരിപോഷണാർത്ഥം ദൈവശാസ്ത്രം, ആരാധനക്രമം, ആദ്ധ്യാത്മികത, ചരിത്രം, ശിക്ഷണക്രമം, സാഹിത്യം, കല, സാംസ്കാരികം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകുന്ന സീറോ-മലബാർ സഭാംഗത്തിനായിട്ടാണ് ഈ അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്.

സീറോ-മലബാർ സഭ 'മിഷൻ വർഷ'മായി 2011-2012 ആചരിച്ചതിന്റെ പശ്ചാതലത്തിൽ പ്രേഷിതരംഗത്ത് മികച്ച സംഭാവനകൾ നൽകിയ സീറോ-മലബാർ മിഷനറി എന്ന നിലയിലാണ് കനീഷ്യസ് അച്ചൻ പുരസ്ക്കാരത്തിന് അർഹനായത്. 'മറാത്തി ഫാദർ', 'പഹാഡ് മിഷന്റെ പിതാവ്', 'ഛാന്ദായിലെ പൗലോസ് അപ്പസ്തോലൻ' എന്നീ അപരനാമങ്ങളിൽ അറിയപ്പെടുന്ന ഈ മിഷനറി സീറോ-മലബാർ സഭയുടെ ആദ്യത്തെ മിഷൻ രൂപതയായ ഛാന്ദാ രൂപതയുടെ സുവർണ്ണ ജൂബിലിയാഘോഷവേളയിലാണ് പ്രേഷിതരംഗത്തെ നിസ്തുല സേവനത്തിനുള്ള സീറോ-മലബാർ സഭയുടെ അവാർഡും പ്രശസ്തിപത്രവും സ്വന്തമാക്കുന്നത്.

ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, മാർ ബോസ്കോ പുത്തൂർ, മാർ ജോസഫ് കല്ലറങ്ങാട്ട്, ഫാ. ഡോ. ജോസ് പാലക്കീൽ,

ഫാ. ഡോ. പോളി മണിയാട്ട് എന്നിവരുൾപ്പെടുന്ന പ്രത്യേക സമിതിയാണ് എൽ.ആർ.സി.യുടെ നാലാമത്തെ പുരസ്ക്കാരത്തിനായി കനീഷ്യസ് അച്ചനെ ഔദ്യോഗികമായി തിരഞ്ഞെടുത്തത്.

ഈ അവാർഡ് വിശ്വാസവർഷാചരണത്തിന്റെ സമാപനത്തോടനുബന്ധിച്ച് നടത്തപ്പെടുന്ന ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ 48–ാമതു സെമിനാറിന്റെ സമാപന ദിവസമായ 2013 നവംബർ 7–ന് വ്യാഴാഴ്ച മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് കർദ്ദിനാൾ ആലഞ്ചേരി ബഹു. കനീഷ്യസ് അച്ചന് സമർപ്പിക്കും. റിസർച്ച് സെന്റർ ചെയർമാൻ മാർ പോളി കണ്ണൂകാടൻ, സിനഡ് പ്രതിനിധി മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ, എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ഡോ. പീറ്റർ കണ്ണമ്പുഴ, എന്നിവർ ആശംസകൾ അർപ്പിക്കുന്നതാണ്.

1936–ൽ പാലാ രൂപതയിൽ രാമപുരം ഇടവകാംഗമായി ജനിച്ച കനീഷ്യസ് അച്ചൻ സി.എം.ഐ. സഭാംഗമായി 1964–ൽ തിരുപ്പട്ടം സ്വീകരിച്ചു. 1966 മുതൽ ഛാന്ദാ രൂപതയിൽ എത്തി പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെട്ട് മിഷനറിയായി സേവനം ചെയ്ത് പോരുന്നു. വറൂർ, പട്ടകുട, ഷേൻഗാവ്, വണി, ജിവതി എന്നീ മിഷൻ സെന്ററുകൾക്ക് രൂപം കൊടുക്കുകയും വീരൂർ, കൊപ്രേലി, അള്ളാപള്ളി, ഗോമിനി, എന്നിവിടങ്ങളിൽ സ്തുത്യർഹമായ സേവനമനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്.

സാമ്പത്തികമായി വളരെ പിന്നോക്കം നിന്നിരുന്ന ഈ സെന്ററുകളിൽ ദാരിദ്ര്യനിർമ്മാർജനത്തിനായി അനേകം പേർക്ക് ഉപജീവനമാർഗ്ഗം കാണിച്ചുകൊടുത്തുകൊണ്ട് സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആദിവാസികളുടെയും നിർദ്ദനരുടെയും കുടിലുകൾ സന്ദർശിച്ച് രോഗികൾക്കും ഒറ്റപ്പെട്ടു കഴിഞ്ഞിരുന്ന വൃദ്ധർക്കും സാന്ത്വനമേകിയ 'കാൽനട സഞ്ചാരി'യായ മിഷനറി എന്നാണ് തദ്ദേശവാസികൾ അച്ചനെ വിളിക്കുന്നത്. നിരക്ഷരരായ ഈ നാട്ടുകാരുടെ സർവ്വാത്മനാ പുരോഗതിയ്ക്ക് വിദ്യാഭ്യാസം സർവ്വ പ്രധാനമെന്ന് മനസ്സിലാക്കിയ ഈ മിഷനറി വര്യൻ അക്ഷര ലോകത്തിലേയക്ക് അവരെ ആനയിച്ച വഴിവിളക്കായി ഇന്നും ശോഭിക്കുന്നു.

തന്റെ ജീവിതവും പ്രവർത്തനവുംവഴി അനേകരെ വിശ്വാസജീവിതത്തിലേയക്ക് കൊണ്ടുവന്ന പ്രിയങ്കരനായ ഈ ക്രിസ്തു സാക്ഷി ഛാന്ദാ രൂപതയുടെ ബെസ്ററ് മിഷനറി അവാർഡും ഇതിനോടകം സ്വന്തമാക്കിയിട്ടുണ്ട്.

**Fr. Dr. Peter Kannampuzha**
Executive Director, Liturgical Research Centre




# Programme

## Pastoral Centre, Dwaraka
**November 2013**

| | | |
|---|---|---|
| 01 F | - | Zion CRC: Night Vigil |
| 03 S | - | Zion CRC: Prayer Day |
| 03 S-06 W | - | Marriage Preparation Course |
| 04 M | - | CML Executive |
| 08 F | - | Jesus Youth Night Vigil |
| 09 S | - | Jesus Youth: Prayer Day |
| 10 S-14 T | - | Zion: Retreat |
| 12 T | - | CMA Joint Executive: Forane Directors & Animators,Womens Commission Representation |
| 15 F-18 M | - | Marriage Preparation Course |
| 16 S | - | HDC |
| 19 T | - | Marian Singles |
| 23S | - | HDC Gathering |
| 30 S | - | HDC |

**Fr. Mathew Periappuram**
Director, Pastoral Centre



# *Bishop's Programme*

## *November 2013*

| | |
|---|---|
| *01 Fri ....................* | *Good Shepherd Major Seminary, Kunnoth* |
| *02 Sat .....................* | *Mananthavady: KCYM Convention* |
| *03 Sun ....................* | *Mount Mary College: Benefactors' day* |
| *04 Mon 16 Sat .......* | *Philippines* |
| *17 Sun .....................* | *Perikelloor: Year of faith Conclusion* |
| *18 Mon ................* | *Mullenkolly: Priestly Ordination Deacon Joseph Parathanal OFM.Cap.* |
| *19 Tue ....................* | *Kallody : Vestition and First Profession of FCC Novices* |
| *20 Wed 22 Fri ........* | *Alappuzha* |
| *23 Sat. Morning....* | *Pastoral Centre: HDC Participants' Sangamam* |
| *Afternoon.....* | *Cheeyambam: Blessing of Chapel of MCBS Counseling Centre* |
| *24 Sun .................* | *Chungakunnu: Year of Faith conclusion* |
| *25 Mon ...............* | *Engaged* |
| *26 Tue .....................* | *Vestition and Profession of SKD Novices; Final Profession of SKD Junior Sisters & Silver Jubilee of SKD Sisters* |

| | |
|---|---|
| *27 Wed. Morning......* | *Thamarasssery* |
| *Afternoon .........* | *Mount Mary College: Seminary day* |
| *28 Thu ..................* | *Arattuthara: Blessing of newly built church* |
| *29 Fri ...................* | *Out of station* |
| *30 Sat. Morning.......* | *Velloonny : Cemetery Blessing* |
| *Afternoon......* | *Tellicherry. 50th Anniversary of the priestly ordination of Mar George Valiamattam* |

## *December 2013*

| | |
|---|---|
| *01 Sun .................* | *Engaged* |
| *02 Mon .................* | *Visitors' day* |
| *03 Tue. 4 Wed .........* | *Engaged* |
| *05 Thu ..................* | *Kenichira: School Anniversary* |
| *06 Fri .................* | *Out of station* |
| *07 Sat ..................* | *Pulpally: SABS Snehajwala Meet* |
| *08 Sun .................* | *Kabanigiri: Pastoral Visit* |
| *09 Mon. 14 Sat ......* | *Ernakulam: KCBC* |
| *15 Sun ..................* | *Elappeedika: Pastoral Visit* |
| *16 Mon .................* | *Visitors' day* |
| *17 Tue ..................* | *Nirmalagiri College, Kuthuparamba: Jubilee* |
| *18 Wed .................* | *Visitors' day* |
| *19 Thu. 20 Fri ........* | *Out of station* |
| *21 Sat ..................* | *Nirmalagiri College Kuthuparamba: Ex-alumni gathering* |
| *22 Sun .................* | *Kurumbalakotta: Pastoral Visit* |
| *23 Mon ................* | *Visitors' day* |
| *25 Wed ................* | *Christmas: Cathedral* |

| | | |
|---|---|---|
| *26 Thu* | ................ | *Palemad: Priestly Ordination: Deacon Philip Mekkatt* |
| *27 Fri* | ................... | *Out of Station* |
| *29 Sun* | .................. | *Kurumbala: Pastoral Visit* |
| *30 Mon* | ................ | *Kuttimoola: Priestly ordination of Deacon Anish Kattath* |
| *31 Tue* | ................... | *Poroor : Priestly ordination of Deacon Santo Ambalathara & Deacon Robin Karikkkatt MCBS* |

●